മലങ്കരസഭ


THE MALANKARA SABHA
MALAYALAM MONTHLY, Vol-64, Issue-8_ ₹20
AUGUST 2020



സ്വർഗ്ഗപുരേ ഏകസുതൻ ചാരേ -
നിർഗ്ഗതയായോളേ! കന്യേ!
ലോകത്തോടാർദ്രതയുണ്ടാവാൻ -
നാഥനൊടർത്ഥിക്കേണം നീ



സ്വാതന്ത്ര്യദിനാശംസകൾ


മാർത്തോമ്മാ സിംഹാസനത്തിൽ ആരൂഢനാകും പിതാവേ,
കിഴക്കിന്റെയൊക്കെയും ആമോദമായ്
വന്ദ്യ കാതോലിക്കാ വാഴ്ക നീണാൾ...
പരിശുദ്ധ പിതാവിന് ജന്മദിനാശംസകൾ....
മലങ്കരസഭ മാസിക

മലങ്കരസഭ
ESTD. 1946
മാസിക

മലങ്കരസഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം . 2020 ഓഗസ്റ്റ്. ലക്കം 8 . പുസ്തകം 64 . വില ₹ 20

ആദ്യമാതാവായ ഹവ്വയുടെ കാതിലൂടെയാണ്
സാത്താന്റെ വചനം അവളിലേക്ക് പ്രവേശിക്കുക.
രണ്ടാം ഹവ്വയായ കന്യകമറിയാമിന്റെ കാതിലൂടെയാണ്
ഗബ്രിയേൽ ദൈവത്തിന്റെ വചനം വിതയ്ക്കുക.
സെറൂഗിലെ യാക്കോബിന്റെ കവിതയിലെ വരികളാണ്.

കാതും കേൾവിയും ഏറെ ശ്രദ്ധിക്കേണ്ടതാണ്.
അനുസരണത്തിന്റെയും അനുസരണക്കേടിന്റെയും വഴികൾ
തിരുവെഴുത്തിൽ തെളിയുക കേൾവിയിലൂടെയാണ്.
പറഞ്ഞാൽ കേൾക്കലല്ല, പിന്നെയോ പറയാതെ കേൾക്കലാണ്
അനുസരണം എന്നു പറയാറില്ലേ.
പറഞ്ഞാൽ കേൾക്കുന്നവരുടെ കാലത്ത് നാട് മുടിഞ്ഞുപോകുമെന്നും
പറഞ്ഞാൽ കേൾക്കുന്നവനെ കണ്ടാൽ കുളിക്കണമെന്നുമൊക്കെയല്ലേ പഴഞ്ചൊല്ലുകൾ!

ഒന്നാം ആദം ഏദൻ തോട്ടത്തിൽ വെച്ച് ദൈവം പറഞ്ഞിട്ടും കേട്ടില്ല.
രണ്ടാം ആദം ഗത്സമേന തോട്ടത്തിൽ വെച്ച്
ദൈവഹിതമെന്തെന്ന് പറയാതെ കേട്ടു.

കേട്ടുകേൾവികളുടെയും കിംവദന്തികളുടെയും പെയ്ഡ് ന്യൂസുകളുടെയും
പുതിയ കാലത്ത് നമ്മുടെ കേൾവി ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്.
ഭാരതീയ ദർശനപ്രകാരം ശരീരത്തിന്റെ ഒമ്പതു വാതിലുകളിൽപെട്ടതാണ് ചെവികൾ.
നവദ്വാരങ്ങളെയും ജാഗ്രതയോടെ കാക്കുന്നവന്റെ ഉള്ളിലാണ്
വീര്യം നിറയുക, ശാന്തിയുണ്ടാവുക എന്നാണ് പ്രമാണം.
നമ്മുടെ പ്രാർത്ഥനാശീലുകളിലൊന്നിങ്ങനെയാണ്.
'ശീലിപ്പിക്കെന്നെ നാഥാ! നിൻ കല്പനയെല്ലാം പാലിച്ചുകൊണ്ട്
ഈ മൺപാത്രത്തിലെ നിധി കവർന്നു പോകാതിരിപ്പാൻ
എന്റെ ശരീരത്തിന്റെ വാതിലുകൾക്ക് കാവൽക്കാരെ നിയമിക്കണമേ!'

അമ്മയോർമ്മകളെ പ്രതിയുള്ള ഈ നോമ്പുകാലം
അടക്കത്തോടും ഭയത്തോടും വണക്കത്തോടും സുവിശേഷത്തിനു
ചെവികൊടുപ്പാൻ നമ്മെ വീണ്ടുമൊരുക്കുന്നതാകണം.
അതുമാത്രമാണ്,
സത്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും സമാധാനത്തിലേക്കുമുള്ള
വിനയത്തിന്റെ രാജപാത!

സഖേർ

പ്രസിഡന്റ്
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
ചീഫ് എഡിറ്റർ
ഫാ. സഖറിയ നൈനാൻ ചിറത്തലാട്ട്
മാനേജിങ് എഡിറ്റർ
ഫാ. ഷാലു ലൂക്കോസ് തിരുമംഗലം
സബ് എഡിറ്റർ
ഫാ. അലക്സ് തോമസ് നാഴൂരിമറ്റത്തിൽ

മലങ്കരസഭ മാസിക
കാതോലിക്കേറ്റ് അരമന,
ദേവലോകം,
കോട്ടയം-04
ഫോൺ: 0481- 2573234

അംഗങ്ങൾ
ഫാ.ഡോ.റ്റി.ജെ. ജോഷ്വാ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
അഡ്വ.ബിജു ഉമ്മൻ
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

മൊബൈൽ: 9744648617, 9947804477, ഇ.മെയിൽ: malankarasabha1946@gmail.com, sabhamasika@yahoo.com,

MALAYALAM MONTHLY, AUGUST 2020 Vol-64, Issue-4
മലങ്കരസഭ
THE MALANKARA SABHA





പംക്തികൾ

മുഖചിത്രം,കല
ആമേക, കൊച്ചി

സർക്കുലേഷൻ മാനേജർ
കെ.എ. ജോൺ
9744648617
അക്കൗണ്ട്
ബിജു വർക്കി
9947804477
ഗ്രാഫിക് ഡിസൈനർ
ജിന്റോ കറിച്ചി
9947124980

Bank
S.B.I Devalokam, Account Name
& Number- Malankara Sabha
(57017053203)
IFSC Code - SBI N 0070820



സ്വാതന്ത്ര്യദിനാശംസകൾ




മഹാപുരോഹിത സന്ദേശം

വിശുദ്ധിയുടെ സുഗന്ധം അനസ്യൂതം പ്രവഹിപ്പിച്ചുകൊണ്ടിരിക്കുന്ന നിർമ്മലമായ സ്വർഗ്ഗീയ പനിനീർപുഷ്പമാണ് പ. കന്യക മറിയാം. ദൈവപുത്രന്റെ അമ്മയാകാനുള്ള ദിവ്യ നിയോഗം ദാസീഭാവത്തോടെ സ്വീകരിച്ച നിമിഷം മുതൽ ദൈവദൂതന്മാരുടെ അകമ്പടിയോടെ സ്വർഗ്ഗത്തിലേക്ക് തന്റെ ഭൗമിക ശരീരം കരേറ്റപ്പെടുന്ന നിമിഷം വരെയുള്ള കന്യകമാതാവിന്റെ ധന്യമായ ജീവിതത്തെ മലയാളത്തിന്റെ ശ്രേഷ്ഠനായ എഴുത്തുകാരൻ ശ്രീ. കെ. പി. അപ്പൻ വിശേഷിപ്പിച്ചത് 'മധുരമീ ജീവിതം' എന്ന ആഴമുള്ള വാക്കുകൾ കൊണ്ടാണ്. ഏതൊരു വിശ്വാസിക്കും ദൈവരാജ്യ പ്രവേശനത്തിനുള്ള ആത്മീയ ജീവിതപാഠങ്ങൾ പ്രദാനം ചെയ്യുന്ന പാഠപുസ്തകമാണ് വി. ദൈവമാതാവിന്റെ ജീവിതം. ദേവാലയ നന്മകളാൽ പരിപോഷിപ്പിക്കപ്പെട്ട ബാല്യവും ആരാധനാ ജീവിതനിഷ്ഠകളാൽ പരുവപ്പെട്ട കൗമാരവും ദൈവപുത്രന് ഉതകുന്ന ഗേഹമായി ശുദ്ധിമതിയായ കന്യകയെ രൂപപ്പെടുത്തി എന്ന വസ്തുത നമ്മെ നിത്യം പ്രചോദിപ്പിക്കേണ്ടതാണ്. ദൈവനിയോഗങ്ങളോടുള്ള ആഴമേറിയ സമർപ്പണവും അവസാനത്തോളം അതിൽ സ്ഥിരതയോടെ നിലനിൽക്കുവാൻ പുലർത്തിയ വിശ്വാസത്തിന്റെ ഉറപ്പും ദൈവമാതാവിനെ സമാനതകളില്ലാത്ത ആത്മീയ ജീവിതത്തിന് ഉടമയാക്കുന്നു. കാനാവിൽ ക്രിസ്തു ചെയ്ത അത്ഭുതം മാതാവിന്റെ ഹൃദയത്തിന്റെ ആർദ്രതയുടെയും കരുണയുടെയും മദ്ധ്യസ്ഥതയുടെയും പ്രതിഫലനംകൂടിയാണെന്ന തിരിച്ചറിവും നമുക്ക് വെളിച്ചം പകരണം. 'അവനെന്തെങ്കിലും കൽപിച്ചാൽ അതുപോലെ ചെയ്യുണ'മെന്ന ദൈവമാതാവിന്റെ വാക്കുകൾ ദൈവവചന കേന്ദ്രീകൃതമായ ജീവിതശൈലിയിലേക്ക് നമ്മെ ക്ഷണിക്കുന്നുണ്ട്. ഹൃദയത്തിലൂടെ വാൾകടന്നുപോയ സഹനങ്ങളുടെ വിനാഴികകളിലും ആശ്വാസത്തിന്റെ മഹാപ്രവാഹമായി ദൈവപുത്രന്റെ കുരിശിൻചുവട്ടിൽ നിലകൊള്ളുന്ന മാതാവിന്റെ ചിത്രം നമ്മുടെ ജീവിതത്തിന്റെ പ്രതിസന്ധികളിൽ നമ്മെ ശക്തിപ്പെടുത്തുവാൻ പര്യാപ്തമാണ്. അതുകൊണ്ടാവണം വിയോഗത്തിന്റെ വേദനകൾക്കിടയിലും യേശുതമ്പുരാൻ അമ്മയെ ആലോചിക്കുന്നതും പ്രിയ ശിഷ്യന് അവളെ ഭരമേൽപ്പിക്കുന്നതും. ദൈവമാതാവായിരുന്നിട്ടുകൂടി ഏറെ ആത്മദാഹത്തോടെ പരിശുദ്ധ പെന്തിക്കോസ്തി പെരുന്നാളിൽ ശിഷ്യസമൂഹത്തോടൊപ്പം കാത്തിരുന്ന് പ്രാർത്ഥിക്കുന്ന അമ്മയുടെ ചിത്രവും നമ്മുടെ സഭാജീവിതത്തിന് കൂടുതൽ കരുത്ത് പകർന്നുതരുന്നുണ്ട്. ശുദ്ധിമതിയായ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിനോടൊപ്പം നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യദിനവും മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ കാതോലിക്കേറ്റിന്റെ രൂപീകരണത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ച പ. അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ ഓർമ്മയും നാം ആചരിക്കുമ്പോൾ മറിയാമിന്റെ പാട്ടിലൂടെ അവൾ കോറിയിട്ട ക്രിസ്തുയേശുവിലുള്ള യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെയും ദരിദ്രന്റെ വിമോചനത്തിന്റെയും അഹങ്കാരിയുടെ പതനത്തിന്റെയും പീഡിതന്റെ ഉയർപ്പിന്റെയും ഉന്നത സന്ദേശങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് നമ്മുടെ സഭാ ജീവിതവും സമൂഹ ജീവിതവും കൂടുതൽ നന്മയുള്ളതാക്കി തീർക്കുവാൻ ഈ ശൂനോയോ നോമ്പ് ആചരണം മുഖാന്തിരമായിത്തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ





1934

സഭാ സമാധാനം: നിയമവിധേയമായും നീതിബോധത്തോടെയും

■ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്

മലങ്കര സഭയിലെ തർക്കം അവസാനിപ്പിച്ചുകൊണ്ട്, വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങിയ അന്തിമ വിധിതീർപ്പ് ബഹു. സുപ്രീം കോടതി നൽകിയിട്ട് മൂന്ന് വർഷം പിന്നിട്ടിരിക്കുന്നു. എന്നാൽ മലങ്കര സഭയിലെ എല്ലാ ദേവാലയങ്ങളിലും കോടതി വിധിയുടെ നടത്തിപ്പ് ഇനിയും പൂർത്തിയായിട്ടില്ല. ഏകദേശം നൂറ്റിനാല്പതിലധികം വർഷം പഴക്കമുള്ള സമുദായ കേസിന്റെ അന്ത്യം കുറിച്ചുകൊണ്ട് ഭാരതത്തിന്റെ പരമോന്നത നീതിപീഠം നൽകിയിരിക്കുന്ന വിധിന്യായങ്ങളുടെ നടത്തിപ്പിന് അതിന്റേതായ കാലതാമസം ഉണ്ടാകുമെന്നത് വിസ്മരിച്ചു കൂടാ. വിധി നടത്തിപ്പ് പൂർത്തിയാക്കി സഭയിൽ ഐക്യവും സമാധാനവും ഉണ്ടാക്കുന്ന പ്രക്രിയയുമായി മുന്നോട്ട് പോകുമ്പോൾ വിശ്വാസികളുടെ ഇടയിൽ ആശങ്കകളും ആശയക്കുഴപ്പങ്ങളും സൃഷ്ടിക്കുവാൻ പലതരത്തിലുള്ള ശ്രമങ്ങൾ ചില പ്രത്യേക കേന്ദ്രങ്ങളിൽനിന്ന് ഉണ്ടാകുന്നുവെന്നത് സങ്കടകരമായ യാഥാർത്ഥ്യമാണ്. കോടതി വിധി ഉണ്ടായ സമയം മുതൽ (2017 ജൂലൈ 3) വ്യാജവാർത്തകൾ സൃഷ്ടിച്ചും വിശ്വാസികളുടെ ഇടയിൽ ആശയകുഴപ്പം ഉണ്ടാകത്തക്കരീതിയിൽ പുതിയ പുതിയ വ്യഖ്യാനങ്ങൾ രൂപപ്പെടുത്തിയും വിധിനടത്തിപ്പിനെതിരെ ആൾക്കൂട്ടത്തെ ഇറക്കിയും വിധി നടപ്പാക്കേണ്ട സർക്കാരിനെ വിവിധ മാർഗ്ഗങ്ങളിലൂടെ സ്വാധീനിച്ചും ശാശ്വതസമാധാന കാംക്ഷികളെന്ന നിലയിൽ വിഷയ ഗൗരവമറിയാത്ത നിർദ്ദോഷികളെ രംഗത്തിറക്കിയും സഭയിൽ തുടർച്ചയായി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന രീതികളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ളവയോട് ദൈവാശ്രയത്തിലും ക്രിയാത്മകമായും പ്രതികരിക്കുകയല്ലാതെ കെണികളിൽ വീഴുവാൻ മലങ്കര സഭയ്ക്ക് ഇനിയും ഇടയാകരുതെന്നാണ് പ്രാർത്ഥന.

2017 ജൂലൈ 3-ന് ഉണ്ടായ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി മലങ്കര സഭയിലെ തർക്കവിഷയങ്ങൾക്കെല്ലാം വ്യക്തമായ മറുപടി നൽകിയാണ് അവസാനിപ്പിച്ചിരിക്കുന്നത്. അതു പാത്രിയർക്കീസ് വിഭാഗം ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ച കേസിന്റെ വിധിയുമാണ്. വാദസമയത്ത്, തർക്കങ്ങൾ പരസ്പരം ചർച്ച ചെയ്ത് പരിഹരിച്ചുകൂടെ എന്ന് ബഹു. കോടതി ആരാഞ്ഞപ്പോൾ ഓർത്തഡോക്സ് വിഭാഗം അതിന് സമ്മതിച്ചുവെങ്കിലും കോടതിയോട് പരിപൂർണ്ണ വിശ്വാസമുള്ളതിനാൽ ചർച്ച വേണ്ട, വാദിച്ച് ലഭിക്കുന്ന വിധി അനുസരിച്ചുകൊള്ളാം എന്ന് പാത്രിയർക്കീസ് വിഭാഗം ബോധിപ്പിച്ചതാണ്. വിധി വന്നു കഴിഞ്ഞപ്പോൾ അവർതന്നെ അതിന്മേൽ പുനഃപരിശോധനാ ഹർജിയും ക്ലാരിഫിക്കേഷൻ ഹർജിയുൾപ്പെടെ നിയമപരമായി ചെയ്യുവാൻ അനുവാദമുള്ള എല്ലാ വഴികളും തേടിക്കൊണ്ട് ബഹു. സുപ്രീം കോടതിയെ സമീപിച്ചെങ്കിലും 2017 ജൂലൈ 3-ലെ വിധിന്യായം ആവർത്തിച്ച് ഉറപ്പിക്കുകയാണ് കോടതി ചെയ്തത്. വിധിന്യായത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ കേരള സർക്കാർ ശ്രദ്ധിച്ചിരുന്നുവെങ്കിൽ മലങ്കര സഭയിലെ കക്ഷിവഴക്ക് എന്നന്നേക്കുമായി അവസാനിക്കുകയും സഭയിൽ ശാശ്വതസമാധാനവും ഐക്യവും ഉണ്ടാകുകയും ചെയ്യുമായിരുന്നു.

മലങ്കര സഭയിൽ ജയിച്ച വിഭാഗവും തോറ്റ വിഭാഗവും ഇല്ല. രാജ്യനിയമങ്ങൾ അനുസരിച്ച് മലങ്കര സഭയുടെ പ്രധാനമേലധ്യക്ഷനു കീഴിൽ നിൽക്കുന്ന ഒരു വിഭാഗമേയുള്ളൂ. നിയമങ്ങൾ പാലിക്കാത്തവർ സഭയുടെ ഭാഗമാകുന്നില്ല. ബഹു. സുപ്രീംകോടതിയിൽ നിന്ന് ആദ്യമായി വന്നിരിക്കുന്ന ഒരു വിധിന്യായമല്ല 2017 ജൂലൈ 3-ൽ ഉണ്ടായത്. 1958-ലും 1995-ലും ബഹു. സുപ്രീംകോടതിയിൽ നിന്നും വിധിന്യായങ്ങൾ ഉണ്ടായപ്പോൾ പല ചർച്ചകളുടെ അടിസ്ഥാനത്തിലും കോടതിയുടെ ഇടപെടലുകൾമൂലവും ധാരാളം വിട്ടുവീഴ്ചകൾ മലങ്കര സഭ ചെയ്തിട്ടുള്ളതാണ്. 1958-ൽ പ. ഗീവർഗീസ് ദ്വിതിയൻ ബാവാ തിരുമേനി ചെയ്ത വിട്ടുവീഴ്ച്ചകൾ ആരും മറക്കുകയില്ല. നിയമപരമായി അവരോധിക്കപ്പെട്ട മലങ്കര മെത്രാപ്പോലീത്താ (പ. മാത്യൂസ് ദ്വിതീയൻ ബാവാ) സഭയുടെ ഐക്യത്തിനും ശാശ്വതസമാധാനത്തിനും വേണ്ടി സ്വയം സ്ഥാനത്യാഗം നടത്തി വീണ്ടും തിരഞ്ഞെടുപ്പിനെ നേരിട്ട സംഭവവും (2002) സ്ഥാനനാമം പോലും തൽക്കാലത്തേക്ക് തിരസ്ക്കരിച്ച് വിട്ടുവീഴ്ച്ച ചെയ്ത സംഭവവും വിസ്മരിക്കുവാൻ സമയമായിട്ടില്ല. ഇങ്ങനെ എത്രയോ വിട്ടുവീഴ്ച്ച കൾ സഭയിൽ ശ്വാശത സമാധാനത്തിനുവേണ്ടി ഉണ്ടായിരിക്കുന്നു! എന്നാൽ എല്ലാ വിട്ടുവീഴ്ചകളേയും അട്ടിമറിച്ച് നിയമവിധേയമല്ലാത്ത രീതിയിൽ ആക്രമണപരമ്പരകൾ അഴിച്ചുവിട്ടുകൊണ്ട് സഭയിൽ ഭിന്നത വർദ്ധിപ്പിച്ചതും വീണ്ടും വീണ്ടും വ്യവഹാരങ്ങൾ ഉണ്ടായതുമാണ് പരിണിതഫലം. അതുകൊണ്ടു സമാധാനം/ഐക്യം എന്ന ലക്ഷ്യത്തിനു വേണ്ടി നിയമകാര്യങ്ങളിൽ വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ട് വീണ്ടും ഭിന്നതകളും വ്യവഹാരങ്ങളും സൃഷ്ടിക്കുവാൻ മലങ്കര സഭ ആഗ്രഹിക്കുന്നില്ല. ബഹു. സുപ്രീംകോടതി അനുശാസിച്ചിരിക്കുന്ന വിധിപ്രസ്താവങ്ങൾ അനുസരിച്ച് സഭയുടെ ഭരണഘടനയ്ക്കു വിധേയമായി

ഒന്നായി നയിക്കപ്പെടുക എന്നതാണ് സഭയുടെ ആഗ്രഹം. ഒന്നായിരിക്കണമെന്ന ക്രൈസ്തവ ദൈവശാസ്ത്രം തന്നെയാണ് മലങ്കര സഭയുടെ അടിസ്ഥാന പ്രമാണം.

ഒരേ വിശ്വാസവും ആരാധനാ പാരമ്പര്യവും പുലർത്തുന്ന രണ്ട് സഭകളാണ് അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സ് സഭയും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും . അവയുടെ പ്രധാന മേലധ്യക്ഷന്മാരാണ് പരിശുദ്ധ പാത്രിയർക്കീസ് ബാവായും പരിശുദ്ധ കാതോലിക്കാബാവായും . അവരുടെ സ്ഥാനവും തെരഞ്ഞെടുപ്പും വാഴിക്കലുമൊക്കെ പരസ്പരപൂരകങ്ങളായ കാര്യങ്ങളാണ്. അത് മലങ്കര സഭാ ഭരണഘടനയിൽ വളരെ വ്യക്തമാണ്. മലങ്കര സഭാ ഭരണഘടന അനുശാസിക്കുന്ന പരസ്പര പൂരകത്വത്തിനും നിയമങ്ങൾക്കും വിരുദ്ധമായി പരിശുദ്ധ പാത്രിയർക്കീസ് ബാവാ പ്രവർത്തിക്കുന്നു എന്നതിനാലാണ് മലങ്കര സഭയിൽ ഭിന്നതകൾ ഉണ്ടാകുന്നത്. പരിശുദ്ധ പാത്രിയർക്കീസ് ബാവായെ മലങ്കര സഭ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യണമെങ്കിൽ രാജ്യനിയമത്തിനും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടനയ്ക്കും അദ്ദേഹം വിധേയനാകുന്നുവെന്ന നിയമപരിരക്ഷയും ഉറപ്പും മലങ്കര സഭയ്ക്ക് നിർബന്ധമായും ലഭിച്ചിരിക്കണം.

പരിശുദ്ധ അപ്രേം കരീം പാത്രിയർക്കീസ് ബാവ സ്ഥാനമേറ്റപ്പോൾ പുറപ്പെടുവിച്ച പ്രസ്താവനകളും എഴുത്തുകളും മലങ്കര സഭയ്ക്ക് വലിയ പ്രതീക്ഷകളാണ് നൽകിയത്. എന്നാൽ അദ്ദേഹത്തിന്റെ പ്രഥമ മലങ്കര സന്ദർശനം മുതൽ ഇന്നയോളമുള്ള പ്രവർത്തനങ്ങളും പ്രസ്താവനകളും പ്രതീക്ഷക്ക് ഒട്ടും വക നൽകുന്നതല്ല എന്നതാണ് യാഥാർത്ഥ്യം. പാത്രിയർക്കീസ് വിഭാഗത്തിലെ ഇപ്പോഴത്തെ നേതാക്കന്മാരൊക്കെ അതു തുറന്നു സമ്മതിക്കില്ലെങ്കിലും അവരുടെ ഉള്ളിലുള്ള ചിന്തയും ഇതാണെന്നാണ് കരുതുന്നത്. അതുകൊണ്ടാണ് "ഈ ഇരുമ്പുനുകം എത്രനാൾ സഹിക്കേണ്ടിവരും" എന്ന പ്രസ്താവനപോലും അവരുടെ ചില പ്രധാന നേതാക്കന്മാർ രേഖാപരമായിത്തന്നെ ഇറക്കിയിട്ടുള്ളത്. സമീപകാലത്തായി ക്നാനായ വിഭാഗത്തിൽ രൂപം കൊണ്ട തർക്കങ്ങളും സമൂഹം അറിഞ്ഞതാണ്. പ. അന്ത്യോഖ്യ പാത്രീയർക്കീസന്മാരുടെ ലക്ഷ്യമെന്തെന്ന് ഉത്തമ ബോധ്യമുള്ളതിനാൽ മലങ്കര സഭയുടെ ഭരണഘടനയും ഭാരതത്തിലെ നീതിന്യായ കോടതികൾ നൽകിയിരിക്കുന്ന നിയമവും അനുസരിക്കുന്നവർക്ക് മാത്രമേ മലങ്കര സഭയിൽ സ്ഥാനമുണ്ടാവുകയുള്ളൂ എന്ന് വീണ്ടും ഉറപ്പിക്കേണ്ടിയിരിക്കുന്നു. അതിനപ്പുറമായ ഒരു ചിന്ത ആർക്കെങ്കിലും ഉണ്ടെങ്കിൽ ചർച്ചകളും ചർച്ചയ്ക്ക് നേതൃത്വം കൊടുക്കുവാൻ തയ്യാറാണെന്ന് പറയുന്നവരും ലക്ഷ്മണരേഖയ്ക്ക് അപ്പുറത്ത് നിൽക്കുന്നത് തന്നെയാണ് ഉചിതം.

പള്ളി കൈയ്യേറ്റവും പള്ളി പിടിച്ചെടുക്കലും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വഭാവമോ ശൈലിയോ അല്ല. പിന്നെയോ 1972 മുതൽ പാത്രിയർക്കീസ് വിഭാഗം കൈയ്യേറുകയും പിടിച്ചെടുക്കുകയും ചെയ്ത പള്ളികൾ ബഹു. സുപ്രീംകോടതി അംഗീകരിച്ച് നൽകിയിരിക്കുന്ന സഭാ ഭരണഘടനയ്ക്ക് വിധേയമാക്കി മാറ്റുകയാണ് ലക്ഷ്യം. ബഹു. സുപ്രീംകോടതി വിധി പ്രകാരം മലങ്കര സഭയുടെ പള്ളികളിലും പള്ളി അനുബന്ധ കാര്യങ്ങളിലും സമാന്തര ഭരണം പാടില്ല. ഏകമായിരുന്ന മലങ്കര സഭയിലെ ദേവാലയങ്ങൾ കൈയ്യൂക്കിന്റേയും അക്രമത്തിന്റേയും മാർഗം സ്വീകരിച്ച് 1972 മുതൽ പാത്രിയർക്കീസ് വിഭാഗം കൈയ്യടക്കുകയും പിടിച്ചെടുക്കുകയും ചെയ്തവയാണ്. അവയാണ് സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ നിയമത്തിനു കീഴിൽ നിലനിർത്തുവാൻ കോടതി പലതവണ ആവശ്യപ്പെട്ടിരിക്കുന്നതും അതിനായി സഭ ശ്രമിക്കുന്നതും. അരനൂറ്റാണ്ടിലധികമായി നിയമപോരാട്ടങ്ങൾ നടത്തി ദേവാലയങ്ങൾ നിയമവിധേയമാക്കുന്നതിനെ പള്ളിക്കൈയ്യേറ്റമെന്നും പള്ളി പിടിച്ചെടുക്കലെന്നുമൊക്കെ വിളിക്കുന്നത് അങ്ങനെ ചെയ്ത് ശീലമുള്ളവരാണ്.

മലങ്കര സഭാ ഭരണഘടനയും പാരമ്പര്യവും അനുസരിച്ച് ഇടവകയ്ക്കുവേണ്ടി സ്വരൂപിക്കുന്ന സ്വത്തുക്കളും സ്ഥാപനങ്ങളും ഇടവകയുടേത് തന്നെയാണ്. അവയുടെ എല്ലാ വിധത്തിലുമുള്ള കാര്യവിചാരകത്വവും കൊടുക്കൽ വാങ്ങലും എല്ലാം നിർവ്വഹിക്കുന്നത് ഇടവക യോഗത്തിന്റെ തീരുമാനപ്രകാരം മാത്രമാണ്. ഇടവകാംഗങ്ങൾക്ക് ഇടവകയോഗാംഗ ങ്ങളാകുവാനുള്ള മാനദണ്ഡങ്ങൾ സഭയുടെ ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ചാൽ തുല്യതയോടെ എല്ലാ വിശ്വാസികൾക്കും ഇടവകയോഗത്തിൽ പങ്കെടുക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. പാത്രീയർക്കിസ് പക്ഷം കൈവശം പിടിച്ചുവെച്ചിരിക്കുന്ന ചില പള്ളികളിൽ ഇപ്പോൾ നടന്നുവരുന്നത് പോലെ ചില പ്രമാണികൾക്ക് മാത്രമുള്ളതല്ല ഈ അവകാശം. മലങ്കര സഭയിൽ ഇടവകയുടെ സ്വത്തുകളോ പ്രവർത്തനങ്ങളോ സംബന്ധിച്ച് ദുർവിനിയോഗങ്ങളോ അഴിമതിയോ ഉണ്ടാകുന്നു എന്ന പരാതി ലഭിക്കുമ്പോൾ മാത്രമാണ് ഇടവക മെത്രാപ്പോലീത്തയോ മലങ്കര മെത്രാപ്പോലീത്തയോ അതിൽ ഇടപെടുന്നതും കാര്യനിർവഹണങ്ങൾ നിയമവിധേയമാക്കുന്നതും. പള്ളിയോ പള്ളിവക സ്വത്തുക്കളോ എപ്പോഴും ഇടവകക്കാരുടേത് തന്നെയാണ്. ബഹു. സുപ്രീംകോടതി അംഗീകരിച്ച് നൽകിയിരിക്കുന്ന 1934-ലെ ഭരണഘടന അനുസരിച്ച് വിശ്വാസികൾ വികാരിമാരോട് ചേർന്ന് അവയുടെ കാര്യവിചാരകത്വം നിർവ്വഹിക്കണമെന്ന് മാത്രം. ഇതിനു വിരുദ്ധമായി ഉണ്ടാകുന്ന പ്രചാരണങ്ങളൊക്കെ വിശ്വാസികളെ കബളിപ്പിക്കുവാൻ വേണ്ടിയുള്ളതാണ്.

നിയമം അനുസരിക്കാത്ത ചില ആളുകൾ പള്ളികൾ കൈയ്യേറി പിടിച്ചെടുത്തശേഷം ദീർഘവർഷങ്ങളായി അഴിമതിയിലൂടേയും കൊള്ളിവയ്പിലൂടേയും ഭരണം കൈയ്യാളിയപ്പോൾ അതിന്റെ ഗുണഭോക്താക്കളായി ചില ദേശവ്യാപാരികളും രാഷ്ട്രീയക്കാരും നിയമജ്ഞരും നിയമപാലകരും ഭരണകർത്താക്കളുമൊക്കെ മാറിയിട്ടുണ്ടെന്നത് പരസ്യമായി വിളിച്ചുപറയുവാൻ സാധിക്കാത്ത ചില യാഥാർത്ഥ്യങ്ങളാണ്. ദീർഘനാളുകളിലെ വ്യവഹാരങ്ങളുടെ ഫലമായി നീതിന്യായ കോടതി പുറപ്പെടുവിച്ച വിധി നടപ്പിലാക്കി പള്ളികളിൽ നിയമം പുനഃസ്ഥാപിക്കുന്നതുവഴി പള്ളികൾക്കോ വിശ്വാസത്തിനോ പള്ളി ആചാരങ്ങൾക്കോ വിശ്വാസികൾക്കോ എന്ത് നാശമാണ് സംഭവിക്കുന്നത്? അടുത്ത കാലത്തായി ഒരു സ്ഥലത്തെ "മതമൈത്രിക്കാർ" കോടതിയിൽ സഭാക്കേസിൽ കക്ഷി ചേരാൻ ചെന്നപ്പോൾ കോടതിയുടെ പ്രതികരണം മാധ്യമങ്ങൾ വഴി ഏവരും മനസിലാക്കിയതാണ്. "മെത്രാൻ കക്ഷികൾ പള്ളി പിടിച്ചെടുക്കാൻ വരുന്നു" എന്ന് ബഹളമുണ്ടാക്കുമ്പോൾ അതിലെ സത്യാവസ്ഥ മനസിലാക്കുവാൻ ശ്രമിക്കാതെ വിഘടിത വിഭാഗത്തിന് പിന്താങ്ങൽ നൽകുന്ന സ്വാർത്ഥമതികളായ രാഷ്ട്രീയ നേതാക്കന്മാരുടേയും "മതമൈത്രി സംഘങ്ങളുടേയും" നിയമജ്ഞന്മാരുടേയും മതനേതാക്കന്മാരുടേയും എന്തിനോ വേണ്ടി തെറ്റുകൾക്ക് അമിതമായ വാർത്താപ്രാധാന്യം നൽകുന്ന ചില മാധ്യമ പടയാളികളുടേയും (ഇങ്ങനെ ചെയ്യുന്ന ആളുകളെ മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നത്) പ്രവർത്തനങ്ങൾ കാണുമ്പോൾ "പണത്തിനു മീതെ പരുന്തും പറക്കില്ല" എന്ന പഴമൊഴി മാത്രമാണ് ഓർമ വരുന്നത്. സമൂഹത്തിൽ നിയമം നടപ്പിലാക്കുന്നതിന് തടസമുണ്ടാക്കുന്ന ചില നിയമപാലകരുടെ (എല്ലാവരുമല്ല) പ്രവർത്തനരീതികൾ കാണുമ്പോൾ മറ്റെന്തെങ്കിലും പഴമൊഴി കൊണ്ട് അതിനെ നിർവ്വചിക്കുവാൻ പറ്റുമോ? എന്തായാലും ഒരു കാര്യത്തിൽ ഉറപ്പുണ്ട്. ഇന്ത്യ വ്യക്തമായ ഭരണഘടനയുള്ള ഒരു ജനാധിപത്യ രാജ്യമാണ്. അതിന് നിയമങ്ങളും അവ നടപ്പിലാക്കുവാനുള്ള സംവിധാനങ്ങളുമുണ്ട്. യഥാസമയത്ത് അത്

പ്രസിഡന്റ് തിരുമേനിയുടെ കത്ത്

വാത്സല്യമുള്ളവരേ,

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മുഖപത്രമായ 'മലങ്കരസഭ' മാസിക പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അനുഗ്രഹാശീർവാദങ്ങളോടെ 1946 ഓഗസ്റ്റ് 8-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നിന്നും പ്രസിദ്ധീകരണം ആരംഭിച്ചു. അന്നത്തെ അസോസിയേഷൻ സെക്രട്ടറിയായിരുന്ന എം.എം. വർക്കിയുടെ അശ്രാന്ത പരിശ്രമം മലങ്കര സഭാ മാസികയുടെ പ്രാരംഭ രൂപീകരണത്തിന് നിർണ്ണായകമായിരുന്നു. പ്രഥമ ചീഫ് എഡിറ്ററായിരുന്ന എം.സി. കുറിയാക്കോസ് റമ്പാച്ചന്റെ നിതാന്ത ജാഗ്രതയും ശ്ലാഘനീയമായ പ്രവർത്തനവും മൂലം ആരംഭകാലഘട്ടം മുതൽ മുടക്കമില്ലാതെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു എന്നത് പ. സഭ കൃതാർത്ഥതയോടെ ഓർക്കുന്ന സംഗതിയുമാണ്. പിന്നീട് നെടുമാവ് ജോർജ് അച്ചൻ മുതൽ റ്റി.ജി. സഖറിയാ അച്ചൻ തുടങ്ങിയവരുടെ കാലഘട്ടത്തിലൂടെ പ. സഭയുടെ ഔദ്യോഗിക നാവായി സഭാ ചരിത്രഗതികളുടെ ഉയർച്ച താഴ്ചകൾക്ക് സാക്ഷിയായി മലങ്കരസഭാ മാസിക അതിന്റെ അക്ഷരപൂജ അഗ്നിനാവുകൾ പോലെ ഇന്നെയോളം നിവർത്തിച്ച് പോരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക മാസിക എന്ന നിലയിൽ മലങ്കരസഭയുടെ ഭരണഘടനയ്ക്ക് വിധേയമായി സഭയുടെ വിശ്വാസം, പാരമ്പര്യം, ആരാധനാ അനുഷ്ഠാനങ്ങൾ, ദൈവശാസ്ത്രം എന്നിവയ്ക്ക് അനുസൃതമായ ദർശനങ്ങൾ പങ്ക് വയ്ക്കുക എന്നതും കാലാകാലങ്ങളിൽ ആനുകാലിക വിഷയങ്ങളോട് സാമൂഹിക പ്രതിബദ്ധതയോടെ ഉത്തമ നിലപാടുകൾ രൂപീകരിക്കുക എന്നതുമാണ് മാസികയുടെ പ്രഥമമായ ലക്ഷ്യം. 1946 മുതൽ 2020 വരെയും ക്രമാനുഗതമായനവീകരണങ്ങളിലൂടെ പ. സഭയോടുള്ള ഉത്തരവാദിത്വം നിലനിർത്തിയും സാമൂഹിക പ്രതിബദ്ധതയോടും മലങ്കരസഭാ മാസിക അതിന്റെ അക്ഷരയജ്ഞം അഭംഗുരം തുടരുന്നു.

ചരിത്ര പശ്ചാത്തലം ഓർമ്മിപ്പിച്ചുകൊണ്ട് ഈ കുറിപ്പ് ആരംഭിച്ചത് സാങ്കേതികമായ ഒരു തിരുത്തിനെ സൂചിപ്പിക്കുന്നതിന് വേണ്ടിയാണ്. 1946 ൽ പ്രസിദ്ധീകൃതമായ മലങ്കരസഭ മാസിക 74 വർഷങ്ങൾ അതിന്റെ കർമ്മധീരമായ യാത്ര പിന്നിട്ടു. എന്നാൽ പില്ക്കാലത്ത് office of The Registrar of Newspapers for India യിൽ മാസികയുടെ രജിസ്ട്രേഷൻ നടന്നിട്ടുള്ളത് 3076/57 എന്ന രജിസ്ട്രേഷൻ നമ്പരോടുകൂടെയാണ്. ടി വകുപ്പിന്റെ പുതിയ നിർദ്ദേശപ്രകാരം 1957 എന്ന രജിസ്ട്രേഷൻ നമ്പറിലെ വർഷ പ്രകാരം issue number പുനക്രമീകരിക്കേണ്ടിവരികയാണ്. ഈ ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് മാസികയുടെ പ്രസിദ്ധീകരണത്തിനും തപാൽ സംബന്ധമായ വിതരണത്തിനും തടസ്സങ്ങളൊന്നും ഉണ്ടാകാതിരിക്കാൻ വേണ്ടി ആ വകുപ്പുകളുടെ ഔദ്യോഗിക നിർദ്ദേശങ്ങൾ പ്രകാരവും മാസികയുടെ പുതിയ പതിപ്പുകളിൽ Vol. 64 എന്ന് രേഖപ്പെടുത്തിയിരിക്കുന്ന വിവരം പ്രിയ വായനക്കാരെ അറിയിക്കുന്നു. 2019 മെയ് ലക്കം മുതൽ ഓൺലൈനിലും മാസിക ലഭ്യമാണ്. മാസികയുടെ സുഗമമായ വിതരണത്തിൽ കോവിഡ് 19 വ്യാധിമൂലമുണ്ടായ പ്രതികൂലസാഹചര്യങ്ങളോട് ക്ഷമാപൂർവ്വം സഹകരിക്കുന്നതിൽ പ്രിയ വായനക്കാരോടുള്ള നന്ദിയും അറിയിക്കുന്നു. മലങ്കരസഭ മാസികയുടെ ഒരു കോപ്പി നമ്മുടെ എല്ലാ ഭവനങ്ങളിലും ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നു. ഒരു വർഷത്തെ വരിസംഖ്യ 200 (in India) രൂപാ മാത്രമാണ്. നമ്മുടെ എല്ലാ വൈദികരുടെയും വായനക്കാരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണം. ആയതിന് മാസികയിൽ നല്കിയിട്ടുള്ള ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. മലങ്കരസഭ മാസികയ്ക്ക് തുടർന്നും ഏവരുടെയും പിന്തുണ പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു.

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

നടന്നുകൊള്ളും. നിയമം നടപ്പിലാകുമ്പോൾ ഒരു പള്ളിക്കും ഒരു വിശ്വാസിക്കും ഒരു നാശവും ഉണ്ടാകുകയില്ല. പിന്നെയോ നിയമവിധേയരല്ലാത്ത ചില വൈദീക വേഷധാരികൾക്കും നിയമമില്ലാത്ത ചില പള്ളി ഭരണക്കാർക്കും അവരെ പുറമെ നിന്ന് പിന്താങ്ങുന്ന സ്വാർത്ഥമതികളായ "മതമൈത്രിക്കാർ" എന്ന് സ്വയം പേരിട്ട് വിളിക്കുന്നവർക്കുമൊക്കെ ചില നഷ്ടങ്ങൾ ഉണ്ടായി തുടങ്ങുമെന്നേയുള്ളൂ.

മലങ്കര സഭ ഇന്ന് നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. പ്രധാന പ്രശ്നം കോടതിവിധി പുറപ്പെടുവിക്കപ്പെട്ട സമയം മുതൽ പല കേന്ദ്രങ്ങളിൽനിന്നും പുറത്തുവരുന്ന അസത്യപ്രസ്താവനകളും വ്യക്തിഹത്യകളുമാണ്. കൃത്യമായി പറഞ്ഞാൽ 2017 ജൂലൈ 3-ന് വിധി വന്നുവെങ്കിൽ ജൂലൈ 8-ലെ മംഗളം പത്രത്തിൽ ആദ്യ വ്യാജവാർത്ത വന്നു. മലങ്കര സഭ ഭരണഘടനയെക്കുറിച്ചായിരുന്നു അത്. വ്യാജവാർത്തകളുടെ തുടർകഥകൾ വിവിധ മാധ്യമങ്ങൾ വഴി ഇന്നും തുടരുന്നു. നിയമവിധേയമായി സഭ ഒന്നാവുകയാണെങ്കിൽ തങ്ങൾക്കുണ്ടായേക്കാവുന്ന നഷ്ടങ്ങളെക്കുറിച്ചുള്ള ബോധ്യമുള്ളതുകൊണ്ടായിരിക്കാം അവർ അർദ്ധസത്യങ്ങളും അസത്യങ്ങളും പ്രസ്താവിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്നത്. കോടതി ഉത്തരവുകൾ ഉണ്ടാകുമ്പോൾ അവയിലുണ്ടാകുന്ന ഗുണപരമായ കാര്യങ്ങൾ മറച്ചുവച്ചുകൊണ്ട് തെറ്റായ വ്യാഖ്യാനങ്ങൾ നൽകി ജനത്തെ തെറ്റിദ്ധരിപ്പിക്കുന്ന ശൈലി അകത്തുള്ളവരും പുറത്തുള്ളവരും തിരുത്തേണ്ടതുണ്ട്. വോട്ടിന് മാത്രം ജീവിക്കുന്ന ചില രാഷ്ട്രീയ നേതാക്കളും പണത്തിനുവേണ്ടി മാത്രം എന്തും പറയുവാൻ തയ്യാറായിരിക്കുന്ന കേസില്ലാ നിയമജ്ഞരും സത്യത്തെ മനസിലാക്കിയിട്ടും ശരിയായത് വെളിപ്പെടുത്താതെ സെൻസേഷൻ വാർത്തകൾ മാത്രം സൃഷ്ടിക്കുന്ന ചില മാധ്യമങ്ങളും സത്യം വിളിച്ചുപറഞ്ഞാൽ തങ്ങളുടെ പൂർവ്വീകർ പണ്ട് ചെയ്തുകൂട്ടിയ പലതും തെറ്റായിരുന്നുവെന്ന് പറയേണ്ടിവരും എന്നതുകൊണ്ട് അസത്യത്തോടൊപ്പം നിലകൊള്ളാമെന്ന് ചിന്തിച്ച് ഒളിഞ്ഞും തെളിഞ്ഞും പ്രസ്താവനകൾ ഇറക്കുന്ന ചില ക്രൈസ്തവ നേതാക്കളും മലങ്കര സഭയുടെ പള്ളികളിൽ നിയമം നടപ്പിലാക്കി ശ്വാശത സമാധാനമുണ്ടാക്കുന്നതിന് തടസ്സങ്ങളാണ്. സഭയേക്കാൾ കൂടുതൽ രാഷ്ട്രീയ പാർട്ടികളേയും തങ്ങളുടെ സ്ഥാനങ്ങളേയും സ്നേഹിക്കുന്ന വൈദീകസ്ഥാനികളുൾപ്പെടെ ചില വ്യക്തിത്വങ്ങൾ സഭയ്ക്കുള്ളിൽ ഉണ്ടെന്നുള്ളതും വിസ്മരിച്ചുകൂടാ.

ഐക്യവും സമാധാനവുമാണ് സഭയുടെ ലക്ഷ്യം. ബഹു. കോടതിയും അതുതന്നെയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 1958-ലെ സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിലുണ്ടായ സമാധാനവഴി നിലച്ചുപോയതും 1995-ലെ വിധിക്ക് ശേഷം ബഹു. കോടതിയുടെ നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽപോലും സമാധാനചർച്ചകൾ തകർക്കപ്പെട്ടതും തുടർന്നുമുണ്ടാകാതിരിക്കാനാണ് 2017 ജൂലൈ 3-ന് വ്യക്തമായ നിർദ്ദേശങ്ങളോടെയുള്ള വിധി ഉണ്ടായിരിക്കുന്നത്. അത് മനസ്സിലാക്കികൊണ്ട് തന്നെയാണ് 2017 ജൂലൈ 11-ന് 185/2017 നമ്പറായി സമാധാനവും ഐക്യവും ആഹ്വാനം ചെയ്തുകൊണ്ട് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി പൊതു കല്പന പുറപ്പെടുവിച്ചത്. 2017 ഓഗസ്റ്റ് മാസത്തിൽ ചേർന്ന പ. സുന്നഹദോസ് അത് അംഗീകരിക്കുകയും ഐക്യത്തിന്റെ ആഹ്വാനം നടത്തുകയും ചെയ്തിട്ടുണ്ട്. അതേമാസം ചേർന്ന സഭയുടെ അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിയും അതിന് പിന്തുണ പ്രഖ്യാപിച്ചിട്ടുള്ളതാണ്. 2018 ഫെബ്രുവരിയിൽ കൂടിയ പ. സുന്നഹദോസ് പ്രഖ്യാപിച്ച പൊതു പ്രസ്താവനയിൽ പറയുന്നത് ഇപ്രകാരമാണ്: "മലങ്കര സഭാ പ്രാർത്ഥനാ പൂർവ്വം കാത്തിരിക്കുന്നു, സ്പർദ്ധയും വിദ്വേഷവും വെടിഞ്ഞ് ഒരു ആരാധനാ സമൂഹമായി ദൈവസന്നിധിയിൽ ഏവരും കടന്നുവരുന്ന അനുഗ്രഹീത മുഹൂർത്തത്തിനുവേണ്ടി. ഈ ലക്ഷ്യത്തെ ദോഷകരമായി ബാധിക്കുന്ന യാതൊരു നടപടിയും മലങ്കര സഭയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുകയില്ല. എന്നാൽ നീതി നിർവഹണമുണ്ടാകുന്നത് ഇനിയും വൈകികൂടാ എന്ന് സഭയ്ക്ക് നിർബന്ധമുണ്ട്. സഭയിൽ ഐക്യവും സമാധാനവും സമ്പൂർണ്ണമാകുന്നതുവരെ വിശ്രമരഹിത മായി പ്രവർത്തിക്കുവാൻ സഭ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യത്തിന് ഏവരുടെയും സഹായവും പങ്കാളിത്തവും ദൈവനാമത്തിൽ ഉണ്ടാകണമെന്ന് പ. സുന്നഹദോസ് ആഗ്രഹിക്കുന്നു." 2018-ലെ സുന്നഹദോസിന് ശേഷം സുന്നഹ ദോസ് പ്രതിനിധികളും സഭാസ്ഥാനികളും മറ്റു വ്യക്തിത്വ ങ്ങളുമടങ്ങുന്ന സമിതി പ. കാതോലിക്കാ ബാവാ തിരു മേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ പല പ്രാവശ്യം കൂടു കയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിട്ടുള്ള താണ്.

ഒരു കാര്യം ഉറപ്പാണ്. ഏതു തടസമുണ്ടായാലും സത്യം മരിക്കുകയില്ല. അത് നിരങ്ങിയാണെങ്കിലും ഒരിക്കൽ ഉയിർത്തെഴുന്നേൽക്കും. കാലാകാലങ്ങളായി പാത്രിയർക്കീസ് വിഭാഗക്കാർ കൈയ്യടക്കി വച്ചിരുന്ന നാൽപതിലധികം പള്ളികൾ മലങ്കര സഭയുടെ ഭരണക്രമത്തിൽ വന്നു കഴിഞ്ഞു. ഒന്നുപോലും ഓർത്തഡോക്സ് സഭ കൈയ്യേറിയതോ പിടിച്ചെടുത്തതോ അല്ല. നീതിന്യായ കോടതികളുടെ വിധികൾ നിയമപരമായി നടപ്പിലാക്കിയപ്പോൾ സംഭവിച്ചതാണ്. സത്യം അതിന്റെ പൂർണതയിലെത്തുന്നതുവരെ ഈ പദ്ധതി തുടരും. പരസ്പര സൗഹാർദ്ദത്തിന്റെയും ശാശ്വതസമാധാനത്തിന്റെയും അന്തരീക്ഷത്തിൽ എല്ലാ വിശ്വാസികളുടേയും ആരാധനാസ്വാതന്ത്ര്യം ഉറപ്പു വരുത്തുകയെന്നത് മലങ്കര സഭയുടെ സ്വപ്നവും ദീർഘകാല അഭിലാഷവുമാണ്. ഭീകരാവസ്ഥ സൃഷ്ടിച്ചും നിയമപരമല്ലാത്ത സ്ഥാനങ്ങൾ നിലനിർത്തിയും മുന്നോട്ട് പോകുന്ന കാലം കഴിഞ്ഞു. അനുതാപത്തിന്റെ ആത്മാവ് നിയമനിഷേധകരിൽ ഉണ്ടെന്ന സഭയുടെ ബോധ്യമാണ് അനുരഞ്ജനത്തിലേക്കും സ്വീകരണത്തിലേക്കുമുള്ള പാതതെളിയിക്കുന്നത്. ഒരു വിശ്വാസിയും അവിടെ തോൽക്കില്ല, തോൽക്കാൻ പാടില്ല. തോൽക്കാത്ത വിശ്വാസികൾ ഒരുമിച്ചു വന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിന്യായത്തിൽ ആഹ്വാനം ചെയ്തിരിക്കുന്നതുപോലെയുള്ള തുടർ ചർച്ചകളും പ്രായോഗികതകളും ഉണ്ടാകും. സഭയിൽ ശാശ്വത സമാധാനം നിലവിൽ വരും. ●



പ. കന്യകമറിയാം

കഷ്ടപ്പെടുന്നവർ ഇഷ്ടപ്പെടുന്ന അമ്മ

■ ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

പരിശുദ്ധരുടെ ഗണത്തിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്ന പ.കന്യകമറിയാമാകും ഏറ്റവും അധികം വിശേഷണ ങ്ങളാൽ പുകഴ്ത്തപ്പെടുന്ന സ്ത്രീ. 'രണ്ടാം സ്വർഗ്ഗം', 'നിത്യകന്യക', 'സ്വർഗ്ഗത്തിലും ഭൂമിയിലും ഒതുങ്ങാത്തവനു മാതാവായിത്തീർന്നവൾ', 'സകല സൃഷ്ടികളെയും പുലർത്തുന്നവനെ പാലുകൊടുത്തു വളർത്തിയവൾ', 'ഏശായാ ദർശിച്ച സ്വർഗ്ഗീയ സിംഹാസനം', 'ദൈവമാതാവ്' തുടങ്ങി എത്രയെത്ര വിശേഷങ്ങളിലൂടെയാണ് പ.മാതാവിനെ നാം പ്രാർത്ഥനകളിലൂടെ വാഴ്ത്തിപുകഴ്ത്തുന്നത്. ദൈവപുത്രന്റെ മനുഷ്യാവതാരത്തിനു അമ്മയായിത്തീർന്ന് പങ്കുവഹിച്ചതുമൂലം "എല്ലാതലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും" എന്നു പ.മാതാവ് തന്നെ പ്രവചിച്ചതിന്റെ പൂർത്തീകരണമായി ഈ വിശേഷണങ്ങളെ കാണാം. എന്നാൽ പ.കന്യകമറിയാമിൽ കഷ്ടതയും മഹത്വവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതു കൂടി കാണേണ്ടിയിരിക്കുന്നു. ഭാഗ്യാവസ്ഥയുടെ ഭാഗം തന്നെയാണ് കുരിശെന്ന് സാക്ഷിച്ച ക്രിസ്തു കഴിഞ്ഞാൽ ഏറ്റവുമധികം ഇക്കാര്യം നമുക്കറിയിച്ചു തരുന്ന പരിശിദ്ധഗണത്തിന്റെ മുൻപന്തിയിലാണ് പ. കന്യക മറിയമെന്നതും നമുക്കോർക്കാം. പ്രത്യേകിച്ച് ഈ ദുരിതകാലത്ത് കഷ്ടപ്പെടുന്നവരുടെ അമ്മയായിക്കൂടി പ. മാതാവിനെ മനസ്സിലാക്കാൻ ഒരു ചെറുശ്രമം നടത്താം.

ശാരീരികവും മാനസികവും ബൗദ്ധീകവും ആത്മീയവും സാമൂഹ്യവുമായ തലങ്ങളിലൊക്കെ മനുഷ്യർ കഷ്ടതയനുഭവിക്കുന്നു. അടിസ്ഥാനപരമായി മൂന്നു രീതിയിലാണ് ഇങ്ങനെയുള്ള വേദനയും കഷ്ടതകളും നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരുന്നത്. ഒന്നാമത് സ്വമേധയാ എടുക്കുന്ന നന്മനിറഞ്ഞതോ തിന്മയാർന്നതോ ആയ തീരുമാനങ്ങളുടെയും നടപടികളുടെയും അനന്തരഫലമായി കഷ്ടതകളുണ്ടാകുന്നു. രണ്ടാമത് മറ്റുള്ളവരുടെ വ്യക്തിപരമായോ സമൂഹമായോ ഉള്ള അനീതിയായ, അധാർമ്മികമായ ഇടപെടലുകളുടെ അനന്തരഫലമായി നാം കഷ്ടത സഹിക്കേണ്ടിവന്നേക്കാം. മൂന്നാമതായി ആകസ്മികമായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ മൂലവും അപകടങ്ങൾ മൂലവും നമുക്കു കഷ്ടത ഉണ്ടാകുന്നു. ഇവ മൂന്നും പ്രത്യേകിച്ച് ആദ്യ രണ്ടു തലങ്ങളും ആഴത്തിൽ ബന്ധപ്പെട്ടുകിടക്കുന്നവയാണ്. പ.കന്യകമറിയാം അനുഭവിക്കേണ്ടി വന്ന കഷ്ടതകളിലേറെയും ഒന്നാമത്തേയും രണ്ടാമത്തേയും ഗണത്തിൽ പെട്ടവയാണ്. ദൈവഹിതാനുസരണം സ്വമേധയാ സമർപ്പിച്ചതിന്റെ അനന്തരഫലമായുണ്ടായ കഷ്ടതയും തന്റെ കാലത്തെ ഹൃദയശൂന്യരായ മനുഷ്യരുടെ അനീതിയായ തീരുമാനങ്ങളും ഇടപെടലും മൂലം അനുഭവിക്കേണ്ടി വന്ന കഷ്ടതകളും പ.മാതാവിൽ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. യൗസേഫിന്റെ മരണം മൂലമുണ്ടായ വൈധവ്യം സമ്മാനിച്ച കഷ്ടതകൾ മൂന്നാമത്തെ ഗണത്തിലും കൂടി ഉൾപ്പെടുത്തുവാൻ കഴിഞ്ഞേക്കും.

അപരിചിതവും ദുഷ്ക്കരവുമായ ഒരു സാഹചര്യത്തിൽ ബന്ധുസ്ത്രീകളുടെ സാന്നിദ്ധ്യമോ, വൈദ്യശുശ്രൂഷാ പരിചരണമോ ഇല്ലാതെ തന്നെ കുഞ്ഞിനു ജന്മം നൽകേണ്ടിവന്ന ഒരമ്മയാണല്ലോ പ.കന്യകമറിയാം. വാഹനങ്ങളില്ലാത്ത കാലത്ത് നസറേത്തിൽ നിന്ന് നൂറ്റിമുപ്പതു കിലോമീറ്ററോളം ദുഷ്ക്കരമായ യാത്ര ചെയ്ത് അവശയായി ബേത്‌ലഹേമിലെത്തിയപ്പോഴാണല്ലോ അതു സംഭവിച്ചത്. പൗരത്വം ഉറപ്പാക്കാനായുള്ള യാത്രയിലാണ് ഈ കഷ്ടത. നിഷ്ക്കരുണം പൗരത്വബില്ലുകൾ പ്രഖ്യാപിക്കുമ്പോൾ പൗരത്വം തെളിയിക്കാനോടേണ്ടിവരുന്ന ഹതഭാഗ്യരായ മനുഷ്യർക്കു ഈ അമ്മയുടെ വേദന എളുപ്പം മനസ്സിലാകും. കോവിഡ് കാലത്ത് ചില ആശുപത്രികളിൽ പ്രവേശനം നിഷേധിക്കപ്പെട്ട് വഴിയിലും വാഹനത്തിലും പ്രവസവിക്കേണ്ടിവന്ന സ്ത്രീകളുടെ ദുരിതത്തിൽ തെളിയുന്നത് ഈ അമ്മയുടെ മുഖമാണ്. ചില ദരിദ്രഗ്രാമങ്ങളിൽ നിന്ന് പ്രസവത്തിനായി ദൂരെയുള്ള ആശുപത്രികളിലേക്ക് ചുമന്നുകൊണ്ടുപോകപ്പെടുന്ന പാവപ്പെട്ട സ്ത്രീകളും ഈ അമ്മയുടെ ഓർമ്മ ഉണർത്തുന്നു.

യേശുവിന്റെ ജനനശേഷം ഹെരോദാ രാജാവിന്റെ നിഷ്ഠൂരമായ നിലപാടുകളിൽ നിന്ന് കുഞ്ഞിനെ സംരക്ഷിക്കാനായി ഈ അമ്മ യൗസേഫിനൊപ്പം ഈജിപ്റ്റിലേക്കുപോയത് ദീർഘദൂരം യാത്ര ചെയ്താണല്ലോ. അവിടെ അഭയാർത്ഥികളായി കുറച്ചു നാളുകൾ കഴിഞ്ഞ് മടക്കയാത്ര ചെയ്ത് നസറേത്തിൽ ചെന്നു താമസിക്കുന്നു. മടക്കയാത്രയും ദുരിതപൂർണ്ണമായ ദൂരയാത്രയായിരുന്നു. ആ തിരുകുടുംബം ഈ യാത്രകളിലും മറ്റും അനുഭവിച്ച കഷ്ടതകൾ നാം ഊഹിക്കുന്നതിന്റെ പതിന്മടങ്ങാണെന്നു പറഞ്ഞാൽ പോലും പൂർണ്ണമാകുകയില്ല. കോവിഡ് ലോക്ഡൗൺ പ്രഖ്യാപനത്തിനുശേഷം നൂറുകണക്കിനു കിലോമീറ്ററുകൾ കാൽനടയായും സൈക്കിളിലും സ്വന്തം സംസ്ഥാനങ്ങളിലേക്കു യാത്രചെയ്ത അതിഥിതൊഴിലാളികളോടു ബന്ധപ്പെട്ടാൽ പരിശുദ്ധ അമ്മയുടെ ദുരിതം അല്പം നമുക്കു മനസ്സിലായേക്കും. ദാരിദ്ര്യമെന്ന ഹെരോദാവിൽ നിന്നു രക്ഷനേടാനായി ഇതര സംസ്ഥാനങ്ങളിൽ പോയി താമസിച്ച് ജോലിചെയ്ത അതിഥിതൊഴിലാളികളുടെയും വിദേശരാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിൽ കഴിയുന്ന മനുഷ്യരുടെയും ദുരിതത്തിലും തെളിയുന്നത് ഈ അമ്മയുടെ മുഖമാണ്. കോവിഡ് കാലത്തിന്റെ ആരംഭസമയം ഇന്ത്യയിൽ ഏറ്റവും കുറഞ്ഞത് പത്തുകോടിയിലധികം അതിഥിതൊഴിലാളികളുണ്ടായിരുന്നു. കേരളത്തിൽ ഏറ്റവും കുറഞ്ഞത് 25 ലക്ഷം പേരും. ഇവരിൽ ഒരു നല്ലശതമാനം തൊഴിൽരഹിതരായി കടക്കെണിയിലും ദുരിതത്തിലുമാണിന്ന്. മ്യാൻമാറിലെ പീഡനങ്ങൾ സഹിക്കാൻ പറ്റാതെ 2017 ൽ ബംഗ്ലാദേശിലേക്ക് പാലായനം ചെയ്ത് ഇനിയും തിരികെ പോകാൻ കഴിയാതെ അവിടെ അതിദുരിതത്തിൽ കഴിയുന്ന ലക്ഷകണക്കിനു രോഹിങ്ക്യാക്കളെയും ഇതിനോടു ചേർന്നു ചിന്തിക്കാം.

പൊതുവേ യേശുവിന്റെ പരസ്യശുശ്രൂഷയ്ക്കു മുമ്പേ പ്രത്യേകിച്ച് ക്രൂശുമരണത്തിനു മുമ്പേ തന്റെ വളർത്തു പിതാവായ യൗസേഫ് മരിച്ചു എന്നതാണല്ലോ പാരമ്പര്യം. അങ്ങനെയെങ്കിൽ പ.മറിയാം ഏതാനും പതിറ്റാണ്ടുകൾ വിധവയായി ജീവിക്കേണ്ടിവന്നു. ക്രൂശിതനായ ക്രിസ്തുവിന്റെ ഉപദേശാനുസരണം അപ്പോസ്തലനായ യോഹന്നാന്റെ സംരക്ഷണത്തിൽ കഴിയേണ്ടി വന്നതും ഈ പശ്ചാ

ത്തലത്തിലാണല്ലോ. സതിപോലുള്ള സമ്പ്രദായങ്ങൾ ഔദ്യോഗികമായി നിർത്തലാക്കിയിട്ട് നൂറ്റിതൊണ്ണൂറുവർഷം കഴിഞ്ഞെങ്കിലും ഇന്നും വിധവകൾ ഏറ്റവുമധികം ദുരിതം അനുഭവിക്കുന്ന നാടാണല്ലോ ഇന്ത്യ. വിധവയുടെ നിഴൽ വീഴുന്നതുപോലും ദുശ്ശകുനമായി കരുതുന്ന ആളുകൾ ഇന്ത്യയുടെ പലഭാഗത്തുമുണ്ട്. ഉത്തർപ്രദേശിലെ മധുരയിലും വിധവകളുടെ നഗരമായ വൃന്ദാവനിലും ദുഃഖസാന്ദ്രമായ ഓർമ്മകളുടെ കണ്ണീർക്കയത്തിൽ കഴിയുന്ന പതിനായിരക്കണക്കിനു വിധവകളിൽ മാത്രമല്ല, നമ്മുടെ അറിവിലും പരിചയത്തിലും ഉള്ള പലവീടുകളിലും കഴിയുന്ന വിധവകളിലും പ.മാതാവിന്റെ മുഖം കാണാനുള്ള ശ്രമം അനുഗ്രഹകരമാകും. വിധവമാരോടുള്ള കരുതൽ ആദിമസഭയിൽ സുപ്രധാനമായിരുന്നു എന്ന് അപ്പോസ്തല പ്രവൃത്തികൾ ആറാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

യേശുവിന്റെ കന്യകാജനനം തെറ്റിദ്ധരിച്ചവരുടെ അപമാനിക്കലിന് മാതാവ് ഇരയായിട്ടുണ്ട്. തെറ്റിദ്ധരിക്കപ്പെടുന്നവരുടെയും അടിസ്ഥാനരഹിതമായി വിമർശനം കേൾക്കേണ്ടിവരുന്നവരുടെയും ഇഷ്ടമാതാവായി പ.കന്യകമറിയാമിനെ കരുതാം. ദേവാലയത്തിൽ നിന്നുള്ള മടക്കയാത്രയിൽ മകനെ കാണാതായപ്പോൾ പ.കന്യകമറിയാം യൗസേഫിനോടൊപ്പം മടക്കയാത്ര നടത്തിയത് ഇരട്ടിദൂരമായത് ഉള്ളിൽ തീതിന്നും പലയിടങ്ങളിലും അന്വേഷിച്ചും പോയതുകൊണ്ടാകാം. മക്കളെ കാണാതായി കരയുന്നവരുടെ വേദനയറിയുന്ന ഇഷ്ടമാതാവാണ് പ.കന്യകമറിയാം. സ്വന്തം മകൻ ശരീരത്തിലും മനസ്സിലും നേരിട്ട വേദനകൾ വൃദ്ധനായ ശിമയോൻ പറഞ്ഞതുപോലെ തന്റെ തന്നെ ഹൃദയത്തിലൂടെ ഒരു വാളായി അനുഭവപ്പെട്ട അമ്മയാണ് പ.കന്യകമറിയാം. ഒടുവിൽ മകന്റെ ദാരുണമായ മരണത്തിനു സാക്ഷിയാകുകയും ബന്ധുമിത്രാദികൾ തീരെയില്ലാത്ത മകന്റെ ശവസംസ്കാരത്തെക്കുറിച്ച് അറിയുകയും ചെയ്യുമ്പോൾ വേദനിച്ച പ.മാതാവ് കോവിഡ് കാലത്ത് സമാനമായി കഷ്ടപ്പെടുന്ന അനേകരുടെ ഇഷ്ടപ്പെടുന്ന അമ്മയാകും. ഈ അമ്മയുടെ അപേക്ഷകൾ കഷ്ടപ്പെടുന്നവർക്ക് ആശ്വാസമാകും. കാനാവിലെ കല്ല്യാണ വിരുന്നിലെ പ്രതിസന്ധി അതിജീവിക്കാൻ മകനോടപേക്ഷിച്ച ഈ അമ്മയുടെ മദ്ധ്യസ്ഥത നമുക്കെല്ലാം ആശ്വാസമാണ്.

ഇത്രയധികം കഷ്ടതകളിലൂടെ കടന്നുപോയ പ.കന്യകമറിയാമിന് കഷ്ടതകളുടെ സാഹചര്യങ്ങളെ നീക്കിമായ്ച്ചുകളയുന്ന ഒരു ദൈവീകഇടപെടലും ദ്രുതഗതിയിൽ എപ്പോഴും അനുഭവിക്കാൻ കഴിഞ്ഞിരുന്നില്ല. സാക്ഷാൽ ദൈവമാതാവിന്റെ സ്ഥിതി അങ്ങനെയായിരുന്നെങ്കിൽ ഇതുപോലുള്ള കഷ്ടതകളിൽ തുടരേണ്ടിവരുമ്പോൾ നമുക്കും നിരാശപ്പെടാതെ കഴിയാം. പ്രതികൂലസാഹചര്യങ്ങളെ നീക്കിയില്ലെങ്കിലും ദൈവം ഏതു സാഹചര്യങ്ങളെയും നേരിടുവാനുള്ള ധൈര്യവും കൃപയും പകരുന്നു എന്നതാണ് പ.മാതാവിലൂടെ നാം മനസ്സിലാക്കാനുള്ളത്. അതാണല്ലോ കൃപയാലുള്ള ശക്തീകരണം.

ദൈവം തന്റെ ആഗ്രഹങ്ങൾ കൊണ്ടു മാത്രം ചലിപ്പിക്കാവുന്ന റോബോട്ടുകളായി മനുഷ്യനെ സൃഷ്ടിക്കാതെ, തിരഞ്ഞെടുപ്പുകൾ നടത്തുവാൻ ഉള്ള സ്വാതന്ത്ര്യം നൽകിയാണ് സൃഷ്ടിച്ചത്. ഈ സ്വാതന്ത്യമില്ലെങ്കിൽ സ്നേഹത്തിന്റെ സന്തോഷം ഒരിക്കലും മനുഷ്യന് ലഭിക്കുകയില്ലായിരുന്നു. എന്നാൽ ഈ സ്വാതന്ത്ര്യത്തെ ദൈവം എന്നും ആദരിക്കുന്നു. ചിലരെങ്കിലും ഈ സ്വാതന്ത്ര്യത്തെ ദുരുപയോഗിക്കുന്നതുകൊണ്ടാണല്ലോ ലോകത്തിൽ അനീതിയും അതിക്രമവും ഉണ്ടാകുന്നത്.

അജ്ഞതയുടെയും ദുർവികാരങ്ങളുടെയും പ്രേരണയിൽ രൂപപ്പെടുന്ന അനീതിയുടെയും അക്രമത്തിന്റെയും അശുദ്ധിയുടെയും ഇരുളിൽ നിന്നും മോചിപ്പിച്ച് ദൈവബന്ധത്തിൽ സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും നീതിയുടെയും സമാധനത്തിന്റെയും സന്തോഷവെളിച്ചത്തിലേക്കു നയിക്കാനായിരുന്നല്ലോ ക്രിസ്തുവിന്റെ വരവ്. അതിനു പശ്ചാത്തലമൊരുക്കുന്നതിന്റെ ഭാഗമായിട്ടാണ് പ.മാതാവിന് കഷ്ടതകൾ സഹിക്കേണ്ടി വന്നത്. ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ മനുഷ്യകുലത്തിന്റെ പ്രതിനിധിയായി നിന്ന് മനുഷ്യത്വം സമ്മാനിച്ചത് പ.മാതാവായിരുന്നല്ലോ. അതേ സമയം തന്നെ തന്റെ ഉദരത്തിൽ ക്രിസ്തു രൂപപ്പെട്ട ആദ്യ നിമിഷം മുതൽ ദൈവത്വവും മനുഷ്യത്വവും പൂർണ്ണമായും സംയോജിപ്പിക്കപ്പെട്ടിരുന്നു എന്നതോർമ്മിപ്പിക്കാൻ ദൈവമാതാവ് എന്ന് കന്യകമറിയാമിനെ വിളിക്കുകയും ചെയ്യുന്നു. എ.ഡി. 431 ലെ എഫേസൂസ് സുന്നഹദോസ് മുതൽ ഈ പ്രയോഗം സഭയിൽ പൊതുവായി അംഗീകരിക്കപ്പെട്ടു. പ.മറിയാമിന്റെ സജീവമായ ഈ പങ്കാളിത്തത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണ് കഷ്ടതയുടെ അനുഭവം. നിസ്സഹായരരായ മനുഷ്യരുടെ ദുരിതങ്ങളും അധാർമ്മികതയെ നേരിട്ടെതിർക്കുന്നതിന്റെ ഭാഗമായി വരുന്ന കഷ്ടനഷ്ടങ്ങളും ഒക്കെ ഒരു പുതിയ ലോകക്രമത്തിനായുള്ള ഈറ്റുനോവാണ്. പ.മാതാവ് ദൈവഹിതത്തിനു സമർപ്പിക്കപ്പെട്ട സഭാസമൂഹത്തിന്റെ സമുന്നത പ്രതീകവും പ്രതിനിധിയുമാണല്ലോ. സഭയുടെ നിയോഗവും സ്വന്ത മഹത്വപ്രതാപങ്ങൾക്കായി നിലകൊള്ളുന്നതിനു പകരം ക്രിസ്തുവിന്റെ താല്പര്യത്തിൽ ദൈവരാജ്യത്തിന്റെ വെളിച്ചം വിതറി സ്വാതന്ത്ര്യത്തിന്റെയും സന്തോഷത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും ഒരു വ്യവസ്ഥിതി ഈ ലോകത്തിൽ വളർത്തുവാൻ കൂട്ടുനിൽക്കുക എന്നതാണല്ലോ. അതിനുള്ള മാർഗ്ഗം ക്രിസ്തു കാണിച്ചുതരികയും പഠിപ്പിച്ചു തരികയും ചെയ്ത ക്രൂശിന്റെ മാർഗ്ഗമാണെന്നാണ് പ.മാതാവ് തന്റെ ജീവിതത്തിലൂടെ സാക്ഷിക്കുന്നതും.

ലോകത്തിൽ നന്മയുടെ വ്യവസ്ഥിതി രൂപപ്പെടുന്നതോടൊപ്പം ദൈവീകരണപാതയിൽ മുന്നേറി ജീവിതസാക്ഷാത്ക്കാരത്തിനു തന്നെയും ഓരോരുത്തരേയും സഹായിക്കാനുള്ള കഷ്ടതയുടെ സാദ്ധ്യതയെക്കുറിച്ച് സാക്ഷിക്കുന്നവരാണ് പരിശുദ്ധർ പൊതുവേ, പ്രത്യേകിച്ച് പ.കന്യകമറിയാം. 18-ാം നൂറ്റാണ്ടിൽ റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബർഗിൽ ജീവിച്ചിരുന്ന സീനിയായുടെ 26-ാം വയസ്സിൽ പട്ടാള ഉദ്യോഗസ്ഥനായ ഭർത്താവു മരിച്ചു. അതിനു ശേഷം അവർ 45 വർഷക്കാലം കൂടി ജീവിച്ചു. തന്റെ സ്വത്തുക്കൾ പാവപ്പെട്ടവർക്ക് ദാനം ചെയ്ത് ശിഷ്ടകാലം അവർ ഒരു വിശുദ്ധവിഡ്ഢിയായി വിശുദ്ധിയുടെ പടവുകൾ കയറി ദേശത്തിന് ഒരനുഗ്രഹമായി വളരുകയായിരുന്നു.

ചരിത്രത്തിന്റെയും ഭൗതീകതയുടെയും പരിമിതവലയത്തിൽ മാത്രം നിന്നു വീക്ഷിക്കുന്നവർക്ക് ദുഃഖിതരുടെ ഭാഗ്യാവസ്ഥയും ക്രൂശിന്റെ മഹത്വവും മനസ്സിലാകുകയില്ല. പ.മാതാവിന്റെ അനവധിയായ കഷ്ടതകളുടെ അർത്ഥവും ആഴവും കുറേക്കൂടി മനസ്സിലാക്കാൻ ഉയർത്തെഴുന്നേറ്റു നിത്യതയിലേക്കു കടന്ന തന്റെ മകനോടു ചേരുന്ന നിത്യ സൗഭാഗ്യത്തിന് വാതിൽ തുറന്ന 'വാങ്ങിപ്പ്'കൂടെ ഓർക്കേണ്ടതുണ്ട്. അതിരില്ലാത്ത നിത്യതയുടെ വെളിച്ചത്തിൽ നിന്ന് ഈ ലോക ജീവിതത്തെയും ക്രൂശിന്റെ മാർഗ്ഗത്തെയും നോക്കിക്കാണാൻ സഹായിക്കുന്നതാകട്ടെ ശുനോയോനോമ്പും അതിന്റെ പരിസമാപ്തിയായ പ.മാതാവിന്റെ മഹത്തായ 'നിര്യാണപ്പെരുന്നാളും'. എല്ലാ ദിവസവും "കൃപനിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥനയുടെ ഒടുവിൽ മാതാവിനോടുള്ള അപേക്ഷയുടെ ഭാഗമായിതന്നെ സ്വന്തം മരണത്തെക്കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തൽ നാം നടത്താറുള്ളതാണല്ലോ. അഞ്ചാറു മാസങ്ങൾ കൊണ്ട് ആറുലക്ഷത്തിലധികം മനുഷ്യർ ഒരു അദൃശ്യ വൈറസിന്റെ പീഡനത്തിനിരയായി ഈ ഭൂമഖത്തുനിന്നും നീക്കപ്പെട്ടി രിക്കുന്ന സാഹചര്യവും ഈ ലോകജീവിത നശ്വരത ശക്തമായി ഓർ മ്മിപ്പിക്കുന്നു. കഷ്ടപ്പെടുന്നവർ ഇഷ്ട പ്പെടുന്ന ഈ അമ്മയോടു ബന്ധപ്പെട്ട നോമ്പും നിത്യതയിലേയ്ക്കുള്ള ജനനത്തിന്റെ പെരുന്നാളും മദ്ധ്യസ്ഥതയുമെല്ലാം ജീവിതനശ്വരതയറിഞ്ഞ് ക്രിസ്തുബന്ധത്തിൽ ദൈവരാജ്യ ശുശ്രൂഷ നിറപടിയായി നിറവേറ്റാ നുള്ള ആവേശം പകരുന്നതാകട്ടെ ●

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ



2020 ഓഗസ്റ്റ് 16
വാങ്ങിപ്പിന് ശേഷം ഒന്നാം ഞായർ
വി: മർക്കോസ് 10: 35 – 45

വില കൊടുക്കാതെ, തക്കതായ വിലകൊടുക്കാതെ, ഒരു വസ്തുവും ലഭ്യമാകില്ല. ശിഷ്യത്വം casual അല്ല. “ക്രിസ്തീയ മാതാപിതാക്കൾക്ക് പിറന്നതിനാൽ ഞാനും ക്രിസ്ത്യാനി” എന്നു ജല്പിച്ച് മുങ്ങിപ്പൊങ്ങി ജീവിക്കുന്നത്, ശിഷ്യത്വത്തിനെതിരാണ്. എല്ലാവരും വിലകൊടുത്തേ തീരൂ. ത്യജിക്കേണ്ടതിന്റെ പട്ടിക നിരത്തിയ ശേഷം, കർത്താവു പറഞ്ഞു: തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കുകയും വേണം. ഇപ്പറഞ്ഞതിന്റെയർത്ഥം ഭൂരിപക്ഷം ക്രിസ്ത്യാനികളും ഗ്രഹിക്കുന്നില്ല എന്നത്, തലമുറകളിലൂടെ ഒഴുകിവരുന്ന സത്യമല്ലേ? രണ്ടു തോണികളിൽ കാൽവച്ചുകൊണ്ട്, ലൗകികതയും ആത്മീക ഫലങ്ങൾ വെറുതെ കിട്ടിക്കൊള്ളും എന്നു നിനയ്ക്കുന്നത് വെറുതെയാണ്. ഉറകെട്ട ഉപ്പിന്, ‘വെള്ളമായി’ത്തീരാൻ പോലുമുള്ള അർഹത നഷ്ടപ്പെടുന്നു. നാമമാത്രക്രിസ്ത്യാനികൾ എക്കാലവും എല്ലായിടത്തും ഉണ്ടായിരിക്കും. ക്രൈസ്തവ സന്യാസവഴി തുറന്ന കാലത്ത്, ‘ത്യാഗം’ അതിന്റെ മർമ്മപ്രധാനമായ ഘടകവും ആത്മാവുമായിരുന്നു. എന്നാൽ ഇന്നോ? ഉറകെട്ട ഉപ്പിന്റെ അളവു വർദ്ധിക്കുകയല്ലേ?

എന്നാൽ ദൈവം മഹാമനസ്കനാണ്. കാണാതെ പോകുന്നതിനെ അവിടുന്നു തേടിക്കൊണ്ടിരിക്കും; ഏതു ത്യാഗവും സഹിച്ചും, അതാണ് നല്ലയിടയന്റെ ലക്ഷണം. വഴിതെറ്റിപ്പോയ ആടിന് തിരിച്ചുവരാൻ വഴിതുറക്കുന്നതൊന്നു മാത്രം-അനുതാപം. അപ്പോൾ സ്വർഗ്ഗത്തിലെ മാലാഖമാരും സന്തോഷിക്കും; കാരണം, ദൈവസാദൃശ്യം നഷ്ടപ്പെടുത്തിയാൾ, അതിലേക്കു തിരിച്ചുവരുന്നു!

ഈ പശ്ചാത്തലത്തിൽ വേണം, ‘ആത്മവിമർശനം’ എന്ന വിഷയത്തെ വേണ്ടതു പോലെ ഗ്രഹിക്കാൻ. മറ്റുള്ളവരിലുള്ള, നന്മയെക്കാളധികം, അവരുടെ വീഴ്ചകളെപ്പറ്റി, വിമർശിക്കുന്നതാണിവിടെ വിഷയം. ഏതു ദുഷ്ടമനുഷ്യനിലും, ഒരു നന്മയെങ്കിലും ഉണ്ടാവില്ലേ? അതിനെയാണ് ദൈവം അന്വേഷിക്കുന്നത്! മറ്റുള്ളവനെ കുറ്റപ്പെടുത്തുമ്പോൾ അവനവന്റെ ബലഹീനതകളെപ്പറ്റി ഒരു നിമിഷം ചിന്തിച്ചാൽ, കുറ്റപ്പെടുത്തലിന്റെ കാഠിന്യം കുറയും. ‘അവനവന്റെകാര്യം ശ്രദ്ധിച്ച് അനുതാപത്തോടെ ജീവിക്കണം; അനാവശ്യമായി പരകാര്യങ്ങളിൽ ഇടപെടരുത് എന്നതാണ് കർത്താവിന്റെ കല്പന. (യോഹ. 21:22)

ഹൃദയത്തിൽ നിന്നാണ് നല്ലതോ, ചീത്തയോ ആയ വിചാരങ്ങൾ മുളപൊട്ടി പുറപ്പെടുന്നത്. ഈ സ്രോതസ്സ്, ശുദ്ധീകരിച്ച് നിയന്ത്രിച്ചെങ്കിലേ, സദ്‌വിചാരങ്ങളും സദ്‌വൃത്തികളും ഉരിക്കുകയുള്ളൂ. ഹൃദയത്തിലെ നന്മയോ, തിന്മയോ, വളർന്ന് വാക്കുകളായും പ്രവർത്തികളായും പുറത്തുവരുന്നു. അങ്ങനെ ഹൃദയം നിറഞ്ഞു കവിയുന്നത് വായ് സംസാരിക്കുന്നു. അല്പം ക്ലേശിച്ചാണെങ്കിലും ഹൃദയത്തിലെ ചിന്തകളെയും വികാരങ്ങളെ അടക്കുക മാത്രമെ വഴിയുള്ളൂ. സുഹൃത്തുക്കൾ, കാഴ്ചകൾ, വിനോദങ്ങൾ, വായന സോഷ്യൽ മീഡിയ എന്നിവയെല്ലാം ഹൃദയ ചിന്തകളെ കാര്യമായി സ്വാധീനിക്കുന്നവയാണ്. നിയന്ത്രണം ഹൃദയത്തിൽ ആരംഭിക്കേണ്ടതാണ്. നിയന്ത്രണമില്ലാത്ത ജീവിതം പരാജയപ്പെടും. ദൈവവും മറ്റു മനുഷ്യരും തേടുന്നത് സൽഫലങ്ങളാണല്ലോ!

2020 ഓഗസ്റ്റ് 23
വാങ്ങിപ്പിന് ശേഷം രണ്ടാം ഞായർ
വി: ലൂക്കോസ് 11: 9 – 20

നീതിമാനായ ദൈവം (rirghteous) നീതി നടത്തുന്നവനാണ്. കാലവിളംബം ഉണ്ടായാലും ആത്യന്തികമായി നീതി നടപ്പാക്കുക തന്നെ ചെയ്യും. ഇക്കാര്യത്തിൽ ഭരണകർത്താക്കൾക്കും, ഭരണീയർക്കും, നേതാക്കൾക്കും അനുയായികൾക്കും, ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയും ഉണ്ടാകേണ്ടതാണ്. എല്ലാവരും ദൈവത്തിന്റെ ന്യായവിധിക്കു വിധേയരാണല്ലോ.

അധർമ്മത്തിന്റെയും, അധികാര-ധന വിളയാട്ടങ്ങളുടെയും അധിനിവേശം കണ്ട്, ഉത്തമരായ ആളുകൾ നെടുവീർപ്പിട്ടേക്കാം. എന്നാൽ ദൈവം നിശ്ചയിക്കുന്ന സമയത്ത്, കൊയ്ത്ത് ഉണ്ടാകും; കളകൾ അറുത്ത് തീയിൽ എറിയപ്പെടും. ഇന്നത്തെ ലോകത്തിന്റെയും സമൂഹത്തിന്റെയും രേഖാചിത്രമാണിത്. പലരും ആത്മഗതം നടത്തുന്നു: "സമൂഹവും ലോകവും എത്ര വഷളായിപ്പോയി!". ഇപ്പറഞ്ഞത് സംഘടനക്കാർക്കും സഭകൾക്കുമെല്ലാം ബാധകമാണ്.

ദൈവത്തോട് പ്രാർത്ഥിക്കുന്ന ആളിന്റെ പ്രാഥമിക യോഗ്യത എന്താണ്? പ്രാർത്ഥന പുസ്തകം നൽകുന്ന ഒരു മറുപടി ഇങ്ങനെ: 'നീ പ്രാർത്ഥിക്കാൻ നിൽക്കുമ്പോൾ, സങ്കടപൂർവ്വം നിന്റെ ചിന്തകളെ ഏകാഗ്രമാക്കുക. നിന്റെ വിചാരങ്ങൾക്കു കടിഞ്ഞാണിട്ട് നിന്റെ ഹൃദയത്തിലേക്ക് അവയെ നിയന്ത്രിക്കുക' (തിങ്കളാഴ്ച സൂത്താറാ-ബോവൂതോ) വിനയവും, സ്വന്തം വീഴ്ചകളെയും പരിമിതികളെയും പറ്റിയുള്ള മനഃപൂർവ്വമായ പശ്ചാത്താപവുമില്ലാത്ത പ്രാർത്ഥന പൊള്ളയായിരിക്കും. ആ പ്രാർത്ഥന മേലോട്ടുയരുകയില്ല; ഭൂമിയിൽ ആരംഭിച്ച് ഭൂമിയിൽത്തന്നെ അസ്തമിക്കും! നമ്മുടെ പ്രാർത്ഥനകൾ പലതും, സ്വാർത്ഥത പൂരണത്തിനും, ഭൗതിക വസ്തുക്കൾ ലഭ്യമാക്കുന്നതിനും, നമ്മുടെ നേരെയുള്ള ദൈവത്തിന്റെ മനോഭാവത്തെ മാറ്റുന്നതിനും ഉദ്ദേശിച്ചുള്ളതല്ലേ? എങ്കിലും യാചിക്കാനും, അന്വേഷിക്കാനും, വാതിലിൽ മുട്ടാനും അനുവാദം നൽകിയിട്ടുണ്ട്. കേവലം, ആവശ്യപ്പെടുന്നതെല്ലാം അപ്പാടെ അനുവദിച്ചു തരുന്ന ഒരു യന്ത്രമാണ് ദൈവമെന്നും, അദ്ദേഹം നമ്മുടെ "പൊങ്ങച്ച" പ്രാർത്ഥനയിൽ 'മയങ്ങു'മെന്നുമാണ് നമ്മുടെ കണക്കു കൂട്ടലെങ്കിൽ തെറ്റി. പ്രാർത്ഥിക്കുന്നയാളിൽ ഗുണപരമായ പരിണാമങ്ങളുണ്ടാകുമ്പോൾ, ദൈവത്തിലേക്കുള്ള പാത തുറക്കുകയാണ്. അവിടുന്ന് നൽകുന്ന വിശിഷ്ട ദാനം 'പരിശുദ്ധാത്മാവാണെന്ന് കർത്താവ് പ്രഖ്യാപിച്ചിരിക്കുന്നു. നമ്മൾ പരിശുദ്ധാത്മാവിനെ ചോദിക്കുമോ? അഥവാ ചോദിക്കുന്നുവെങ്കിൽ എന്തിനുവേണ്ടി?

നമ്മെ, സദ്‌വൃത്തരും ദൈവാനുരൂപരും, മനുഷ്യസ്നേഹികളുമാക്കാൻ, പരിശുദ്ധാത്മാവിന്റെ ഇടപെടൽ അനിവാര്യമാണ്. സ്നേഹവും, ക്ഷമയും അനുരഞ്ജനവുമെല്ലാം, ദൈവാത്മാവിലുള്ള ജീവിതത്തിന്റെ സൽഫലങ്ങളാണ് ഛിദ്രവാസനകളും, സ്വാർത്ഥചിന്തകളും, ലോകമായയും, മാഞ്ഞുപോകാതെ, ഹൃദയം ശുദ്ധമാകാൻ എളുപ്പമല്ല. നാം പ്രവർത്തിക്കുന്നതിലെല്ലാം ദൈവ നടത്തിപ്പും, ദൈവശക്തിയും വ്യാപരിക്കട്ടെ!

2020 ഓഗസ്റ്റ് 30
വാങ്ങിപ്പിന് ശേഷം മൂന്നാം ഞായർ

വി: മത്തായി 17: 22 – 27

നല്ല കുടുംബമാണ്, നല്ല സമൂഹത്തിന്റെയും സഭയുടെയും വളക്കൂറുള്ള മണ്ണ്. കുടുംബങ്ങളിൽ, 'ഹൃദയകാഠിന്യം' കുടിയേറിയാൽ ഒരുമയും നന്മകളും അപ്രത്യക്ഷമാകും. ഇവയെപ്പറ്റിയുള്ള പ്രാഥമിക അറിവ് ഇല്ലാത്തവരല്ല മനുഷ്യനിൽ ഏറിയപങ്കും. എന്നാൽ പലതും 'ഗ്രഹിക്കുന്നില്ല' എന്നത്, ഇന്നത്തെ വിവാഹമോചന നിരക്കുകളിൽ നിന്നും, കുടുംബഛിദ്രതയിൽ നിന്നും മനസ്സിലാക്കാം. ദൈവം സ്ഥാപിക്കുന്നതിനെ അഴിക്കാൻ ശ്രമിക്കുന്നതാണ് ഏറ്റവും ഗുരുതരമായ ദുരന്തം! ദൈവം ഓരോരുവനും കഴിവുകളും ചുമതലകളും ഭരമേല്പിച്ചിരിക്കുന്നു. ജോലി ചെയ്തു ജീവിക്കാനും, അദ്ധ്വാനിക്കാനും ദൈവം മനുഷ്യനെ ചുമതലപ്പെടുത്തിയിരിക്കുന്നു. (ഉല്പ. 2:15) എന്നാൽ താലന്തുകൾ ലഭിച്ചവർ, ദാതാവിനെ വിസ്മരിച്ച്, സ്വയം "മുതലാളിമാരായി" അവരോധിച്ചാൽ വീഴ്ച ഭയങ്കരമായിരിക്കും. സ്വന്തമല്ലാത്തതിന്റെ ഉടമസ്ഥനാകാൻ ശ്രമിക്കാൻ പാടില്ല. നാമെല്ലാം കാര്യസ്ഥന്മാർ (stewards) മാത്രമാണ്; ജോലി ചെയ്യാൻ മനസ്സില്ലാത്ത ദുഷ്ടനും മടിയനു"മായവന്റെ സ്ഥാനം പുറത്താണ്. യജമാനന്റെ നിയന്ത്രണാധികാരം നിഷേധിക്കുന്നവനാണവൻ. യജമാനൻ നൽകിയ പണം വിനിയോഗം ചെയ്ത് ലാഭമുണ്ടാക്കിയാൽ, ആ 'ലാഭം' പോലും യജമാനൻ വാങ്ങുകയില്ല; അത് അവനു തന്നെ.

മനുഷ്യജീവിതത്തിന്റെ കഥയാണിത്. 'രാജസ്ഥാനമേറ്റു' മടങ്ങിവരുന്ന രാജാവും, ദാസന്മാരുടെ കണക്കു കേൾക്കലും, യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്, ന്യായവിധി എന്നിവയുടെ നമുക്കു ഗ്രഹിക്കാവുന്ന രീതിയിലുള്ള വിശദീകരണമാണ്. ദേവാലയം പണിയുവാൻ മനസ്സുവച്ച്, വേണ്ടസന്നാഹങ്ങളെല്ലാം ആക്കിയ ദാവീദ് രാജാവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. 'സകലവും നിങ്കൽ നിന്നല്ലോ വരുന്നത്; നിന്റെ കയ്യിൽ നിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേയുള്ളു' (1 ദിന. 29:14) നമുക്കോ, പള്ളിക്കോ, സമൂഹത്തിനോ, എന്തെങ്കിലും കൊടുക്കുമ്പോൾ ഉണ്ടാകേണ്ട മനോഭാവമാണിത്! യേശുവും ശിഷ്യന്മാരും, ദേവാലയ നികുതി കൊടുക്കുവാൻ ബാദ്ധ്യസ്ഥരല്ല എന്ന് കർത്താവ് വിശദീകരിക്കുന്നു, എങ്കിലും, "അവർക്ക് ഇടർച്ച വരുത്താതിരിക്കാൻ, നികുതി കൊടുക്കുവാനുള്ള ക്രമീകരണം ചെയ്തു. അടിസ്ഥാന കാര്യങ്ങളിലല്ലാതെ, വിശദാംശങ്ങളിൽ" "വിട്ടുവീഴ്ചകൾ" ചെയ്യുന്നതിനുമുള്ള കർത്താവിന്റെ മനസ്സ് നമുക്ക് മനസ്സിലാകുമോ? "ഞങ്ങൾ ദേവാലയത്തിന്റെ അധികാരികൾ" എന്ന് കർത്താവും ശിഷ്യന്മാരും വാദിച്ചാൽ, ഇടർച്ച തീർച്ച. അത് ഒഴിവാക്കി. എന്നാൽ മാജിക്ക് കാട്ടി പണമുണ്ടാക്കുകയല്ല, മത്സ്യബന്ധന പരിചയമുള്ള ശിഷ്യൻ" തൊഴിൽ ചെയ്ത് പണമുണ്ടാക്കാനാണ് കല്പന. അങ്ങനെ ചെയ്യുമ്പോൾ, അവിടെ അത്ഭുതങ്ങൾ നടക്കും. മത്സ്യത്തിന്റെ വായിൽ നാണയം വച്ചതാര്? പ്രഭാതത്തിൽ ശിഷ്യന്മാർക്ക് ഗലീല കടൽത്തീരത്ത്, പ്രാതൽ ഒരുക്കിയ കർത്താവുതന്നെ (യോഹ. 21:9).

2020 സെപ്റ്റംബർ 6
വാങ്ങിപ്പിന് ശേഷം നാലാം ഞായർ

വി: മർക്കോസ് 6: 1 – 6


മനുഷ്യജീവിതവും, വ്യക്തിബന്ധങ്ങളും അത്യുദാത്തമായി നിലനിർത്താനുള്ള ഉപദേശങ്ങൾ 'കർത്താവിന്റെ പ്രസംഗ'ത്തിലുണ്ട്. അവയെല്ലാം, മനുഷ്യർ, സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ സൽഗുണ സമ്പൂർണ്ണരാകുന്നതിന്റെ വഴി തുറന്നു തരുന്നു. പ്രത്യക്ഷത്തിൽ സാധാരണ ജീവിതത്തിൽ പാലിക്കുവാൻ 'പ്രയാസമാണെന്നു' തോന്നലുണ്ടാകുന്നവയാണ്, ഈ ഉപദേശങ്ങൾ ദൈവത്തെ സ്നേഹിക്കുക; മനുഷ്യനെയും സ്നേഹിക്കുക എന്ന അടിസ്ഥാന പ്രമാണത്തിന്റെ വിശദാംശങ്ങളാണിവ. മനുഷ്യർ ഇങ്ങനെയൊക്കെ ആകാൻ മടിക്കുന്നതുകൊണ്ടാണ്? സ്വന്തം, ചിന്തയ്ക്കും നിഗമനങ്ങൾക്കും, തീരുമാനങ്ങൾക്കും അനുസൃതമായി സാമ്രാജ്യം കെട്ടിപ്പെടുത്ത്, അതിൽ വാഴുന്നവർ മറ്റാരുടെയും വരുതിക്കു നിൽക്കാൻ താല്പര്യപ്പെടുകയില്ല. എല്ലാറ്റിനും മാതൃക ദൈവം തന്നെ. സ്വന്തം അഭിപ്രായങ്ങളും, മുൻവിധികളും എല്ലാം എപ്പോഴും ശരിയായിരിക്കണമെന്നില്ലല്ലോ. 'തന്നിഷ്ടം' എന്നും ദൈവേഷ്ടത്തിന്റെ ശത്രുവായിരിക്കും. ഈ ജീവിതത്തിനപ്പുറത്ത് ഒരു അവസ്ഥ ഉണ്ടെന്നു ചിന്തിക്കാതെ, ഇവിടെത്തന്നെ എല്ലാം സമാപിക്കും; അല്ലെങ്കിൽ, എല്ലാം ദൈവം വഹിച്ചുകൊള്ളും എന്ന തെറ്റായ നിഗമനമാണ് പലരെയും വഴിതെറ്റിക്കുന്നത്. നാമെല്ലാം ദൈവമുമ്പാകെ കണക്കു ബോധിപ്പിക്കേണ്ടവരല്ലേ? അവിടെ

പ്രദക്ഷിണം

7

ആരാധനാ പഠനം

ഫാ. ഡോ. വർഗ്ഗീസ് പി. വർഗ്ഗീസ്, പാമ്പാക്കുട
(ഓർത്തഡോക്സ് സെമിനാരി)



ഓർത്തഡോക്സ് പാരമ്പര്യത്തിൽ 'റാസ' എന്ന പദപ്രയോഗമില്ല. റോമാ സഭയിൽ വി. കുർബ്ബാന (റോസോ) എഴുന്നള്ളിച്ച് ആഘോഷമായി കൊണ്ടുപോകാറുണ്ട്. അതിന് അരുളിക്ക ഉപയോഗിക്കുന്നു. അങ്ങനെ വി. കുർബ്ബാന എഴുന്നള്ളിച്ച് പോകുന്നതിനാണ് റാസ എന്നു പറയുന്നത്. അതിനാൽ 'റാസ' എന്ന പദത്തിന് പകരമായി 'പ്രദക്ഷിണം' എന്നാണ് ഉപയോഗിക്കേണ്ടത്. പെരുന്നാളുകളെയും ശുശ്രൂഷകളെയും ഭക്തിനിർഭരവും ആകർഷണീയവുമാക്കുന്നതാണ് പ്രദക്ഷിണം. എല്ലാ മതങ്ങളുടെയും ആരാധനയിൽ ഘോഷയാത്രയ്ക്ക് അഥവാ പ്രദക്ഷിണത്തിന് പ്രധാനസ്ഥാനമുണ്ട്.

യഹൂദ ആരാധനയിൽ രക്ഷാചരിത്രത്തിലെ പ്രധാന സംഭവങ്ങളെ അനുസ്മരിക്കുന്ന ഘോഷയാത്രകൾ ഉണ്ടായിരുന്നു. ഈജിപ്റ്റിൽ നിന്നുള്ള മോചനവും വാഗ്ദത്തനാട്ടിലേയ്ക്കുള്ള യാത്രയും ഇസ്രായേലിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനഘോഷയാത്രകളായിരുന്നു. സാക്ഷ്യപെട്ടകം യെറുശലേമിൽ സ്ഥാപിച്ചതും (2 ശമു. 6) ശലോമോൻ ദേവാലയ ശുദ്ധീകരണം നടത്തിയതും (1 രാജ. 8:1-3) ഘോഷയാത്രയോടെയാണ്. നമ്മുടെ കർത്താവിന്റെ പരസ്യ ശുശ്രൂഷ കുരിശിലേക്കുള്ള ഘോഷയാത്രയായിരുന്നു. ഓശാന നാളിൽ പുരുഷാരം കർത്താവിനെ വരവേറ്റതും (മർക്കോ. 11:1-10), പടയാളികളുടെ അകമ്പടിയോടെ കുരിശുമേന്തിയുള്ള യാത്രയും (മർക്കോ. 15:21-22) ഘോഷയാത്രകളായി മനസിലാക്കാം. കുസ്തന്തീനോസ് ചക്രവർത്തിയുടെ മാനസാന്തരത്തെത്തുടർന്ന് (4-ാം നൂറ്റാണ്ടിൽ) ക്രിസ്തീയ ആരാധനയ്ക്ക് ഔദ്യോഗിക സ്വഭാവമുണ്ടാവുകയും ക്രിസ്തീയ ആരാധന പരസ്യമായി നടത്തപ്പെടുകയും ഘോഷയാത്രകൾ ക്രിസ്തീയ ആരാധനയുടെ ഭാഗമായിത്തീരുകയും ചെയ്തു.

തുടരും...

ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്

സുറിയാനി പാരമ്പര്യത്തിൽ വി. കുർബാന ആരംഭിക്കുന്നതു തന്നെ പ്രദക്ഷിണത്തോടെയാണ്. വിദ്വാന്മാരും ആട്ടിടയന്മാരും ബേത്‌ലഹേമിൽ പിറന്ന യേശു കുഞ്ഞിനെ വന്ദിച്ചതിന്റെ സൂചനയാണിത്. ഏവൻഗേലിയോൻ വായിക്കുവാനായി ആഘോഷപൂർവ്വം കൊണ്ടുവരുന്നതാണ് രണ്ടാമത്തെ പ്രദക്ഷിണം (ബൈസന്റയിൻ സഭയിൽ ഏവൻഗേലിയോൻ ആഘോഷമായി കൊണ്ടുവരുന്നതിന് ചെറിയ പ്രവേശനമെന്നും (little entrance) അപ്പവീഞ്ഞുകൾ ആഘോഷപൂർവ്വം ത്രോണോസിലേക്ക് കൊണ്ടുവരുന്നതിന് വലിയ പ്രവേശനമെന്നും (great entrance) പറയുന്നു. ധൂപക്കൂറ്റി വാഴ്ത്തിയതിനുശേഷം പടിഞ്ഞാറോട്ടു തിരിഞ്ഞ് പട്ടക്കാരൻ ധൂപം വീശുന്നത് മറ്റൊരു പ്രദക്ഷിണമാണ്. കാസായും പീലാസായും പടിഞ്ഞാറോട്ട് ആഘോഷമായി കൊണ്ടുവരുന്നതും പ്രദക്ഷിണം തന്നെ.

സ്ലീബായാഘോഷം നടത്തുന്ന മാറാനായ പെരുന്നാളുകളിൽ പ്രദക്ഷിണം നടത്തുന്ന രീതിയാണുള്ളത്. ഇടവക പള്ളികളിലെ പെരുന്നാളുകളിൽ ദേശം ചുറ്റിയുള്ള പ്രദക്ഷിണം നടത്തുന്ന പതിവും നമുക്കുണ്ട്. മേൽപ്പട്ടക്കാരെ ആഘോഷപൂർവ്വം സ്വീകരിക്കുന്നതും, തീർത്ഥാടനങ്ങളും പ്രദക്ഷിണത്തിന്റെ ഗണത്തിൽപ്പെടുത്താവുന്നവയത്രെ. പട്ടക്കാരും ശുശ്രൂഷകരും അംശവസ്ത്രങ്ങളും ശുശ്രൂഷാ വസ്ത്രങ്ങളും ധരിച്ച്, ധൂപകലശം, മെഴുകുതിരി, ഏവൻഗേലിയോൻ, മറുവഹ്സാ എന്നിവ എടുത്തുകൊണ്ട് പ്രദക്ഷിണം നടത്തുമ്പോൾ വി. മദ്ബഹായുടെ ഹ്രസ്വരൂപം എഴുന്നെള്ളുകയാണ് ചെയ്യുന്നത്. അതിനാൽ പട്ടക്കാരൻ പ്രദക്ഷിണമദ്ധ്യേ ആശീർവദിക്കുമ്പോൾ വി. ബലിപീഠത്തിൽ നിന്നുള്ള അനുഗ്രഹമായി അത് മാറുന്നു.

സഭ നടത്തുന്ന പാപപരിഹാര യാത്രകൂടിയാണ് പ്രദക്ഷിണം. അതുകൊണ്ട് സഭാപിതാക്കന്മാരായ മാർ അപ്രേമിന്റെയും മാർ യാക്കോബിന്റെയും അനുതാപമെമ്രകളും ബോവൂസാകളും പാടിക്കൊണ്ട് പ്രദക്ഷിണം നടത്തിയിരുന്നത്. ഈ ബോധ്യത്തോടെ ഭക്തിയുടെയും ലാളിത്യത്തിന്റെയും അനുതാപത്തിന്റെയും രൂപവും ഭാവവും നഷ്ടപ്പെടാത്ത രീതിയിലാവണം ദേവാലയങ്ങളിലെ നമ്മുടെ പ്രദക്ഷിണങ്ങൾ.

* രക്ഷയുടെ ആയുധമാണ് സ്ലീബാ. രക്ഷയുടെ ദൂതാണ് വി. ഏവൻഗേലിയോൻ. വിജയത്തിന്റെ ചിഹ്നമാണ് കൊടികൾ. മാത്രവുമല്ല; ശിരഛേദനം ചെയ്യപ്പെട്ട യോഹന്നാൻ മാംദാനയുടെയും കർത്താവിന്റെ പ്രതി രക്തസാക്ഷികളായിത്തീർന്ന സഹദേന്മാരുടെയും പ്രതീകങ്ങളുമാണ് കൊടികൾ. ഇവ വഹിച്ചുകൊണ്ട് ധൂപാർപ്പണം നടത്തി ആഘോഷപൂർവ്വം വിശ്വാസത്തെ ലോകത്തോട് പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു ജൈത്രയാത്രയാണ് പ്രദക്ഷിണം.

➤➤

ഒന്നും മറഞ്ഞിരിക്കുന്നില്ലല്ലോ! ശിശുക്കൾക്കും, ശിശുക്കളുടെ മനസ്സുള്ളവർക്കും മാത്രമേ ദൈവരാജ്യത്തിൽ പ്രവേശനമുള്ളൂ. അപ്പോൾ മുതിർന്നവർക്കു അവിടെ പ്രവേശനമില്ലേ? 'ഇല്ല' എന്നല്ല; ഹൃദയ നൈർമ്മല്യമില്ലാത്തവർ ആരായാലും ഏതു പ്രായക്കാരായാലും അവർ രക്ഷപെടില്ല എന്നാണർത്ഥം. "വലിയവൻ" എന്നതിന് ഭൗമിക അർത്ഥമല്ല; സ്വർഗ്ഗരാജ്യവുമായി ബന്ധപ്പെടുത്തിയാണ് കർത്താവ് അത് വ്യാഖ്യാനിക്കുന്നത്. ഭൂമിയിലെ വലിയവൻ സ്വർഗ്ഗത്തിൽ 'വലിയവരാ'യിരിക്കണമെന്നില്ല. ശിശുസഹജമായ നിഷ്കളങ്ക മനസ്സുള്ളവർ മറ്റാർക്കും ഇടർച്ച വരുത്തുകയില്ല. ഉടമ്പടികൾക്കും, അവ വരുത്തുന്നവർക്കും അവിടെ പ്രവേശനമില്ല. ഇടർച്ചയായതിനെ, പുറത്തുകളവാനാണ് കർത്താവു കല്പിക്കുന്നത്. ഇടർച്ചയുമായി കോംപ്രമൈസ് ഇല്ല എന്നതു സ്പഷ്ടമാണ്. ആരെയും നിന്ദിക്കാനോ, കൊച്ചാക്കാനോ ആർക്കും അവകാശമില്ല. മറ്റൊരുവനിൽ നാം കാണുന്നത്, ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവുമാണ്; പിന്നെ എങ്ങനെ പരസ്പരം ബഹുമാനിക്കാതിരിക്കും? മത്താ. 18:11 പ്രകാരം, ഓരോരുവനും ഓരോ കാവൽ മാലാഖ (guardian angel) ഉണ്ടെന്നുള്ള ധാരണ പ്രബലമാണ്. അത് നമുക്ക് ആശ്വാസം നൽകുന്ന ഒരു ചിന്തയും അറിവുമാണ്; നമുക്കു വേണ്ടി എപ്പോഴും ദൈവമുഖം കാണുന്ന കാവൽമാലാഖമാർ! ദൈവദൂതന്മാരുടെ പ്രേരണയാൽ, ക്ഷമിക്കുന്നതിനും, കരുതുന്നതിനും, കാണാതെ പോയതിനെ അന്വേഷിച്ചു പോകാനും നമുക്കു സാധിക്കും. ആ വഴിയാകട്ടെ നമ്മുടെ ചിന്തയും പരിശ്രമങ്ങളും!

പഴയനിയമ പഠനം-7

ഫാ. കെ.വി. ഏലിയാസ്
(ഓർത്തഡോക്സ് സെമിനാരി)

യോശുവ

യോശുവ എന്ന പേരിന് രക്ഷ എന്നാണ് അർത്ഥം എബ്രായ നാമം യഹോശുവ എന്നാണ് ഈ വാക്കിന്റെ മറ്റൊരു രൂപമാണ് ഹോശേയ' എന്ന പേര് യേശു എന്നത്. യോശുവ എന്നതിന്റെ ചുരുക്ക രൂപമാണ്. എബ്രായ വേദ പുസ്തകത്തിലെ രണ്ടാം ഭാഗമായ പ്രവചന ഗ്രന്ഥങ്ങളിൽ ആദ്യത്തേതാണ് യോശുവായുടെ പുസ്തകം. പ്രവാചക പുസ്തകങ്ങളെ രണ്ടായി തിരിച്ചിട്ടുള്ളതിൽ 'മുൻകാല പ്രവാചകന്മാരുടെ ഭാഗമാണിത്. മുൻകാല പ്രവചന പുസ്തകങ്ങളെ ചരിത്ര ഗ്രന്ഥങ്ങളിൽ എന്നും പറയാറുണ്ട്. പഴയ നിയമ പുസ്തകങ്ങളുടെ ഒന്നാം ഭാഗമായ ന്യായപ്രമാണ പുസ്തകങ്ങളെ (പഞ്ചഗ്രന്ഥങ്ങൾ) തുടർന്നാണ് യോശുവായുടെ പുസ്തകം. എബ്രായ വേദ പുസ്തകത്തിലും പൗരാണികവും ആധുനികവുമായ എല്ലാ വിവർത്തനങ്ങളിലും ഇതാണ് ക്രമം. പഴയ നിയമത്തിലെ ആറാമത്തെ പുസ്തകം യിസ്രായേൽ ജനം മോശയുടെ ശുശ്രൂഷകനായും പിൻഗാമിയുമായ യോശുവായുടെ നേതൃത്വത്തിൽ കനാൻ നാട്ടിൽ പ്രവേശിച്ച് ദേശം സ്വന്തമാക്കുന്ന സംഭവമാണിതിലെ പ്രതിപാദ്യം. അതുകൊണ്ട് ഈ പുസ്തകത്തിന്റെ പശ്ചാത്തലമായി ആവർത്തന പുസ്തകത്തെ മിക്ക വേദ പണ്ഡിതരും കാണുന്നു. അഥവാ, ആവർത്തനപുസ്തകം യോശുവായുടെ പുസ്തകത്തിന്റെ ആമുഖമാണ്.

എഴുത്തുകാരനും എഴുതിയ കാലവും: യഹൂദ പാരമ്പര്യവും, പുരാതന ക്രിസ്തീയ പാരമ്പര്യവും യോശുവ തന്നെയാണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവ് എന്ന് വിശ്വസിക്കുന്നു. അതുകൊണ്ടാണ് നമ്മുടെ വി. കുർബ്ബാനയിലെ പഴമ വായനയിൽ "യോശുവാ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന്" എന്ന് വായിക്കുന്നത്. യഹൂദന്മാരുടെ തൽമൂദിൽ (തൽമൂദ് യഹൂദന്മാരുടെ ചരിത്രം, നിയമം, സംസ്കാരം, അനുഷ്ഠാനം എന്നിവയേക്കുറിച്ചുള്ള യഹൂദ റാബിമാരുടെ പഠിപ്പിക്കലുകളാണ്. തൽമൂദ് എന്ന എബ്രായ വാക്കിന് 'പഠനം', 'ബോധനം' എന്നാണർത്ഥം. ഇത് ബാബേൽ പ്രവാസ കാലം മുതൽ (ക്രി.മു. 586) ക്രിസ്തുവർഷം 2-ാം നൂറ്റാണ്ടുവരെയുള്ള കാലത്ത് രചിക്കപ്പെട്ടവയാണ്). ഇത് എഴുതിയത് യോശുവായാണെന്നു പറയുന്നു. എന്നാൽ യോശുവായുടെ മരണത്തേക്കുറിച്ച് 24-29 ലെ പരാമർശം പരിഗണിച്ച്, അഹരോന്റെ മകനായ ഏലെയാസർ യോശുവായുടെ മരണം സംബന്ധിച്ച കാര്യങ്ങളെഴുതിയെന്നും, ഏലെയാസറിന്റെ മരണം സംബന്ധിച്ച് ഭാഗം (24-33) ഏലെയാസറിന്റെ മകൻ താമസിയാതെ തന്നെ ഈ പുസ്തകം എഴുതപ്പെട്ടു എന്നാണ്. അതായത് ക്രി.മു. 13-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലോ, 12-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലോ ആകാം ഇതിന്റെ രചന.

മാർട്ടിൻ നോത്ത് എന്ന വേദപണ്ഡിതനും, അദ്ദേഹത്തിന്റെ പാത തുടർന്ന വിമർശനാത്മക വേദപഠിതാക്കളും പാരമ്പര്യ വാദത്തെ തിരസ്കരിക്കുന്നു. പ്രബോധനം വേദശാസ്ത്രാധിഷ്ഠിതമായ ഏറ്റവും പഴയ ചരിത്രരേഖ ദാവീദിന്റെ രാജഭരണവുമായി ബന്ധപ്പെട്ടുള്ളതാണ്. അത് 2 ശമു. 9-20, 1 രാജാ. 1-2 ഭാഗങ്ങളും ഇതിൽ തന്നെ വ്യത്യസ്തങ്ങളായ ശ്രോതസ്സുകളുടെ കൂട്ടിച്ചേർക്കലുകളുണ്ട് ദാവീദിന്റെ രാഷ്ട്രീയ ജീവിതത്തിലെ പ്രശ്നങ്ങളും അധികാരത്തർക്കത്തിൽ ശലോമോൻ രാജസ്ഥാനം പ്രാപിക്കുന്നതുമെല്ലാം ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. പിൽക്കാലത്ത് ഈ രാജലിഖിത ചരിത്രവും തുടർന്നു വന്ന രാജാക്കന്മാരുടെ വിവരങ്ങളും ചേർത്ത്, രാജവാഴ്ചയ്ക്കു മുമ്പുള്ള കാലത്തെക്കുറിച്ചുള്ള പാരമ്പര്യങ്ങളും ഉൾക്കൊള്ളിച്ച് (യോശുവ ന്യായാധിപന്മാർ ശമുവേൽ എന്നീ ഗ്രന്ഥങ്ങൾ) ഒരു തുടർ ചരിത്ര രചന, ഒരു പക്ഷേ പ്രവാസകാലത്ത് (കാരണം 2 രാജാക്കന്മാരുടെ പുസ്തകം അവസാനിക്കുന്നത് യഹൂദരാജ്യം ബാബേൽ പ്രവാസത്തിലേക്കു പോകുന്ന കാര്യം സൂചിപ്പിച്ചുകൊണ്ടാണല്ലോ) ഉണ്ടായി എന്നവർ അഭിപ്രായപ്പെടുന്നു. ഈ ചരിത്ര രചനയുടെ വേദശാസ്ത്ര പശ്ചാത്തലം ആവർത്തന പുസ്തകമാണെന്നും അവർ വിലയിരുത്തി. അതുകൊണ്ട് ഈ ചരിത്രം ക്രോഡീകരിച്ചവരെ 'ആവർത്തനാധിഷ്ഠിത ചരിത്രകാരൻ' (Deutere nomistic Historian) എന്ന് അവർ പേരു വിളിച്ചു. ഈ ചരിത്രത്തിന് ആവർത്തനാധിഷ്ഠിത ചരിത്രം (Deuteronistic History) എന്നും ഇതനുസരിച്ച് യോശുവായുടെ പുസ്തകം എഴുതപ്പെട്ടത് ബാബേൽ പ്രവാസകാലത്താണ് (ക്രി.മു. 6-ാം നൂറ്റാണ്ട്).

ഇവാൻജലിക്കൽ കാഴ്ചപ്പാടുള്ളവരുടെ സമീപനം ഇനിയും വ്യത്യസ്തമാണ്. ചരിത്ര സംഭവങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതു സംബന്ധിച്ച ചില പരാമർശങ്ങൾ യോശുവായുമായി ബന്ധപ്പെട്ട് പുറപ്പാട് 17:14, യോശുവ 8:34; 24.26 ഭാഗങ്ങളിൽ നാം വായിക്കുന്നത് ഇവ ശൂരന്മാരുടെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു (10:13) എന്നും വായിക്കുന്നു. കൂടാതെ ഇന്നുവരെയും എന്ന പ്രയോഗം 15 പ്രാവശ്യം ഈ പുസ്തകത്തിൽ കാണുന്നു. ഈ പ്രയോഗങ്ങൾ നൽകുന്ന സൂചനയനുസരിച്ച് യോശുവായുടെ കാലത്തുതന്നെ എഴുത്ത് ആരംഭിച്ചിരിക്കാം. എന്നാൽ പൂർത്തീകരണം, ഇന്നത്തെ രൂപത്തിലായത് പ്രവാസകാലത്തും. കാരണം ഈ പുസ്തകത്തിന്റെ വേദശാസ്ത്രാടിത്തറ പ്രവാസകാലത്ത് രചിക്കപ്പെട്ട ആവർത്തന പുസ്തകമാണ്. യോശുവാ 11.21-ലെ "യഹൂദാ മലനാട്, യിസ്രായേല്യ മലനാട്" എന്ന പദദ്വന്ദങ്ങൾ വിഭജിതമായ യിസ്രായേൽ രാജ്യത്തെ സൂചിപ്പിക്കുന്നു എന്ന് ചിന്തിക്കുന്നവരുണ്ട്. അവരുടെ കാഴ്ചപ്പാടിൽ യിസ്രായേലിന്റെ വിഭജനത്തിന് മുമ്പ് ഈ പുസ്തകം എഴുതപ്പെട്ടിരിക്കാൻ സാധ്യതയില്ല. ഇതിൽ ഏറ്റവും സ്വീകാര്യമായ ചിന്ത രണ്ടാമത്തേതാണ്. യോശുവായുടെ പുസ്തകം ആവർത്തനാധിഷ്ഠിത ചരിത്രകാരനാൽ ബാബേൽ പ്രവാസകാലത്ത് എഴുതപ്പെട്ടു.

തുടരും...



വരിഞ്ഞവിള പള്ളി പെരുന്നാൾ


2020 സെപ്തംബർ 1 മുതൽ 8 വരെ

മലങ്കര സഭാതലവൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ പ്രധാന നേതൃത്വത്തിൽ



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

പരിശുദ്ധ കാതോലിക്കാ ബാവയുടെ നേരിട്ടുള്ള ഭരണത്തിൽ ഉൾപ്പെട്ട, കൊല്ലം ജില്ലയിൽ ചാത്തന്നൂർ നാഷണൽ ഹൈവേയിൽനിന്നും കൊട്ടാരക്കര റൂട്ടിൽ (4km) വരിഞ്ഞവിള സെന്റ് മേരീസ് സെൻട്രൽ സ്കൂളിന് സമീപം സ്ഥിതി ചെയ്യുന്ന ദേവാലയവും, സർവ്വമതസ്ഥരുടെയും തീർത്ഥാടന കേന്ദ്രമായ, വരിഞ്ഞവിള പള്ളി, പുരാതന ക്രൈസ്തവ സംസ്കൃതിയുടെ കേദാരമായും, മതസാഹോദര്യത്തിന്റെ സംഗമസമതല ഭൂമിയായും, മതവിഭാഗീയത അലിഞ്ഞ് ഇല്ലാതാകുന്ന ദൈവസന്നിധിയായും പരിലസിക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ അപൂർവ്വ ദേവാലയങ്ങളിലൊന്നാണ്.



വരിഞ്ഞവിള പള്ളിയിലെ അനുഗ്രഹീതമായ വിശുദ്ധ മദ്ബഹാ



അഭിവന്ദ്യ സഖറിയ മാർ അന്തോനിയോസ് മെത്രാപ്പോലീത്താ

സെപ്തംബർ 1-ാം തീയതി രാവിലെ 7.30 ന് പ്രഭാത പ്രാർത്ഥന, തുടർന്ന് നടതുറക്കൽ (വിശുദ്ധ ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും തിരുരൂപം പൊതുദർശനത്തിനായി വർഷത്തിൽ ഒരിക്കൽ മാത്രം തുറക്കുന്ന ചരിത്രപ്രസിദ്ധമായ ചടങ്ങ്), 8.15ന് വിശുദ്ധ കുർബ്ബാന **പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട്** പ്രധാന കാർമ്മികത്വം വഹിക്കും. സെപ്തംബർ 8 വരെ എല്ലാ ദിവസവും രാവിലെ 8.00 ന് വിശുദ്ധ കുർബ്ബാന. സമാപന ദിവസമായ സെപ്തംബർ 8-ാം തീയതി വിശുദ്ധ കുർബ്ബാന **അഭിവന്ദ്യ സഖറിയ മാർ അന്തോനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്** പ്രധാന കാർമ്മികത്വം വഹിക്കും. തുടർന്ന് ആഘോഷപൂർവ്വമായ പ്രദക്ഷിണം, ശ്ലൈഹീക വാഴ്‌വ്, കുട്ടികൾക്കുള്ള ആദ്യചോറൂട്ട്, നേർച്ച വിളമ്പ് എന്നിവയോടുകൂടി പെരുന്നാൾ സമാപിക്കും.




ഫാ. കോശി ജോർജ്ജ് വരിഞ്ഞവിള (ഇടവക വികാരി)

ദൈവമാതാവിന്റെ പെരുന്നാളിൽ ഭക്തിപൂർവ്വം പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ വിശ്വാസികളുടെ പ്രാർത്ഥനാനിർഭരമായ സാന്നിദ്ധ്യവും സഹകരണവും കർത്തൃനാമത്തിൽ സാദരം ക്ഷണിക്കുന്നു.

സ്നേഹവാത്സല്യങ്ങളോടെ,

ഇടവക വികാരി
ഫാ. കോശി ജോർജ് വരിഞ്ഞവിള
ഫോൺ:9497489000



ഫാ. ഡോ. റജി മാത്യു

(ഓർത്തഡോക്സ് സെമിനാരി)

പരസ്യശുശ്രൂഷ : സന്ദേശവും, സഹായികളും, പ്രവർത്തന പദ്ധതികളും (മത്താ. 4:12-25)

പരസ്യ ശുശ്രൂഷയ്ക്കായുള്ള യേശുവിന്റെ വ്യക്തിപരമായ തയ്യാറെടുപ്പാണല്ലോ സ്നാനത്തിലും, പ്രലോഭനങ്ങളെ അതി ജീവിക്കുന്നതിലും നാം പഠിച്ചത്. ഇനിപറയുന്നത് തന്റെ പരസ്യ ശുശ്രൂഷയുടെ സന്ദേശത്തെപ്പറ്റിയും, തന്നോടൊപ്പം പ്രവർത്തിക്കുന്നവരെപ്പറ്റിയും തന്റെ ഭാവി പ്രവർത്തനത്തിന്റെ ശൈലികളെപ്പറ്റിയുമാണ്.

a) സ്വർഗ്ഗരാജ്യത്തിന്റെ സന്ദേശം (4-12-17)

യേശുവും യോഹന്നാൻ സ്നാപകനും ഒരു കാലഘട്ടത്തിലെ ദൈവിക ഇടപെടലുകളുടെ സുപ്രധാന സൂചനകൾ നമുക്ക് നൽകുകയാണ്. യോഹന്നാൻ കാരാഗൃഹത്തിലായി എന്നതറിഞ്ഞാണ് യേശു രംഗത്തേക്ക് കടന്നു വരുന്നത്. തന്റെ പിതൃനഗരമായ നസ്രത്ത് വിട്ടു ഗലീലാ തടാകത്തിനു സമീപമുള്ള കഫർന്നഹൂമിൽ യേശു താമസമാരംഭിക്കുകയാണ്. അവിടുത്തെ താമസക്കാരൻ എന്ന നിലയിൽ യേശു കരം അടയ്ക്കുവാൻ തയ്യാറാകുന്നത് മത്താ. 17:24 ൽ നാം വായിക്കുന്നുണ്ട്. സെബുലൂൻ ദേശത്തുള്ള നസ്രേത്തും നഫ്ത്താലി ദേശത്തുള്ള കഫർന്നഹൂമും യേശുവിന് പ്രവർത്തന മേഖലകളായി മാറുന്നു. ഇതിൽ ഒരു പ്രവചന നിവൃത്തിയുള്ളതായി വി. മത്തായി ശ്ലീഹാ പറയുകയാണ്. യെശയ്യാ പ്രവചനം ഒൻപതാം അദ്ധ്യായത്തിൽ പറയുന്ന കാര്യങ്ങളാണ് (യെശ. 9:1-2) ഇവിടെ പൂർത്തീകരിക്കപ്പെടുന്നത്. ജന്മസ്ഥലമായ ബേത്‌ലഹേമും (മത്താ. 2:6), വളർന്നു വന്ന നസ്രേത്തും (മത്താ. 2:23) തിരുവചന പ്രകാരമായിരുന്നതുപോലെ കർമ്മ സ്ഥലവും യേശുവിന് പ്രവചന നിവൃത്തിയുള്ള പ്രദേശവും, "ജാതികളുടെ കേന്ദ്ര"മായി സുവിശേഷകൻ ചിത്രീകരിക്കുന്ന ഗലീലയും യേശുവിലൂടെ ദൈവം ഇടപെടുന്നത് അതിലൊക്കെയാണെന്നുള്ളതും സുവിശേഷകൻ വ്യക്തമാക്കുന്നു. "കഷ്ടതയും, അന്ധകാരവും, സങ്കടമുള്ളതിമിരവും" ബാധിച്ച ജനതയെപ്പറ്റി പറയുന്ന യെശയ്യാ പ്രവാചകൻ (യെശ. 8:22) മശിഹായെപ്പറ്റി പ്രവചിക്കുന്നത് "കുരുട്ടു കണ്ണുകളെ തുറക്കുവാനും, ബന്ധന്മാരെ കുണ്ടറയിൽ നിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽ നിന്നു വിടുവിക്കുവാനും" ഉള്ള വിമോചകനായിട്ടാണ് (യെശ. 42:6). യേശുവിലൂടെ "അന്ധകാരത്തിലിരുന്ന ജനം അത്ഭുത പ്രകാശം" (മത്താ. 4:16) കാണുവാൻ തയ്യാറാവുകയാണ് (Jesus becomes a light to the Nation). യേശുവിന്റെ സന്ദേശം വളരെ ലഘുവാണ്: "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ". ലഘുവെന്നു തുടക്കത്തിൽ തോന്നുമെങ്കിലും ഇത് യോഹന്നാൻ സ്നാപകന്റെ ആഹ്വാനത്തിന്റെ തുടർച്ചയും യേശുവിൽ തന്നെ സമാരംഭിക്കുന്ന പുതിയൊരു സംവിധാനത്തിന്റെ സൂചനയുമാണ്. തികഞ്ഞ യഹൂദമതാനുസാരിയായിരുന്ന വി. മത്തായി ശ്ലീഹാ "ദൈവരാജ്യം" എന്നതിനുപകരം തന്റെ സുവിശേഷത്തിലുടനീളം "സ്വർഗ്ഗരാജ്യം" എന്ന പദമാണുപയോഗിക്കുന്നത്. യഹൂദന്മാർ ഒരിക്കലും ദൈവത്തിന്റെ നാമം ഉച്ചരിക്കുന്ന പതിവുണ്ടായിരുന്നില്ല.

b) യേശുവിന്റെ സഹപ്രവർത്തകർ (മത്താ. 4:18-22)

പന്തിരുവരുടെ വിളിയും തെരഞ്ഞെടുപ്പും സുപ്രധാനമായ കാൽവെയ്പാണ്. ഏതൊരു പദ്ധതിയും ഭംഗിയായി നടപ്പാക്കണമെങ്കിൽ അതിനു യോജ്യരായ ഒരു സംഘം പ്രവർത്തകർ കൂടെയുണ്ടാവണമല്ലോ. ദൈവപുത്രനെന്ന നിലയിൽ തനിക്കാരുടെയും സഹായം ആവശ്യമില്ലെങ്കിൽ കൂടി യേശു ഇതിലൂടെ നമ്മെ ഒരു പാഠം പഠിപ്പിക്കുന്നു. പുതിയൊരു ആശയം ഉൾക്കൊണ്ട് നവോത്ഥാന പാതയാഗ്രഹിക്കുന്നവർ എന്നും ഗുരുക്കന്മാർക്ക് സംവാദ പങ്കാളികളും, അവരുടെ ആശയങ്ങളുടെ തുടർച്ച യാഥാർത്ഥ്യമാകുവാൻ സഹായികളുമായിരിക്കും. യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരായിരുന്ന ശിമോനെയും അന്ത്രയോസിനെയുമാണ് (യോഹ. 1:40) തുടക്കത്തിൽ വിളിക്കുന്നത്. വി. മത്തായി ശ്ലീഹായെ സംബന്ധിച്ച് പത്രോസിന് അന്ത്രയോസിനെക്കാൾ പ്രാധാന്യവും ശിഷ്യഗണത്തിൽ അദ്വിതീയ സ്ഥാനവുമാണുണ്ടായിരുന്നത്. ഈ സഹോദരങ്ങളും സെബദിപുത്രന്മാരായ മാർ യാക്കോബും യോഹന്നാനും ദൈവരാജ്യത്തെ കരംപിടിച്ചിരുന്നവരും, സമർപ്പിത ജീവിതത്തിന് കൊള്ളാവുന്നവരും, ഗുരുകുല ജീവിതത്തിന് തയ്യാറുമായിരുന്നു. അവർ മാതാപിതാക്കളെയും, തങ്ങളുടെ ഉപജീവന മാർഗ്ഗത്തെയുമെല്ലാം ഉപേക്ഷിച്ച് സർവ്വസംഗ പരിത്യാഗികളായി യേശുവിനെ അനുഗമിക്കുന്നതിനുള്ള ആഹ്വാനം സ്വയമേ സ്വീകരിക്കുന്നു.

c) മശിഹായുടെ പ്രവർത്തന പദ്ധതികൾ (4:23-25)

യേശുവിന്റെ പ്രവർത്തന പദ്ധതി ത്രിമുഖ സ്വഭാവമുള്ളതായിരുന്നു. 1) പ്രഥമമായും യഹൂദ സുനഗോഗുകളിൽ യേശു ആധികാരിക ഉപദേശകനായി മാറുന്നു; 2. ഗലീലയിലും ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങളിൽ പ്രത്യേകിച്ച് തീരപ്രദേശ ഗ്രാമങ്ങളിൽ-യേശു സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം അറിയിച്ചു; 3. ജനങ്ങളിലുള്ള സർവ്വവ്യാധികളെയും താൻ സുഖപ്പെടുത്തുകയും ആശയറ്റ ജനതയ്ക്ക് പ്രത്യാശ നൽകുകയും ചെയ്തു. ഇതു മൂലം റോമാ സാമ്രാജ്യത്തിന്റെ സുപ്രധാന പ്രവിശ്യയായ സിറിയായിൽ യേശു പ്രകീർത്തിതനായി. വേദനകളുള്ളവരും, പിശാചു ബാധിതരും, തളർവാദതരോഗികളുമെല്ലാം സമൂഹത്തിൽ നല്ലവരും അന്തസ്സുള്ളവരുമായി രൂപാന്തരപ്പെട്ടു. നമുക്ക് സാധ്യമാവേണ്ടത് ഇത്തരമൊരു പ്രവർത്തന പദ്ധതിയാണ്. അതിന് അനുയോജ്യമായ ആശയങ്ങൾ രൂപീകരിക്കുകയും, തക്ക പ്രവർത്തകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

തുടരും... ■

ഹഗിയ സോഫിയ സംരക്ഷിക്കപ്പെടണം

- പരിശുദ്ധ കാതോലിക്കാ ബാവാ



പൗരാണിക ക്രൈസ്തവ സംസ്കൃതിയുടെ ഉദാത്ത പ്രതീകമായി തുർക്കിയിൽ സ്ഥിതി ചെയ്തിരുന്ന **ഹഗിയ സോഫിയ** ദേവാലയം മോസ്ക് ആയി മാറ്റുന്നതിനുള്ള ഭരണാധികാരികളുടെ തീരുമാനം മാനവീകതയുടെ ഉന്നതമൂല്യങ്ങൾക്ക് എതിരായുള്ള വെല്ലുവിളിയാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. നൂറ്റാണ്ടുകളായി ലോകമെമ്പാടുമുള്ള ക്രിസ്തുമത വിശ്വാസികളുടെ പ്രത്യേകിച്ച് ഓർത്തഡോക്സ് സത്യവിശ്വാസ സമൂഹത്തിന്റെ ഹൃദയത്തിൽ രൂഢമൂലമായിരുന്ന ആഴമേറിയ വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും ആത്മീയ സംസ്കാരത്തിന്റെയും ശ്രേഷ്ഠ പ്രതിരൂപമാണ് ഇപ്പോൾ തകർക്കപ്പെട്ടിരിക്കുന്നത്. മാനവ ചരിത്രത്തിൽ ഒരു കറുത്ത പാടായി അവശേഷിക്കാവുന്നതാണ് ഈ തീരുമാനം. ഇപ്രകാരമൊരു തീരുമാനം കൈക്കൊണ്ട നേതാക്കളുടെ മാനസാന്തരത്തിനും ദൈവം അവരോട് ക്ഷമിക്കുന്നതിനും ഏവരും പ്രാർത്ഥിക്കണം എന്നും ഈ സംഭവം മൂലം മാനവീകതയ്ക്കും ധാർമ്മികതയ്ക്കും ഉണ്ടായ അപചയം എത്രയുംവേഗം പരിഹരിക്കപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം എന്നും പരിശുദ്ധ കാതോലിക്കാ ബാവാ ലോക മതനേതാക്കൾക്കും സഭാ പിതാക്കന്മാർക്കും എഴുതിയ സന്ദേശത്തിൽ വ്യക്തമാക്കി. ●

പ്രത്യാശ കൗൺസലിംഗ് കോഴ്സ്

കോട്ടയം : ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടു പ്രത്യാശാ കൗസലിംഗ് കോഴ്സിലേക്കുള്ള (Diploma in Pastoral Counselling) അപേക്ഷകൾ ക്ഷണിക്കു്യു. ഏതെങ്കിലും വിഷയത്തിൽ സർവ്വകലാശാല ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോമിനും മറ്റു വിവരങ്ങൾക്കുമായി ബന്ധപ്പെടുക. The Director, Prathyasa Counselling Centre, Orthodox Theological Seminary, P.B. No. 98, Kottayam. Phone: 9657874641. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2020 ആഗസ്റ്റ് 15. അപേക്ഷാ ഫോം സെമിനാരി വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. www.ots.edu.in

7th Death Anniversary

07th AUGUST 2020

10-04-1940



07-08-2013

In Loving Memory of

Our Pappa

(JOHN THARAKAN K. G.)

Kalapurackal, Ashiwarya Garden,

Villa No. 5

Kuttur, Thrissur-680013

By Sorrowing Family

9-ാം ചരമ വാർഷികം

(26-08-2020)

FR. PHILIP K. ALEX

Kiliyilathu House

Kayamkulam

ജനനം

10-10-1936



മരണം

26-08-2011

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം-നാഥാ സ്തോത്രം"

Inserted by loving family



കുടുംബ വിശേഷം 5

ജിജി ജോൺസൺ

പ്രകാശം പരത്തുന്ന അമ്മമാർ

അടുത്ത നാളിൽ ഒരു പ്രമുഖ പള്ളിയുടെ ഭരണ സമിതിയംഗങ്ങൾ തമ്മിലുള്ള സംഭാഷണം കേൾക്കാനിടയായി. 'ദുഖവെള്ളി, ഈസ്റ്റർ, ഗീവർഗീസ് സഹദായുടെ പെരുന്നാൾ എല്ലാം കൊറോണയിൽ മുങ്ങിപ്പോയി. പിന്നെവല്ലതും കിട്ടാനുണ്ടായിരുന്ന പ്രതീക്ഷ ഓഗസ്റ്റ്, സെപ്റ്റംബർ മാസത്തിലെ മാതാവിന്റെ പെരുന്നാളുകളായിരുന്നു. അതും രക്ഷയില്ലാത്ത അവസ്ഥ. പള്ളിപണിത കടം എങ്ങനെ വീട്ടുമോ ആവോ?' കോവിഡ് സൃഷ്ടിച്ചിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഇടവകകളെ സാരമായി ബാധിച്ചു എന്നതിന് സംശയമില്ല. അതുകൊണ്ട് ഈ സംഭാഷണം യാഥാർത്ഥ്യ ബോധത്തോടെയാണെന്ന് ഏതൊരാൾക്കും മനസ്സിലാവും. എന്നാൽ ഇത് കേട്ടപ്പോൾ എന്റെയുള്ളിൽ വന്ന ചിന്തമറ്റൊന്നാണ്, 'മാതാവിലുള്ള വിശ്വാസം കേവലം വരുമാന മാർഗ്ഗമാണോ?' ജീവിതത്തിൽ ഒരുപാട് പരാജയം ഏറ്റുവാങ്ങിയ ഒരു യുവാവ് ആത്മഹത്യയുടെ വക്കിലെത്തിനിന്നപ്പോൾ പോലും, തന്നെ സ്നേഹിക്കുകയും കരുതുകയും തനിക്കു വേണ്ടി കാത്തിരിക്കുകയും ചെയ്യുന്ന ഒരമ്മ വീട്ടിലുണ്ടെന്ന ഓർമ്മയാണ് ജീവിതത്തിലേക്ക് തിരിച്ചുവരാൻ കാരണമായതെന്ന് പറയുകയുണ്ടായി. ജീവിതത്തിൽ തനിച്ചായി എന്ന് തോന്നുന്ന ഏതൊരാൾക്കും ആശ്വാസമാകുന്നതാണ് അമ്മയുടെ മുഖവും അമ്മയെക്കുറിച്ചുള്ള ഓർമ്മകളും. എത്രവളർന്നാലും ഒരപകടംവരുമ്പോൾ ആദ്യംനാവിലുയരുന്നവാക്ക് അമ്മ എന്ന് തന്നെയായിരിക്കും. 'അമ്മ' എന്നപദത്തിന്റെ അർത്ഥവും വ്യാപ്തിയും വർണ്ണിക്കാൻ വാക്കുകൾ മതിയാവുകയില്ല. അതൊരുവികാരമാണ്, അനുഭവമാണ്, അനുഭൂതിയാണ്. എന്നാൽ ഇന്ന് ആ പദവും വികലമാക്കപ്പെട്ടിരിക്കുന്നു. വേദനിക്കുന്ന മാതൃത്വവും വേദനിപ്പിക്കുന്ന മാതൃത്വവും സർവ്വസാധാരണമായിരിക്കുന്നു. വഴിയരികിലും ദേവാലയങ്കണങ്ങളിലും വൃദ്ധസദനങ്ങളിലുമെല്ലാം ഉപേക്ഷിക്കപ്പെട്ട അമ്മമാരുടെ കഥകൾ ദിനംപ്രതി കേൾക്കേണ്ടിവരുന്നു. വേണ്ടത്ര ഭക്ഷണവും വസ്ത്രവും ലഭിക്കാതെയും കൊച്ചുമക്കളോട് മിണ്ടാനനുവാദ മില്ലാതെയും മക്കൾ ജോലിക്ക് പോകുമ്പോൾ പൂട്ടപ്പെട്ട മുറിയിൽ ഒറ്റക്ക് കഴിയേണ്ടി വരുന്ന പലരുടേയും കഥകൾ പുറംലോകം അറിയാതെ പോകുന്നു. ഇതിന്റെ മറുവശം, നൊന്തു പെററ മക്കളെ യാതൊരു ദാക്ഷിണ്യവുമില്ലാതെ പീഡിപ്പിക്കുകയും കൊലപ്പെടുത്തുകയും ചെയ്യുന്ന അമ്മമാരുടെ എണ്ണം വർധിച്ചുവരുന്നു. അമ്മ എന്ന പദം ഏറ്റവും വികലമാക്കപ്പെടുന്നത് ഇത്തരക്കാരിലൂടെയാണ്. ഓരോ സംഭവങ്ങൾ കേൾക്കുമ്പോഴും മക്കൾ ഇത്ര ക്രൂരരാകാമോ; ഒരമ്മ എങ്ങനെ ഇങ്ങനെയാകുന്നു? തുടങ്ങിയ ആത്മഗത പ്രതികരണങ്ങളിലൂടെയവസാനിക്കുന്നു. കാലം മാറുകയും ജീവിത വീക്ഷണങ്ങൾക്ക് മാറ്റംവരികയും ചെയ്യുമ്പോൾ അനുവർത്തിച്ച് പോരുന്ന പലശൈലികൾക്കും മൂല്യങ്ങൾക്കും മാറ്റംസംഭവിക്കാം. ജീവിതത്തിന്റെ ഉയരങ്ങൾ കീഴടക്കാനുള്ള വ്യഗ്രതയിൽ പാലിച്ച് പോന്ന പല മൂല്യങ്ങളും കൈമോശം വന്നേക്കാം. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ആർജ്ജിക്കുന്നവരാണ് ഏറ്റവും മികച്ചവർ എന്ന ലോകതത്വം അടിസ്ഥാനമാക്കിയാണ് ഈപരക്കം പാച്ചിൽ. അതുകൊണ്ട് തന്നെ മുൻഗണനകൾക്ക് (priority) മാറ്റം വരുന്നു. എന്തിനും വിലയിടുകയും ലാഭനഷ്ടങ്ങൾ വിലയിരുത്തുകയും ചെയ്ത്, കഴിവതും നഷ്ടം ഒഴിവാക്കി കൂടുതൽ ലാഭത്തിലേക്ക് ലക്ഷ്യം വെക്കുന്നു. ധനം/പ്രശസ്തി/സ്ഥാനമാനങ്ങൾ ഇവയെല്ലാം ലാഭക്കണക്കിൽ വരുന്നുണ്ട്. സുഖലോലുപതയും ആഡംബര ജീവിതവും ആർത്തി സംസ്കാരവുമെല്ലാം ഇതിന്റെ പരിണിത ഫലങ്ങളാണ്. 'നാടോടുമ്പോൾ നടുവേ' എന്ന പഴഞ്ചൊല്ല് ആസ്പദമാക്കിയാണ് ഈ കുതിപ്പ്. ഈ ഓട്ടത്തിനു തടസ്സമാകുന്നതും അവഗണന ഏൽക്കേണ്ടി വരുന്നതും കൂടുതലും ദുർബല വിഭാഗങ്ങളായ കുട്ടികളും വൃദ്ധരുമാണ്.

വേദനിക്കുന്ന മാതൃത്വവും വേദനിപ്പിക്കുന്ന മാതൃത്വവും എന്തുകൊണ്ടാണ് നമ്മുടെ സമൂഹത്തിൽകൂടി വരുന്നത് എന്ന് ചിന്തിക്കുവാനും ആത്മപരിശോധന നടത്തുവാനും പ്രത്യേകിച്ച് പ. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ സഭയായി നമുക്ക് സാധിക്കേണ്ടതല്ലേ? ഈ കാര്യത്തിൽ സഭയ്ക്ക് നിസംഗമായി ഇരിക്കാൻ സാധിക്കുമോ? ഇടവകയുടെ ശുശ്രൂഷ തലത്തിൽ മുൻഗണന കൊടുക്കുന്നത് പലപ്പോഴും വിശ്വാസ സമൂഹത്തെ കരുതുന്നതിനേക്കാൾ പള്ളി നവീകരിക്കാനും സ്വർണ്ണകൊടിമരം സ്ഥാപിക്കാനും അതിനു വേണ്ടി പിരിവെടുക്കാനുമൊക്കെയാക്കെയാകുമ്പോഴല്ലേ മാതാവിന്റെ പെരുന്നാളുകളും മധ്യസ്ഥതയുമെല്ലാം വില്പന നടത്തേണ്ടി വരുന്നത്? കാനോനികമല്ലാത്ത, സഭയുടെ വേദശാസ്ത്രത്തിനിതരമായ എട്ട് നോമ്പ് കടമെടുത്താഘോഷിക്കുന്നതും ഈലാഭം മുൻപിൽകണ്ടല്ലേ? പെരുന്നാളുകൾ വേണ്ടെന്നല്ല, പെരുന്നാളുകളുടെ അർത്ഥം മാറിപോകരുത്. മാതാവിനെ വിശുദ്ധപരിവേഷം മാത്രം കൊടുത്തു മാറ്റി നിർത്താനല്ല മറിച്ച് ജീവിതത്തിൽ അനുകരിക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കുകയാണ് ചെയ്യേണ്ടത്. പിഞ്ചുകുഞ്ഞിനെയും മാറത്തടുക്കി, മിസ്രയിമിലേക്ക് ഔസേപ്പ് പിതാവിനോടൊപ്പം പാലായനം ചെയ്യുമ്പോൾ മാതാവ് അനുഭവിച്ച വ്യഥയും ആകുലതകളും ഇന്നും എത്രയോ അമ്മമാർ അനുഭവിക്കുന്നുണ്ട്. മദ്യപൻമാരായ ഭർത്താക്കൻമാരുടെ ഉപദ്രവം സഹിക്കാൻ കഴിയാതെ കുഞ്ഞുങ്ങളേയും ചേർത്ത് പിടിച്ച് വീടിന് പുറത്ത് രാത്രികൾ കഴിച്ചു കൂട്ടേണ്ടി വരുന്ന അമ്മമാരുടെ കഷ്ടപ്പാടും സങ്കടങ്ങളും ആരെങ്കിലും അറിയുന്നുണ്ടോ? അകാലത്തിൽ ഭർത്താവ് നഷ്ടപ്പെട്ടിട്ടും തങ്ങളുടെ കുഞ്ഞുങ്ങളെ ഒരുകരപറ്റിക്കാൻ വേണ്ടി അത്യദ്ധ്വാനം ചെയ്ത് വിജയിച്ച എത്രയോ അമ്മമാർ നമ്മുടെയിടയിലുണ്ട്. പലതരത്തിലുള്ള ബുദ്ധിമുട്ടുകളേയും അതിജീവിച്ച് പലപ്പോഴും ഭർത്താക്കൻമാരുണ്ടാക്കുന്ന ബാധ്യതകൾ വരെ ഏറ്റെടുത്തും കുടുംബം ചിതറി പോകാതിരിക്കാൻ കഷ്ടപ്പെടുന്ന അമ്മമാരെ നേരിട്ടറിയാം. ഇവരെ ഓർക്കുകയും അംഗീകരിക്കുകയും അതത് ഇടവകകളിൽ ആദരിക്കുകയും ചെയ്യുമ്പോഴല്ലേ മാതൃത്വം അനുഭവിക്കുന്ന സഹനങ്ങൾ ഇന്നുമുണ്ടെന്നും അവർ ആദരിക്കപ്പെടേണ്ടവരാണെന്നും ലോകം അറിയുന്നത്. അതല്ലേ സഭചെയ്യേണ്ടത്? ഇങ്ങനെയല്ലേ ഇടവക മാതാവിനെ കാലീകമായി മനസ്സിലാക്കികൊടുക്കേണ്ടത്? മറിച്ച് കേവലം വരുമാന മാർഗമായും സ്വാർത്ഥ താത്പര്യങ്ങൾ നടത്തിക്കിട്ടാനുള്ള മധ്യസ്ഥയായും മാതാവിനെ കാണുന്നത് തെറ്റായ സന്ദേശം സമൂഹത്തിനു നൽകാനെ ഉതകുന്നുള്ളു. അമ്മ ഒരാശ്രയമാണ്. ഏതൊരാളേയും ഏറ്റവും അധികം ചേർത്ത് പിടിച്ചിട്ടുള്ള കൈകളും, അവർക്ക് വേണ്ടി ഏറ്റവും അധികം വ്യാകുലപ്പെട്ടിട്ടുള്ള ഹൃദയവും അമ്മയുടേതന്നെ. സ്വർഗ്ഗത്തിലും ഒരമ്മയുണ്ടെന്ന അറിവ് മരണത്തെപോലും ഭയമില്ലാതെ സ്വീകരിക്കാൻ ധൈര്യം തരുന്നുണ്ട്. ധന്യയായ അമ്മയുടെ മധ്യസ്ഥത നമുക്ക് യാചിക്കാം. ജീവിതത്തിന്റെ ഞെരിപ്പോടുകളിൽ അമർന്നെങ്കിലും ഇത്തിരിവെട്ടം കുഞ്ഞുങ്ങൾ ക്കായിനൽകുന്ന അമ്മമാരെ നമുക്ക് ആദരിക്കാം. ജീവിതത്തിന്റെ സായന്തനങ്ങളിലെത്തിയ അമ്മമാർക്ക് പ്രത്യാശയും സമാധാനവും ആശംസിക്കാം. പ്രകാശം പരത്തുന്ന അമ്മമാരാകട്ടെ നമ്മുടെ ആശ്വാസവും വഴികാട്ടിയും. ●

"എന്റെ ഭർത്താവ് 25 വർഷമായി വിദേശത്ത് ജോലി ചെയ്യുന്നു. രണ്ട് മക്കളും, അമ്മയും (അമ്മായിഅമ്മ) ഞാനും നാട്ടിൽ ആ അമ്മയും ഞാനും നല്ല രീതിയിൽ ആണ് കഴിഞ്ഞിരുന്നത്. പക്ഷേ ഈയിടെയായി അമ്മ എന്നെ തൊട്ടതിനും പിടിച്ചതിനും ഒക്കെ സംശയിക്കുന്നു. അമ്മയുടെ സാധനങ്ങൾ, പണം ഇവയൊക്കെ ഞാൻ മോഷ്ടിക്കുന്നു- എന്റെ വീട്ടിലേക്ക് കടത്തുന്നു എന്നിങ്ങനെയാണ് ആരോപണങ്ങൾ. അമ്മ തന്നെ ഓരോ സാധനങ്ങൾ എവിടെയെങ്കിലും പാത്തുവെയ്ക്കും അതെവിടെയാണ് എന്ന് മറന്നു പോകും. (വീട്ടിൽ ഇടയ്ക്ക് സഹായത്തിന് വന്നു കൊണ്ടിരുന്ന ജോലിക്കാരിയെ ആയിരുന്നു ആദ്യമൊക്കെ സംശയം. അതോടെ അവർ വരവ് നിർത്തി). കാണാതെ പോകുന്ന സാധനങ്ങൾ എവിടെ നിന്നെങ്കിലും ഞാനോ മക്കളോ തപ്പി എടുത്താൽ, മോഷണം പിടിച്ചു എന്നറിഞ്ഞപ്പോൾ തിരികെ കൊണ്ടുവെച്ചു എന്നാണ് വിചാരം. എന്നെപ്പറ്റി ഇത്തരം ആരോപണങ്ങൾ മറ്റുള്ളവരോട് പറയുന്നത് എനിക്ക് സഹിക്കാൻ പറ്റുന്നില്ല. ഭർത്താവിനോട് പറഞ്ഞിട്ട് അദ്ദേഹത്തിന് ഇതെല്ലാം തമാശയാണ്. പക്ഷേ അത്ര തമാശയായി കാണാൻ എനിക്ക് സാധിക്കുന്നില്ല. അമ്മയ്ക്ക് ഓർമ്മക്കുറവ് ഉണ്ടോ എന്ന് ചിലപ്പോൾ സംശയം തോന്നും. രാവിലെ നന്നായി ഭക്ഷണം കഴിച്ചിട്ട്, കഴിച്ചിട്ടില്ല, എനിക്കാരും ഒന്നും തന്നില്ല എന്നൊക്കെ പറയും. പക്ഷേ പഴയ കാര്യങ്ങൾ ഒക്കെ നല്ല ഓർമ്മയാണ്. പ്രാർത്ഥനകൾ എല്ലാം കാണാപ്പാഠമാണ്-ഒരുവരി പോലും തെറ്റാതെ ചൊല്ലും. അതുകൊണ്ട് ഓർമ്മക്കുറവാണ് എന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. ഈ പെരുമാറ്റം മാറ്റിക്കിട്ടാൻ എന്താണ് ഒരു വഴി എന്ന് പറഞ്ഞുതരാമോ"- മധ്യവയസ്കയായ ഒരു വീട്ടമ്മയുടെ പരാതിയുടെ ചുരുക്കമാണിത്.



ഡോ. വർഗീസ് പുന്നൂസ്
പണിക്കശ്ശേരിൽ

വാർദ്ധകൃത്തിലേക്ക് കടക്കുന്ന അമ്മമാരും, അച്ഛന്മാരും ഉള്ള വീടുകളിൽ സംഭവിക്കാൻ സാധ്യതയുള്ള ഒരു സീൻ ആണിത്. ഇത്തരം പ്രശ്നങ്ങൾ പല വീടുകളിലും സന്തോഷത്തിന്റെ അന്തരീക്ഷം ഇല്ലാതെയാക്കുന്നു. രൂത്തിന്റെയും നവോമിയുടെയും കഥ പറഞ്ഞ് ആശ്വസിക്കാവുന്ന ഒരു പ്രശ്നമല്ലിത്. ഡെമൻഷ്യാ (മേധാക്ഷയ സ്മൃതിനാശം) എന്ന രോഗാവസ്ഥയുടെ തുടക്കമാകാൻ സാധ്യതയുള്ള ഒരു കോഡാണിത്.

അടുത്ത കാലത്തായി നടന്ന കാര്യങ്ങളെപ്പറ്റി ഓർമ്മ (recent memory) ആണ് ഡെമെൻഷ്യാ രോഗത്തിൽ ആദ്യം നശിക്കുന്നത്. പണ്ടു നടന്ന കാര്യങ്ങളെപ്പറ്റിയുള്ള ഓർമ്മയ്ക്ക് (remote memory) വലിയ തകരാർ ഉണ്ടാകണമെന്നില്ല. പണമോ സാധനങ്ങളോ സൂക്ഷിച്ചു വെച്ചിരിക്കുന്ന സ്ഥലം ഓർത്തെടുക്കാൻ പറ്റാതെ വരുമ്പോൾ അതാരെങ്കിലും മോഷ്ടിച്ചാണ് എന്ന നിഗമനം ഉണ്ടാകുന്നത് ഈ രോഗത്തിൽ പതിവാണ്. ഇവ മാത്രമല്ല, മറ്റനേകം പെരുമാറ്റ പ്രശ്നങ്ങളും ഡെമെൻഷ്യാ രോഗത്തിന്റെ ഭാഗമായി ഉണ്ടാകാം. ദേഷ്യം, വൃത്തിക്കുറവ്, ഇപ്പോൾ താമസിക്കുന്ന സ്ഥലം വേറെ ഏതോവീടാണെന്നും, സ്വന്തം വീട്ടിൽ പോകണം എന്നുമുള്ള ശാഠ്യം, വീട്ടിൽ വേറെ ആരൊക്കെയോ ഉണ്ട് എന്ന സംശയം, വീട്ടിൽ നിന്നും പുറത്തിറങ്ങിപ്പോകാനുള്ള പ്രവണത, ഗ്യാസ് സ്റ്റൗ ഓഫാക്കാൻ മറന്നു പോവുക തുടങ്ങിയ അപകടകരമായ പ്രവൃത്തികൾ ഇവയെല്ലാം വാർദ്ധക്യത്തിലെ ദുശ്ശാഠ്യമായും, അഹങ്കാരമായും തെറ്റിദ്ധരിക്കപ്പെടാം.

ഓർമ്മ, സാമൂഹിക ബോധം തുടങ്ങിയ മാനസിക വ്യാപാരങ്ങളെ നിയന്ത്രിക്കാനുള്ള മസ്തിഷ്ക ഭാഗങ്ങളിലുണ്ടാകുന്ന തകരാറാണ് ഡെമെൻഷ്യ രോഗത്തിന്റെ കാരണം. അൽഷെയ്മർ രോഗം (Alzheimers Dementia) തലച്ചോറിലെ രക്തപ്രവാഹത്തിന്റെ കുറവ് മൂലം ഉണ്ടാകുന്ന Vascular Dementia പാർക്കിൻ സൺ രോഗത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ഡെമെൻഷ്യ തുടങ്ങിയ അനേകം വകഭേദങ്ങൾ ഉണ്ട്. 'അറുപതായാൽ മുറുമുറുക്കും, എഴുപതായാൽ പിറുപിറുക്കും' എന്നൊക്കെ വിചാരിച്ച് തള്ളിക്കളയാതെ ഡെമെൻഷ്യാ രോഗം തിരിച്ചറിയാനുള്ള വൈദ്യപരിശോധനകളും ചികിത്സകളും നടത്തേണ്ടത് അത്യാവശ്യമാണ്. ചികിൽസിച്ചാൽ ഏറെക്കുറേ മാറുന്ന തരം ഡെമെൻഷ്യകൾ ഉണ്ട്-Reversible dementia (15%). ഭൂരിപക്ഷം കേസുകളിലും പൂർണ്ണമായി മാറില്ല എങ്കിലും ഔഷധ ചികിത്സകൊണ്ട് വളരെയേറെ ഗുണം ലഭിക്കും. പെരുമാറ്റ പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നതിനെപ്പറ്റി രോഗിയെ പരിചരിക്കുന്നവർക്കുള്ള പരിശീലനവും ചികിത്സയുടെ ഭാഗമാണ്. ഡെമെൻഷ്യാ രോഗിയെ പരിചരിക്കുന്നവർക്കുണ്ടാകുന്ന മാനസിക സമ്മർദ്ദം വളരെയേറെയാണ്-പ്രായമായ അമ്മായിയപ്പനെയോ, അമ്മായിയമ്മയെയോ വേണ്ടപോലെ ശുശ്രൂഷിച്ചില്ല എന്ന പഴി കേൾക്കുന്നത് മിക്കപ്പോഴും മരുമക്കൾ ആയിരിക്കും. ആയതിനാൽ പരിചരിക്കുന്നവർക്ക് കുടുംബം മുഴുവൻ പിന്തുണ നൽകണം പരിചരണം കുടുംബത്തിന്റെ കൂട്ടുത്തരവാദിത്വമായി മാറണം.

ജീവിത സായാഹ്നത്തിലേക്ക് കടക്കുന്ന ഓരോരുത്തരും തങ്ങൾക്കും ഈ രോഗം ഉണ്ടാകാം എന്ന സാധ്യത മുമ്പിൽ കണ്ട് സ്വന്തം ജീവിതത്തിൽ വേണ്ട തയ്യാറെടുപ്പുകളും ക്രമീകരണങ്ങളും നടത്തേണ്ടതും ആവശ്യമാണ്.

തുടരും...

നവ്യമതാകും ജീവൻ പേറും നൗക
പരിശുദ്ധ ദൈവമാതാവ്

■ ഫാ. ഡോ. ജോസ്സി ജേക്കബ്
(പ്രിൻസിപ്പൽ, നാഗ്പൂർ സെമിനാരി)

ഓർത്തഡോക്സ് ആദ്ധ്യാത്മീക വേദവിജ്ഞാനീയ പാരമ്പര്യങ്ങൾ വളർന്നിരിക്കുന്നത് മനുഷ്യരക്ഷയ്ക്കായി ദൈവം നടത്തിയ പദ്ധതിയെ കേന്ദ്രമാക്കിയാണ്. ചരിത്രത്തിൽ ദൈവം നടത്തിയ ഇടപെടലുകളെല്ലാം മനുഷ്യ രക്ഷയ്ക്കായുള്ള നടപടികളായിട്ടാണ് വി. സഭ മനസ്സിലാക്കുന്നത്. ആ രക്ഷാകര പദ്ധതിയുടെ കാതൽ പുത്രനാം ദൈവത്തിന്റെ മനുഷ്യാവതാരമാണ്. പരിശുദ്ധ ദൈവമാതാവിനെക്കുറിച്ചുള്ള സഭാപിതാക്കന്മാരുടെ ചിന്തകളെല്ലാം ദൈവത്തിന്റെ രക്ഷാകര വ്യാപാരവുമായി ചേർത്തുള്ളവയായിരുന്നു. ആ അടിസ്ഥാനത്തിൽ തന്നെ യാണ് ദൈവമാതാവായ വി. കന്യകമറിയാമിനെക്കുറിച്ചുള്ള സഭയുടെ ബോധ്യങ്ങളും വളർന്നിട്ടുള്ളത്. വചനമാം ദൈവത്തിന് മനുഷ്യത്വം സ്വാംശീകരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട വി.കന്യകമറിയാമിനെ, ദൈവീക രക്ഷാകര പദ്ധതിയിലുള്ള തന്റെ അതുല്യമായ സ്ഥാനവും സാംഗത്യവും മൂലം സഭയുടെ വേദവിജ്ഞാനീയത്തിന്റെ വികാസത്തിൽ വളരെ പ്രാധാന്യമുള്ളവളാക്കി തീർത്തു. വി. സഭയുടെ പാരമ്പര്യത്തിൽ വി.ദൈവമാതാവിനെക്കുറിച്ചുള്ള പഠിപ്പിക്കലുകളിൽ ചിലത് ഈ ലേഖനത്തിലൂടെ വിശകലനം ചെയ്യാം.

വി.കന്യകമറിയാം ദൈവമാതാവ്

വി. കന്യകമറിയാമിനെ വ്യത്യസ്ത വിധത്തിൽ അഭിസംബോധന ചെയ്യണമെന്ന അഭിപ്രായങ്ങൾ വി.സഭയിൽ നിലനിന്നിരുന്നു. ദൈവമാതാവ് അഥവാ ദൈവപ്രസവിത്രി (Theotokos) ക്രിസ്തുപ്രസവിത്രി (Christotokos) മനുഷ്യപ്രസവിത്രി (Anthropotokos) എന്നിങ്ങനെ ആയിരുന്നു അത്. വി.കന്യകമറിയാമിനെ സംബന്ധിക്കുന്ന,വ്യത്യസ്ത വേദവിജ്ഞാനീയപരവും സഭാപാരമ്പര്യങ്ങൾ അനുസരിച്ചുള്ളതുമായ ആശയങ്ങളാണ് വിവിധസംബോധനകളിലൂടെ പലകാലങ്ങളിൽ വെളിപ്പെട്ടിട്ടുള്ളത്. പ്രസ്തുത സംബോധനകൾ തന്നെ പല കാലഘട്ടങ്ങളിൽ നടന്ന സംവാദങ്ങളിൽ വിഷയങ്ങളായും ഭവിച്ചിട്ടുണ്ട്. അലക്സാന്ത്രിയൻ സഭാ പാരമ്പര്യമാണ് (നാം പിൻതുടരുന്ന) ആദ്യമായി വി. കന്യകമറിയാമിനെ ദൈവപ്രസവിത്രി (Theotokos) എന്ന് അഭിസംബോധന ചെയ്തത്. അതുതന്നെ യാണ് ഓർത്തഡോക്സ്, റോമൻ കത്തോലിക്കാ സഭാ വിഭാഗങ്ങൾ വി.കന്യക മറിയാമിനെക്കുറിച്ച് പൊതുവായി അംഗീകരിച്ചിട്ടുള്ള വിശ്വാസപരമായ പ്രഖ്യാപനം. വചനമാം ദൈവം വി. കന്യകമറിയാമിൽനിന്ന് മനുഷ്യത്വം സ്വാംശീകരിക്കുകയും പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായി ജനിക്കുകയും ചെയ്തതിനാലാണ് ദൈവമാതാവ് എന്ന സസംജ്ഞ ഉപയോഗിക്കുന്നത്.

എന്നാൽ അന്ത്യോഖ്യൻ വേദശാസ്ത്രപാരമ്പര്യം വ്യത്യസ്തമായ നിലപാടാണ് ഇതു സംബന്ധിച്ച് പുലർത്തിയിരുന്നത്. യേശുക്രിസ്തു ദൈവം വഹിച്ചിരുന്ന ഒരു മനുഷ്യനായിരുന്നു എങ്കിലും, വി. കന്യകമറിയാം പ്രസവിച്ചത് മനുഷ്യ ശിശുവിനെ ആയിരുന്നു. ആ ശിശുവിൽ ദൈവം വസിച്ചിരുന്നെങ്കിലും ദൈവത്തിന്റെ മാതാവ് എന്ന സസംജ്ഞ ഉപയോഗിക്കാനാവില്ലെന്നും ആയതിനാൽ മനുഷ്യന്റെ മാതാവ് (Anthropotokos) എന്ന പ്രയോഗമാണ് ഉപയോഗിക്കേണ്ടതെന്നും അന്ത്യോഖ്യൻ പക്ഷം വാദിച്ചു. (AD 451 ലെ കൽക്കദോൻ സുന്നഹദോസിന് ശേഷം അന്ത്യോഖ്യ കേന്ദ്രമായി നിലനിന്നിരുന്ന സുറിയാനി ഓർത്തഡോക്സ് സഭ പൂർണ്ണമായും അലക്സാന്ത്രിയൻ ക്രിസ്തുശാസ്ത്ര പാരമ്പര്യം സ്വീകരിക്കുകയുണ്ടായി). ദൈവമാതാവ് എന്ന വിവക്ഷ വി. കന്യകമറിയാമിന് ഉപയോഗിക്കുന്നതിനെ പരമ്പരാഗത അന്ത്യോഖ്യൻ വേദശാസ്ത്ര പാരമ്പര്യം അതിശക്തമായി എതിർക്കു കയും ചെയ്തു.

അലക്സാന്ത്രിയൻ അന്ത്യോഖ്യൻ വേദവിജ്ഞാനീയ പാരമ്പര്യങ്ങൾ വ്യതിരിക്തതയോടെ നിലനിന്നിരുന്നെങ്കിലും കുസ്തന്തീനോപോലീസിലെ സഭയ്ക്ക് തനതായ ഒരു നിലപാട് അക്കാര്യങ്ങളിൽ ഉണ്ടായിരുന്നില്ല. അവിടെ ക്രിസ്തുവിജ്ഞാനിയം സംബന്ധിച്ച് സഭ വിഭജിതമായിരുന്നു. പ്രസ്തുത വിഭജനം വിശ്വാസികളുടെ ഇടയിൽ പ്രകടമായത് വി. കന്യകമറിയാമിനെ സംബന്ധിച്ച സംജ്ഞകളുടെ വ്യത്യാസത്തിലൂടെയാണ്. അലക്സാന്ത്രിയൻ ചിന്തയെ പിൻപറ്റിയവർ ദൈവമാതാവിന്റെ കക്ഷി എന്നും അന്ത്യോഖ്യൻ ചിന്തയെ പിൻപറ്റിയവർ മാനുഷ്യമാതാവിന്റെ കക്ഷി എന്നും അറിയപ്പെട്ടിരുന്നു. AD 428 ൽ നെസ്തോർ കുസ്തന്തീനോപ്പോലീസിലെ പാത്രീയർക്കീസ് ആയതിന് പിന്നാലെ അദ്ദേഹത്തിന്റെ താല്പര്യപ്രകാരം വി. കന്യകമറിയാമിനെക്കുറിച്ച് വിവക്ഷിക്കുന്നതിന് ക്രിസ്തുപ്രസവിത്രി (Christotokos) എന്ന പദം അവതിരപ്പിക്കപ്പെട്ടു. ക്രിസ്തുവിന്റെ മാതാവ് എന്ന പദപ്രയോഗം വ്യക്തതയില്ലാത്തതും വ്യഖ്യാനാർത്ഥങ്ങൾ എളുപ്പത്തിൽ നല്കാവുന്നതും ആയതിനാൽ പ്രസ്തുത പദപ്രയോഗം പൊതുവെ അംഗീകരിക്കപ്പെട്ടില്ല. വി. കന്യകമറിയാമിനെ നിന്ന് മനുഷ്യത്വം സ്വാംശീകരിച്ച വചനമാം ദൈവമാണ് യേശുക്രിസ്തു എന്നതിനാൽ ദൈവമാതാവ് എന്നതാണ് വി.കന്യകമറിയാമിനെ വിശേഷിപ്പിക്കാൻ ഏറ്റവും ഉചിതമെന്ന് പിതാക്കന്മാർ പഠിപ്പിച്ചു.

ക്രിസ്തുവിജ്ഞാനീയം സംബന്ധിയായി വിരുദ്ധോപദേശങ്ങൾ പഠിപ്പിച്ചതിന് നെസ്തോറിനെ AD 431 ലെ എഫേസൂസ് സുന്നഹദോസ് മുടക്കുകയുണ്ടായി. ക്രിസ്തുവിന്റെ മാതാവ് എന്ന പ്രയോഗം തെറ്റിദ്ധാരണ ഉണ്ടാക്കുന്നതും നെസ്തോറിയൻ വിരുദ്ധോപദേശത്തെ ദ്യോതിപ്പിക്കുന്നതും ആകയാൽ വി. സഭ അതിനെ നിരാകരിക്കുകയും ചെയ്തു.

അമലോത്ഭവ സിദ്ധാന്തവും യാഥാർത്ഥ്യവും

വി. ദൈവമാതാവിനെ കുറിച്ച് വേദശാസ്ത്രപരമായി ഓർത്തഡോക്സ് സഭകൾക്കും കത്തോലിക്കാ സഭയ്ക്കും വ്യത്യസ്ത അഭിപ്രായങ്ങളാണ്. വി. കന്യകമറിയാം ജന്മപാപത്തിൽ നിന്ന് മുക്തയായാണ് ജനിച്ചതെന്നും അതിനാൽ 'അമലോത്ഭവ' എന്ന് അഭിസംബോധന ചെയ്യണമെന്നും കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. ഓർത്തഡോക്സ് സഭകൾ ഈ പഠിപ്പിക്കലിനെ അംഗീക രിക്കുന്നില്ല. കാരണം, ഓർത്തഡോക്സ് വിശ്വാസമനുസരിച്ച് ജന്മപാപമെന്ന പഠിപ്പി



ക്കൽ തന്നെ പ്രസക്തിയില്ലാത്തതാണ്. റോമൻ കത്തോലിക്കാ സഭയുടെ ജന്മ പാപമെന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനം എ ഡി നാലാം നൂറ്റാണ്ടിൽ ഹിപ്പോയിൽ ജീവിച്ചിരുന്ന അഗസ്തി നോസിന്റെ പഠിപ്പിക്കലാണ്. ആദം ചെയ്തതായ പാപം ജന്മപാപമായി മനുജ കുലം മുഴുവൻ വ്യാപിച്ചിരിക്കുന്നു എന്നും, മനുഷ്യരായി ജനി ക്കുന്ന ഏവരും ജന്മപാപത്തിന്റെ തിക്തഫലത്തിന് കീഴ്പെട്ട വരാണെന്നും അദ്ദേഹം വാദിച്ചു. എന്നാൽ ഓർത്തഡോക്സ് സഭകൾ, ആദാമിന്റെ വീഴ്ച മൂലം ദൈവസംസർഗ്ഗത്തിൽ നിന്ന് അകന്നു പോയ മനുഷ്യ സ്വഭാവമാണ് നമ്മിലുള്ളതെന്നും ആ വീഴ്ചയിൽ നിന്ന് മനുഷ്യ സ്വഭാവത്തെ ഉദ്ധരിച്ച വീണ്ടും ദൈവസംസർഗ ത്തിലാക്കി ത്തീർക്കുക എന്ന ലക്ഷ്യമാണ് വചനമാം ദൈവത്തിന്റെ മനുഷ്യാവതാരത്തിലുണ്ടായതെ ന്നുമുള്ള സത്യത്തെ വിശ്വസി ക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ ജന്മപാപമെന്ന ആശയത്തിനും അതിൽ നിന്നും ഉരുത്തിരിഞ്ഞ 'അമലോത്ഭവ സിദ്ധാന്തത്തിനും' ഓർത്ത ഡോക്സ് വേദവിജ്ഞാനീയ പ്രകാരം സാംഗത്യമില്ല. പ്രത്യേകമായ ദൈവീക കരുണയാൽ ജന്മപാപ ത്തിൽ നിന്ന് മുക്തയായാണ് വി. ദൈവമാതാവ് ജനിച്ചതെന്ന റോമൻ കത്തോലിക്കാ സഭയുടെ പഠിപ്പിക്കലിന് സാരമായ ചില പ്രശ്നങ്ങളുണ്ട്.

ഒന്നാമത്, വി. ദൈവമാതാവ് ജന്മപാപം കൂടാതെയാണ് ജനിച്ചതെങ്കിൽ കർത്താവിന്റെ മനുഷ്യാവതാരം, പീഡാനുഭവം, ക്രൂശുമരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നിവ മൂലം സംജാതമായ രക്ഷയുടെ അനുഭവം വി. കന്യക മറിയാമിന് അനാവശ്യമായ ഒന്നാണെന്നും പാപത്തെയും അതിന്റെ ഫല ത്തെയും അതിജീവിച്ചവളായി ജനിച്ചതുകൊണ്ട് വീണ്ടും രക്ഷയുടെ അനുഭവത്തിലേക്ക് വരേണ്ട ആവശ്യമില്ല എന്നും കരുതേണ്ടി വരും. മ്ശിഹാ മൂലം ലഭ്യമായ രക്ഷയുടെ പങ്കാളി യാകാതെ വി. കന്യക മറിയം മാറിനിൽക്കുന്നു എന്നതാണ് ഈ പഠിപ്പിക്കലിന്റെ ന്യൂനത.

അമലോത്ഭവ സിദ്ധാന്തം ഉയർത്തുന്ന രണ്ടാമത്തെ പ്രശ്നം, വചനമാം ദൈവം സ്വീകരിച്ച മനുഷ്യത്വത്തെ സംബ ന്ധിച്ചു ള്ളതാണ്. വി. ദൈവമാതാവ്, വീഴ്ച പ്രാപിക്കാത്ത, ജന്മപാപ രഹിതമായ സ്വഭാവത്തോടുകൂടിയവളാണെങ്കിൽ, വചനമാം ദൈവം അവളിൽ നിന്നും സ്വീകരിച്ച മനുഷ്യത്വം നമ്മിലുള്ള വീഴ്ച പ്രാപിച്ച മനുഷ്യത്വത്തിൽ നിന്നും വിഭിന്ന മായ ഒന്നായിരുന്നു എന്ന് കരുതേണ്ടിവരും. അങ്ങനെ അവന്റെ മനുഷ്യത്വവും, വീഴ്ച പ്രാപിച്ച മനുഷ്യത്വവും വ്യത്യസ്ത മാണെങ്കിൽ, അവൻ ജഡരൂപം പ്രാപിച്ച് നമ്മെ വീണ്ടെടുത്തു എന്ന് പറയുവാൻ സാധിക്കാതെ വരും. സ്ലീബാ നമസ്കാരക്രമ ത്തിൽ, ഞായറാഴ്ച പ്രഭാത പ്രാർത്ഥനയിൽ പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്ന ഗാനം എത്ര അർത്ഥവത്തായാണ് നമ്മുടെ വിശ്വാസത്തെ വ്യാഖ്യാനിക്കുന്നത്.

...തൻ സാമ്യം നാം പൂണ്ടിടുവാൻ
നമ്മുടെ സാമ്യമവൻ പൂണ്ടു
നമ്മെ തൻ പിതൃസുതരാക്കി
പാവന റൂഹായോടു ചേർപ്പാൻ
മാനവരൂപം സ്വയമേറ്റാൻ

ഇവിടെ ഉണ്ടായേക്കാവുന്ന മറ്റൊരു ചോദ്യം, കർത്താ വിൽ വീഴ്ച പ്രാപിച്ച സ്വഭാവം ഉണ്ടായിരുന്നോ എന്നതാണ്?

മനുഷ്യത്വത്തിന്റെ വീഴ്ച എന്നതുതന്നെ ദൈവസംസ ർഗ്ഗത്തിൽ നിന്നുള്ള അകൽച്ചയാണ്. വചനമാം ദൈവം വി. കന്യകമറിയാമിൽ നിന്ന് സ്വീകരിച്ച വീഴ്ച പ്രാപിച്ച മനുഷ്യത്വവും അവന്റെ ദൈവത്വവും തമ്മിൽ പൂർണ്ണമായി യോജിച്ചിരുന്നു. അങ്ങനെ വീഴ്ചപ്രാപിച്ച മനുഷ്യത്വം ദൈവത്വത്തോടുള്ള പൂർണ്ണ യോജിപ്പിൽ എത്തുന്നതോടു കൂടെ ദൈവസംസർഗ്ഗത്തിന്റെ പൂർത്തീകരണത്തിലേക്ക് അവൻ സ്വാംശീകരിച്ച മനുഷ്യത്വം എത്തിച്ചേർന്നിരുന്നു. അപ്പോൾ വീഴ്ച പ്രാപിച്ച സ്വഭാവം എന്ന ചോദ്യത്തിന് തന്നെ പ്രസക്തി യില്ലാതാകുന്നു.

മൂന്നാമത്തെ പ്രശ്നം, കർത്താവിന്റെ മനുഷ്യാവതാരത്തെ തന്നെ സംബന്ധിക്കുന്നതാണ്. വി. കന്യക മറിയാമിനെ അമലോത്ഭവയായി, പാപത്തിൽ നിന്നും അതിന്റെ ഫലമായ വീഴ്ചയിൽ നിന്നും മോചിതയാക്കി സൃഷ്ടിച്ചു എങ്കിൽ അതേ മാർഗ്ഗത്തിലൂടെ ലോകത്തെ മുഴുവൻ രക്ഷിക്കുവാൻ കഴിയു മായിരുന്നില്ലേ? അങ്ങനെയെങ്കിൽ വചനമാം ദൈവം മനുഷ്യനായി തീർന്ന്, പീഡാനുഭവം, മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നിവയിലൂടെ രക്ഷ പ്രധാനം ചെയ്യേണ്ടി വരുമായിരുന്നില്ലല്ലോ?. എത്ര ഗുരുതരമായാണ്, നൂറ്റാണ്ടു കൾക്കിപ്പുറം കൂട്ടിച്ചേർക്കപ്പെട്ട ഒരു സിദ്ധാന്തം സഭയുടെ അടിസ്ഥാന വിശ്വാസ സത്യത്തെ പോലും ബാധിക്കുന്നത്. ഓർത്തഡോക്സ് വിശ്വാസ പ്രകാരം, വി. ദൈവമാതാവ് സകല സൃഷ്ടികൾക്കുമുപരിയായി, സകല പരിശുദ്ധന്മാരുടെയും രാജ്ഞിയായി ദൈവസംസർഗ്ഗത്തിൽ നില കൊള്ളുന്നു. അതുകൊണ്ട് തന്നെ രക്ഷാകര പദ്ധതിയിൽ അതുല്യ സ്ഥാനമുള്ളവളാണ്. വചനമാം ദൈവം മനുഷ്യത്വം സാംശീകരിക്കുവാൻ തിരഞ്ഞെടുത്തു എന്നു ള്ളതാണ് വി. കന്യകാമറിയാമിന്റെ അതുല്യസ്ഥാന ത്തിനു ആധാരം.

ഉപസംഹാരം.

വി. കന്യക മറിയാമിനെ ദൈവമാതാവെന്ന് വിളിക്കുന്ന പാരമ്പര്യം അലക്സാൻഡ്രിയൻ സഭയിൽ ആദിമകാലം മുതലേ ഉണ്ടായിരുന്നു എന്നും, എ ഡി 431 ലെ എഫേ സൂസ് സുന്നഹദോസിലൂടെ സഭ മുഴുവൻ അതിനെ ഒരു വിശ്വാസ സത്യമായി അംഗീകരിച്ചിരുന്നു എന്നും ആദ്യഭാഗത്തിലൂടെ നാം മനസ്സിലാക്കി. വി. ദൈവമാതാ വെന്ന അഭിസംബോധന തന്നെ ഒരു വിശ്വാസ പ്രഖ്യാപന മാണ്. അറിയൂസ്-നെസ്തോർ പക്ഷ പാഷണ്ഡതയ്ക്ക് എതിരെയുള്ള സഭയുടെ മറുപടികൂടിയാണ് ആ പ്രഖ്യാ പനം. പ്രാർത്ഥനയിലും മധ്യസ്ഥതകളിലും ദൈവമാതാ വെന്ന് അഭിസംബോധന ചെയ്യുന്നത് വഴി ഓർത്തഡോക്സ് സഭകൾ ലോകത്തിനു വലിയൊരു സാക്ഷ്യമാണ് നൽ കുന്നത്. ആരാധനയിൽ വിശ്വാസ പഠനമെന്ന ലക്ഷ്യവും ഉൾക്കൊണ്ടിട്ടുണ്ട്. നിരന്തരമായ ദൈവസ്തുതി കൾക്കൊപ്പം തന്നെ വിശ്വാസ പഠന മെന്നതും ആരാധന യുടെ ഭാഗമാണ്.

നവ്യമതാകും ജീവൻ പേറും നൗകേ! ശ്ലോമോ
വനവ രാജൻ മേവിയ രാജാലയമേ! ശ്ലോമോ
(മാർ യാക്കോബിന്റെ ബോവുസോ, ശ്ഹീമ നമസ് കാരം, വ്യാഴാഴ്ച രാത്രി ഒന്നാം കൗമ)

സർവ്വലോകത്തിനും രക്ഷ പ്രദാനം ചെയ്യുവാൻ വചനമാം ദൈവം മനുഷ്യനായി തീർന്നപ്പോൾ, ആ മനുഷ്യത്വം നൽകുവാൻ തക്കവണ്ണം ദൈവത്താൽ തിരഞ്ഞെടുക്ക പ്പെട്ടവളെ ജീവനെ പേറുന്ന നൗക എന്നാണ് സഭ വിശേഷിപ്പിക്കുന്നത്. ദൈവീക സ്വഭാവമായ നിത്യജീവ നിൽ പങ്കാളികളാകുവാൻ നമ്മെ ഒരുക്കുന്നതിന് സ്വയം പാത്രമായി സമർപ്പിച്ച പരിശുദ്ധ ദൈവമാതാവിന്റെ പ്രാർ ത്ഥന നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ. ●

B R I D E G R O O M   W A N T E D

'Seeking alliance from reputed Christian families for our daughter, CSI,age 24,height 165cms. Completed her MSc in Transportation Engineering and Planning from Leeds University in UK. BE (Civil Engineering) from College of Engineering Guindy , Chennai, Currently working as Deputy Consultant with a French Multinational in Manchester, UK. Preferably well settled boys working in UK/ Europe/ USA/ Canada/ Australia. m4marry profile no.4575518.

Contact No: 9947435224.

Email id: beenag1568@gmail.com

B R I D E   W A N T E D

Orthodox boy30/180 BTech Computer Engineer, Semi Govt. Establishment, fair, parents retired senior Govt. officers in pathanamthitta Dist. Father very active in Church and other social activities. invite proposals from parents of qualified/employed girls.

Contact No:

9446439774, 9947418171

vineethphlp@gmail.com, vivekphlp@gmail.com

B R I D E G R O O M   W A N T E D

Teacher parents invite proposals for daughter 32 yrs/ 163 cms, MSc., MEd., second marriage (no children), from suitably qualified boys, below 38 yrs, working in Kerala.

Contact No:

9497106209

8139063713

B R I D E   W A N T E D

സുറിയാനി ക്രിസ്ത്യാനിയായ യുവാവ് 41 വയസ്സ് 178 cm, ഉയരം. ബിരുദധാരി, ഇടത്തരം സാമ്പത്തികം, ഏക പുത്രൻ, അനുയോജ്യമായ വിവാഹാലോചനകൾ ക്രിസ്ത്യൻ വിഭാഗങ്ങളിൽ നിന്ന് ക്ഷണിച്ചുകൊള്ളുന്നു. ബാധ്യതയില്ലാത്ത വിധവകളേയും പരിഗണിക്കും. (വയസ് 35-38).

Contact No:

9496721869

B R I D E G R O O M   W A N T E D

Orthodox girl, 30, 5.3", MS.Computer Science (Canada), B.Tech (India). Currently employed in Gov. sector, Canada as a Senior Scientist. Seeks grooms with equal or similar qualifications and education. We prefer someone currently in Canada & working in IT or Engineering area.

Contact: **9746523787**

(Christian matrimony **ID : E5397180**)

34th Death Anniversary of

OOMMEN SIMON

MANNAKUNNEL THAZHATHU VEEDU, PATHANAMTHITTA P.O.

ON 07 AUGUST 2020



"Safe in the arms of Lord Jesus Christ"

Inserted by

Sorrowing Family

9-ാം ചരമ വർഷികം, 31-8-2020

9-9-1987-2011



മോൻസി കിഴക്കയിൽ

ന്യൂഡൽഹി

നിങ്ങൾ എല്ലാവരും എനിക്കുവേണ്ടി
പ്രാർത്ഥിക്കേണമേ...

എന്ന്,

മോനച്ചൻ (പപ്പ), മോളി (മമ്മി) മിൻസി (സഹോദരി),
ജോസ് (സഹോദരി ഭർത്താവ്)

സ്നേഹസ്മരണയ്ക്ക്





കെ.ഐ. ഐപ്പ്
(മരണം: 20-09-1994)

കുഞ്ഞീറ്റി
(മരണം: 31-08-2005)

കൊള്ളന്നൂർ

പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ
തിരുമേനിയുടെ മാതാപിതാക്കൾ

ആദരാഞ്ജലികൾ



കെ.ഐ. തമ്പി (78)

കൊള്ളന്നൂർ

മരണം: 08-07-2020


പ. ബസേലിയോസ് മാർത്തോമ്മാ
പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ
തിരുമേനിയുടെ ജ്യേഷ്ഠ സഹോദരൻ

ഭാര്യ: മോഹിനി കെ.പി. (റിട്ട. ഹെഡ്മിസ്ട്രസ്, സെന്റ് ജോസഫ്സ് & സെന്റ് [illegible] ഹൈസ്കൂൾ, [illegible])
മക്കൾ: മീര, റെയ്മോൾ, സിസി, സെനിൽ. മരുമക്കൾ: ഫാ. ജോസി മാത്യു വടക്കാഞ്ചേരി,
ഫാ. ജോൺ എ. ജോൺ മാവേലിക്കര, ഫാ. മാത്യു വർഗീസ് [illegible], ഫാ. [illegible]

മൗനത്തിന്റെ മാധുര്യം

വന്ദ്യ ദിവ്യ ശ്രീ. മൈലപ്ര
പി.ഐ. മാത്യൂസ് റമ്പാച്ചന്റെ

29–ാമത് ശ്രാദ്ധപ്പെരുന്നാൾ



2020 സെപ്റ്റംബർ 3, 4 തീയതികളിൽ
മൈലപ്ര മാർ കുറിയാക്കോസ്
ആശ്രമ ചാപ്പലിൽ

അഭിവന്ദ്യ തിരുമേനിമാരുടെ
മുഖ്യ കാർമ്മികത്വത്തിൽ

കർത്താവേ ഞാൻ ഈ ലോകത്തിലെ കഷ്ടതകൾ കൊണ്ടും ബദ്ധപ്പാടുകൾ കൊണ്ടും, പരീക്ഷകൾ കൊണ്ടും, ഞെരുക്കം കൊണ്ടും വലഞ്ഞിരിക്കുന്ന ഈ സയമത്ത് തിരുമുമ്പാകെ അടുത്തു വരുന്നു കർത്താവേ, നിന്റെ ദാസനുള്ള ആശ്വാസവും, സമാധാനവും തിരുമേനി മാത്രമാകുന്നു. അല്ലാതെ ആർക്കും എന്നെ സമാധാനപ്പെടത്തുവാൻ കഴിയുകയില്ല. നിന്നെ കാണുമ്പോൾ എന്റെ ദുഃഖങ്ങളും, നെടുവീർപ്പുകളും മാഞ്ഞുപോകും. അതിനാൽ പതിനായിരങ്ങളിൽ അതിസൗന്ദര്യവാനായ അങ്ങയുടെ ഓമനയുള്ള തിരുമുഖം ദർശിക്കുവാൻ സംഗതിയാക്കണമേ.

REMEMBRANCE

Fifth Anniversary of
Departed on 30th August 2020



ANNAMMA MATHEW

(8-7-1941 to 30-8-2015)

**(D/o. Late Mr. M.C. George and
Late Mrs. Thankamma George,
Kulathintekizhakkathil,
Near Kadisa Orthodox Cathedral,
Kayamkulam, Dist. Alappuzha)**

Your life was a blessing
Your memory a treasure
You are loved beyond words
and missed beyond measure

Your Ever loving :

Prof. Mathew Thomas (Husband)
Malad-Mumbai
Thomas and Reny Thomas
Elizabeth and Eapen Varghese
Doting G/C Annie, Rhea and Grace
Susamma Zacharias (Sister) and family

“ആവശ്യത്തിനും അനാവശ്യത്തിനും മനുഷ്യൻ ഉപയോഗിക്കുന്ന ആന്റിബയോട്ടിക്കുകളെ ചെറുക്കാനുള്ള ശേഷി പല രോഗാണുക്കളും നേടിക്കഴിഞ്ഞു. പലതും ലോകജനതയെ അടിച്ചിടാൻ ശേഷിയുള്ള അസാമാന്യ വൈറസുകളായി (സൂപ്പർ ബഗ്സ്) മാറുന്നു. അവയെ ചെറുക്കുവാൻ ആന്റിബയോട്ടിക്കുകളോ ആന്റിവൈറൽ മരുന്നുകളോ കണ്ടെത്താനാവുന്നില്ല. ആന്റിമൈക്രോബിയൻ റെസിസ്റ്റൻസ് (എ.എം.ആർ) എന്നാണ് ഈ സ്ഥിതി വിശേഷം അറിയപ്പെടുന്നത്. കാലാവസ്ഥാ മാറ്റവും എ.എം.ആറും ചേർന്നാൽ മനുഷ്യന്റെ നിലനിൽപ്പിനുതന്നെ ഭീഷണി ഉയർത്തുവാൻ കഴിയും. എങ്ങനെ ഇവയെ നേരിടാമെന്നതാണ് മാനവരാശിയുടെ വെല്ലുവിളി”. അടുത്ത നാളിൽ വായിക്കുവാനിടയായ ഒരു ലേഖനത്തിലെ ഗൗരവതരമായി നാം കാണേണ്ട ഒരു വെളിപ്പെടുത്തലാണ് മേലുദ്ധരിച്ചത് മനുഷ്യന്റെ നിലനിൽപ്പിനു ഭീഷണി ഉയർത്തുന്ന എന്തിനേയും നേരിടാനും അതിജീവിക്കുവാനും നാം പ്രതിജ്ഞാബദ്ധരാണ്. മാനവരാശിയുടെ രക്ഷയ്ക്ക് ഇത് അത്യന്താപേക്ഷിതവുമാണ്. കൊറോണയെയും, മുൻപ് പൊട്ടിപ്പുറപ്പെട്ടിട്ടുള്ളതും ഇനിയും പൊട്ടിപ്പുറപ്പെടുവാൻ പോകുന്നതുമായ സകല വൈറസുകളെയും കൂടുതൽ വ്യാപനത്തിന് ഇടം കൊടുക്കാതെ തടയേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. രോഗപ്രതിരോധം അഥവാ പ്രതിരോധശേഷി വർധിപ്പിക്കൽ മാത്രമാണ് അതിനുള്ള ഒറ്റമൂലി. എല്ലാ ചികിത്സാശാഖകളും ആരോഗ്യമേഖലയാകെയും അവരവരുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാൽ ഈ ലക്ഷ്യത്തിലേക്ക് അതിവേഗം നടന്നടുക്കുവാൻ നമുക്കു സാധിക്കും.



ഭാരതത്തിന്റെ തനതു ചികിത്സാ സമ്പ്രദായമായ ആയുർവേദം നമുക്കു കൈമാറി തന്നിട്ടുള്ള നല്ല പാഠങ്ങൾ ഉൾക്കൊണ്ട് അതിനനുയോജ്യമായ ജീവിതം നയിച്ചാൽ പ്രതിരോധത്തിന്റെ വൻമതിൽ തീർക്കുവാൻ വലിയൊരു അളവുവരെ സാധിക്കും. ആയു:പരിപാലനമാണ് ആയുർവേദത്തിന്റെ ലക്ഷ്യം. രോഗങ്ങളൊന്നും ബാധിക്കാതിരിക്കുവാനും ബാധിച്ച രോഗങ്ങളെ ശമിപ്പിക്കുവാനും വേണ്ടതു ചെയ്തുകൊണ്ടാണ് ആയുസ്സിനെ പരിപാലിക്കുന്നത്. രോഗമില്ലാത്ത അവസ്ഥയിലേക്കാണ് ആയുർവേദം നമ്മെ നയിക്കുന്നത്. രോഗം വന്നതിനു ശേഷം കൂടുതൽ ബുദ്ധിമുട്ടുന്നതിനെക്കാൾ രോഗം വരാതെ സൂക്ഷിക്കുന്നതിന് അല്പം ബുദ്ധിമുട്ടുന്നതാണല്ലോ നല്ലതെന്നാണ് ആയുർവേദത്തിന്റെ പക്ഷം. അതിനുവേണ്ടിയുള്ള കരുതൽ നടപടികൾ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു. കാരണം കൂടാതെ രോഗം ഉണ്ടാവുകയില്ലെന്നും കാരണത്തെ നിലനിർത്തികൊണ്ട് കാര്യത്തെ നശിപ്പിക്കുവാൻ കഴിയുകയില്ലെന്നതുമാണ് ആയുർവേദത്തിന്റെ കണ്ടെത്തൽ. അതിനുവേണ്ടി രോഗകാരണങ്ങളെ ഓന്നൊന്നായി ഉന്മൂലനം ചെയ്യുന്നു. ഈ പ്രക്രിയയാണ് നിദാന പരിവർജനം. നിദാന പരിവർജനം ആരോഗ്യത്തെ നിലനിർത്തുകയും അതുവഴി രോഗമില്ലാത്ത നല്ല അവസ്ഥയെ സംജാതമാക്കുകയും ചെയ്യുന്നു. ആ അവസ്ഥയ്ക്കാണ് സ്വാസ്ഥ്യം എന്നുപറയുന്നത്. സ്വാസ്ഥ്യമുള്ളവൻ സ്വസ്ഥൻ. ശരീരമനസ്സുകളും അവയുടെ എല്ലാ ഭാവങ്ങളും വികൃതങ്ങളാകാതെ സുഖമായിരിക്കുന്ന അവസ്ഥ. സ്വാസ്ഥ്യവും മന:ശാന്തിയും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. മന:ശാന്തിയാണ് സ്വാസ്ഥ്യസമ്പാദനത്തിന്റെയും സ്വാസ്ഥ്യസംരക്ഷണത്തിന്റെയും മുഖ്യഘടകം. ആരോഗ്യത്തിനു ഹാനികരമാകാതെ ഹിതകരമായവ മാത്രം വിധിപ്രകാരം ശീലിക്കണമെന്നും ആയുർവ്വേദം നിഷ്ക്കർഷിക്കുന്നു. ഋതുഭേദമനുസരിച്ച് നാം ശീലിക്കേണ്ട ദിനചര്യകളെ ആയുർവേദഗ്രന്ഥങ്ങളിൽ വിശദമായി പ്രതിപാദിക്കു ന്നുണ്ട്. കൂടാതെ നന്മയുടെ നേർപാതയിൽ സഞ്ചരിക്കുവാനുതകുന്ന ശ്രദ്ധേയമായ ഉപദേശങ്ങളും നൽകുന്നു. ചിലതുമാത്രം ഇത്തരുണത്തിൽ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു.

1. എല്ലാ ജീവികളുടേയും എല്ലാ പ്രവൃത്തികളും സുഖത്തിനായിട്ടുള്ളതാണെന്ന് സർവ്വസമ്മതമാകുന്നു. സുഖമെന്നത് ധർമ്മത്തോടു കൂടാതെ ഉണ്ടാകുന്നതുമല്ല. അതുകൊണ്ട് ധാർമ്മികനായിരിക്കേണ്ടത് ആവശ്യമാകുന്നു. 2. കൊലപാതകം, മോഷണം, വ്യഭിചാരം, ഏഷണി പറയുക, കഠിനവാക്ക് പറഞ്ഞ് ശകാരിക്കുക, കള്ളം പറയുക, അസംബന്ധ പ്രലാപം, ദ്രോഹവിചാരം, പരദ്രവ്യത്തിലുള്ള ആഗ്രഹം, നാസ്തികത ഇപ്രകാരം പത്തു വിധത്തിലുള്ള പാപകർമ്മത്തെ ദേഹം കൊണ്ടും വാക്ക് കൊണ്ടും മനസുകൊണ്ടും ഉപേക്ഷിക്കണം. 3. ആർത്തരായവരെ ശക്തിക്കു തക്കവണ്ണം സഹായിക്കണം, അപേക്ഷിച്ചു വരുന്നവരെ ആക്ഷേപിക്കരുത്. സമ്പത്തിലും ആപത്തിലും ഒരേ മനസോടുകൂടിയിരിക്കണം. 4. കഴിവുപോലെ സൽപാത്രത്തിൽ ദാനം ചെയ്യുക. ശരീരവും മനസും അടക്കിവെച്ചുകൊള്ളുക. അന്യരുടെ കാര്യങ്ങളിൽ തന്റെ കാര്യങ്ങളിലെന്നപോലെ ശ്രദ്ധയുണ്ടായിരിക്കുക. ഇപ്രകാരമുള്ളതെല്ലാം സദാചാരമാകുന്നുവെന്നും സദാചാരം സർവ്വപ്രധാനമെന്നും സദാചാരം ആചരിച്ചുകൊണ്ടിരുന്നാൽ ദീർഘായുസ്സ്, ആരോഗ്യം, ഐശ്വര്യം, കീർത്തി ഇവയെയും നിത്യലോകത്തെയും പ്രാ പിക്കും. 5. അതിഭക്ഷണവും അതിഭാഷണവും ഒഴിവാക്കണമെന്നും മുഖം മറയ്ക്കാതെ തുമ്മുകയും ചിരിക്കുകയും കോട്ടുവാ ഇടുകയും ചെയ്യരുത് എന്നും സഹസ്രാബ്ദങ്ങൾക്ക് മുൻപ് വിരചിതമായ അഷ്ടാംഗ ഹൃദയത്തിൽ കർശനമായി നിർദ്ദേശിച്ചിരിക്കുന്നു. ഇവയെല്ലാം ശീലിക്കുവാൻ നാം മറന്നു എന്നു മാത്രമല്ല അർഹിക്കുന്ന ഗൗരവം കൊടുക്കാതിരിക്കുകയും ചെയ്തു.

രോഗപ്രതിരോധത്തിന്റെ ആവശ്യകതയും പ്രാധാന്യവും ഇത്രയേറെ ബോധ്യപ്പെടുവാൻ കൊറോണ വൈറ സിന്റെ വ്യാപനമാണ് നിമിത്തമായത്. മനസ്സുവെച്ചാൽ നല്ല ശതമാനം രോഗങ്ങളെയും പടിക്കു പുറത്തു നിർത്തുവാൻ സാധിക്കുമെന്ന യാഥാർത്ഥ്യം ഇനിയെങ്കിലും നാം തിരിച്ചറിയണം.

IN CHERISHED MEMORY OF

P.M.THOMAS

5th ANNIVERSARY, 30-7-2020

(09-05-1940 – 30-07-2015)



"Sadly missed along life's way.
Quietly remembered every day."

Inserted By:-

Sorrowing family

PERUKATTU HOUSE
THEKKEMALA, KOZHENCHERRY

Ist Death Anniversary
(08-08-2020)



NETTADY ALAPPATTU

"ആചാര്യേശാ മശിഹാ
കൂദാശകളർപ്പിച്ചോ
ഈ ആചാര്യന്നേകുക പുണ്യം
നാഥാ സ്തോത്രം"

Inserted by:-

A.V. Kuruvilla & Family
Malad, Mumabi

REV. FR. A.M. PETER

For Favours Received



ഒരു വിശ്വാസിയും
കുടുംബവും





ഒരു വിശ്വാസി

6–ാം ചരമ വാർഷികം,
13–04–2020



C. GERORGE

(Rtd. Deputy Station
Supdt: Southern Railway)

PAMPALLIL
KUNDARA

3–ാം ചരമ വാർഷികം
(03–09–2020)



PENNAMMA GEORGE

സന്തപ്ത കുടുംബാംഗങ്ങൾ

അനുമോദനങ്ങൾ



കോട്ടയം ബസേലിയോസ് കോളേജ് പ്രിൻസിപ്പൽ ഡോ. ബിജു തോമസ് മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് അംഗമായി നിയമിതനായി. കൊടകര സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിൽ, കുത്താട്ടുകുളം കുളപ്പുറത്തു കുടുംബാംഗം. ഭാര്യ: അഡ്വ. ബിബി ജോൺ. മക്കൾ: സെറ മറിയം ബിജു, തോമസ് യുഹാൻ ബിജു.

കോടതി വിധി നടപ്പായി

അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട മുളരിങ്ങാട് സെന്റ് മേരീസ് പള്ളിയിൽ കോടതി വിധി നടപ്പായി. പള്ളി നിയമാനുസൃത വികാരി ഏറ്റെടുത്തു. ബഹു. കേരളാ ഹൈക്കോടതി ജില്ലാ കളക്ടർക്ക് പള്ളി ജൂലൈ 16ന് മുമ്പ് ഏറ്റെടുക്കാൻ കർശന നിർദ്ദേശം നൽകുകയായിരുന്നു. വികാരി ഫാ. ജിതിൻ ജോർജിന്റെ നേതൃത്വത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങൾ പള്ളിയിൽ പ്രവേശിക്കുകയും ആരാധന നടത്തുകയും ചെയ്തു.

മരണാനന്തര ശുശ്രൂഷകൾ ആദരവോടെ നിർവ്വഹിക്കപ്പെടണം

സഭാ വിശ്വാസികളിൽ ആരെങ്കിലും കോവിഡ് 19 പകർച്ച വ്യാധി മൂലം മരണപ്പെട്ടാൽ അതത് രാജ്യങ്ങളിലെയും സംസ്ഥാനങ്ങളിലെയും സർക്കാർ അധികാരികൾ നൽകുന്ന കോവിഡ് ശവസംസ്കാര പ്രോട്ടോക്കോൾ പ്രകാരം എല്ലാ ബഹുമാനാദരവുകളോടും കൂടെ ശവസംസ്കാര ശുശ്രൂഷകൾ നിർവ്വഹിക്കപ്പെടേണ്ടതാണ്. മരണപ്പെടുന്ന വ്യക്തിയുടെ കുടുംബത്തിന് ആശ്വാസം നൽകുന്ന നിലയിലും സമൂഹത്തിന് ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത വിധത്തിലും സഭയുടെ ആചാര അനുഷ്ഠാനങ്ങൾ പാലിച്ചുകൊണ്ട് ക്രമീകൃതമായി മൃതദേഹം സംസ്കരിക്കണം. മൃതശരീരം സംസ്കരിക്കുന്നതിനുള്ള സ്ഥല പരിമിതിയോ മറ്റ് എന്തെങ്കിലും തടസ്സങ്ങളോ ഉണ്ടെങ്കിൽ മൃതദേഹം ദഹിപ്പിക്കാവുന്നതും ശുശ്രൂഷകൾ പൂർത്തിയാക്കി ഭൗതിക ശേഷിപ്പ് കബറിൽ അടക്കം ചെയ്യാവുന്നതുമാണ്. കോവിഡ് ബാധിച്ച് മരണപ്പെടുന്ന വ്യക്തിയുടെ സമ്പർക്കപ്പട്ടികയിലുള്ളവരും അനാരോഗ്യമുള്ളവരും സംസ്കാര ചടങ്ങുകളിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. കോവിഡ് മൂലം മരിക്കുന്നവരുടെ ശവസംസ്കാരവുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാനരഹിത ഭയവും മനുഷ്യത്വരഹിതമായ പെരുമാറ്റവും സഭാ വിശ്വാസികളിൽ നിന്ന് ഉണ്ടാകരുത്. അതത് പ്രദേശങ്ങളിൽ ആവശ്യമായി വരുന്ന പ്രത്യേക ക്രമീകരണങ്ങൾ ബന്ധപ്പെട്ട ഭദ്രാസന മെത്രാപ്പോലീത്താമാരുടെ അനുമതിയോടെ ഇടവകകൾക്ക് നടപ്പാക്കാവുന്നതാണ്.

പി. പി. മത്തായിയുടെ കുടുംബത്തിന് സഹായ ഹസ്തം

കോന്നിയിൽ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ പി. പി. മത്തായിയുടെ കുടുംബത്തെ കരുതുവാൻ പ. സഭയ്ക്കും പൊതുസമൂഹത്തിനും കടമയുണ്ടെന്ന് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. ആ കുടുംബത്തിന്റെ ദുഃഖത്തിൽ സഭ മുഴുവനും പങ്കുചേരുന്നു. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന ആ കുടുംബത്തിന് ഭവനം നിർമ്മിച്ചു നല്കുവാനും കുട്ടികളുടെ വിദ്യാഭ്യാസത്തിന് സഹായം സ്വരൂപിക്കുവാനും സഭ മുൻകൈ എടുക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. സഹായങ്ങൾ അയയ്ക്കുന്നതിനുള്ള അക്കൗണ്ട് നമ്പറുകൾ :


A/c No : 67209133255, Name : Baselios Marthoma Paulose II
Bank : SBI, Devalokam Branch , IFS Code : SBIN0070820

കുടപ്പനക്കുളം:- സെന്റ് മേരീസ് പള്ളി ഇടവകാംഗം പടിഞ്ഞാറെ ചെരുവിൽ പി.പി. മത്തായിയുടെ ദുരൂഹമരണത്തിൽ സത്യസന്ധമായ അന്വേഷണം ഉണ്ടാകണം. ക്യാമറ കേടു വരുത്തിയെന്നാരോപിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുത്ത മത്തായിയുടെ മൃതദേഹം രാത്രി വീടിനോട് ചേർന്ന കിണറ്റിലാണ് കണ്ടെത്തിയത്. ഇത് അങ്ങേയറ്റം ദുരൂഹമാണ്. വനം വകുപ്പ് ഉദ്യോഗസ്ഥർ മർദ്ദിച്ച് അവശനാക്കി കിണറ്റിൽ തള്ളിയെന്ന നാട്ടുകാരുടെയും വീട്ടുകാരുടെയും ആരോപണത്തിന്റെ സത്യാവസ്ഥ പുറത്ത് വരണം. യഥാർത്ഥ പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായി അവരെ ശിക്ഷിക്കണമെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ആവശ്യപ്പെട്ടു.

ഓർമ്മ




ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 29-ാം ഓർമ്മ (ഓഗസ്റ്റ് 19), മുളക്കുളം കർമ്മേൽകുന്ന് പള്ളി



തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 2-ാം ഓർമ്മ (ഓഗസ്റ്റ് 24), ഓതറ സെന്റ് ജോർജ് ദയറാ



മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 40-ാം ഓർമ്മ (ഓഗസ്റ്റ് 31, പാമ്പാടി മാർ കുറിയാക്കോസ് ദയറാ)



യുയാക്കീം മാർ കുറിലോസ് മെത്രാപ്പോലീത്തായുടെ 146-ാം ഓർമ്മ (സെപ്റ്റം. 2, മുളന്തുരുത്തി പള്ളി)



അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 97-ാം ഓർമ്മ (പഞ്ചിം സെ. മേരീസ് പള്ളി, ഗോവ).

അഞ്ചാം ചരമ വാർഷികം
(05-08-2020)



ജെന്നി തോമസ്

കീടങ്ങിൽ വീട്,
മല്ലശ്ശേരി

വേർപാടിന്റെ വേദനയിൽ
ദുഃഖാർത്തരായ
കുടുംബാംഗങ്ങൾ

34th Death Anniversary,
22-08-2020




P.C. CHACKO
(കുഞ്ഞച്ചൻ)

പാലാക്കുന്നേൽ
എറികാട്,
പുതുപ്പള്ളി

Inserted By:-
Annamma Chacko (Wife)
Jameskutty P. Chacko & Family
Jessymol & Family

12-ാം ഓർമ്മ

13-09-2020



വന്ദ്യ. പി.സി. യോഹന്നാൻ റമ്പാൻ

(വന്ദ്യ പി.സി. യോഹന്നാൻ റമ്പാച്ചന്റെ പന്ത്രണ്ടാം ഓർമ്മ പെരുന്നാൾ സെപ്റ്റംബർ 12, 13 ശനി, ഞായർ തീയതികളിൽ പാമ്പാടി ദയറായിൽ ആചരിക്കുന്നു)


സന്തപ്ത കുടുംബാംഗം

Book of Common Prayer

English Translation of Pampakuda Namaskaram

Translated by

Fr. Dr. Santhosh K. Joshua



സഭയിലെ എല്ലാ വിശ്വാസികൾക്കും ഒരുപോലെ ഉപയോഗിക്കാവുന്ന പാമ്പാക്കുട നമസ്ക്കാരം എന്നറിയപ്പെടുന്ന പ്രാർത്ഥനാക്രമം സുറിയാനിയിൽ നിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് Book of Common Prayer എന്ന പേരിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ എം. ഓ. സി. പ്രസിദ്ധീകരണ വിഭാഗം പ്രസിദ്ധീകരിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു. ഞാലിയാകുഴി മാർ ബസേലിയോസ് ദയറാംഗമായിരിക്കുന്ന വന്ദ്യ. ഡോ. സന്തോഷ് കെ. ജോഷ്വാ അച്ചനാണ് വിവർത്തകൻ. മലങ്കര മല്പ്പാൻ വന്ദ്യനായ കോനാട്ട് മാത്തൻ കോറെപ്പിസ്ക്കോപ്പാ സുറിയാനിയിൽനിന്നു മലയാളത്തിലേക്ക് വിവർത്തനം ചെയ്ത പുസ്തകമാണ് പാമ്പാക്കുട നമസ്ക്കാരം എന്ന പേരിൽ നാം ഉപയോഗിച്ചുവരുന്നത്. എന്നാൽ അത് മലയാളം വശമില്ലാത്ത വിശ്വാസികൾക്ക്, പ്രത്യേകിച്ച് ബാഹ്യകേരളത്തിൽ ജനിച്ച് വളർന്നവർക്ക്, ദുഷ്ക്കരമാണല്ലോ. ബഹു. സന്തോഷ് കെ. ജോഷ്വാ അച്ചന്റെ ഈ ഉദ്യമം ആ കുറവാണ് നികത്തിയിരിക്കുന്നത്. സഭയിലെ കാനോനിക നമസ്ക്കാരങ്ങൾ, പെരുന്നാളുകൾക്ക് ഉപയോഗിക്കാവുന്ന പെങ്കീസാ പ്രാർത്ഥനകൾ, ഏഴ് യാമങ്ങളിൽ ഉപയാഗിക്കാവുന്ന രഹസ്യപ്രാർത്ഥനകൾ, വിവിധ സമയങ്ങ ളിലും സാഹചര്യങ്ങളിലും ഉപയോഗിക്കാവുന്ന പ്രാർത്ഥനകൾ, അനുതാപത്തിന്റെ പ്രാർത്ഥനകൾ, വിശുദ്ധ കുമ്പസാര കൂദാശയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ തുടങ്ങി ഒരു സാധാരണ വിശ്വാസിയുടെ പ്രാർത്ഥനാ ജീവിതത്തിന് ഉപയുക്തമാകുന്ന എല്ലാ കാര്യങ്ങളും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നു. മലയാളം വശമില്ലാത്ത ദൈവമക്കൾ ഈ പ്രാർത്ഥനാ പുസ്തകം തീർച്ചയായും ഉപയോഗിക്കേണ്ടതാണ്. സഭയുടെ എം. ഓ. സി. പബ്ലിക്കേഷൻ സിന്റെ എല്ലാ ബുക്ക്ഷോപ്പുകളിലും ഈ പുസ്തകം ലഭ്യമാണ്. യുവ സന്യാസ വൈദീകനായ സന്തോഷ് കെ. ജോഷ്വാ അച്ചന്റെ ഈ നല്ല പ്രവർത്തി ഏറെ അഭിനന്ദനാർഹമാണ്.

– ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്

■ ഡോ. സഖറിയാസ് മാർ അപ്രേം

ഭക്തിയിൽ പൊതിഞ്ഞൊരു വിഷക്കനി കണ്ടുഞാൻ,
ആത്മികമാണെന്നുള്ളിൽ കരുതി.
കണ്ണിനുകൗതുകം കാഴ്ചയിൽസുന്ദരം
മാംസളംമാധുര്യം ആരുംകൊതിച്ചുപോം!
ഓടിയടുത്തുഞാനക്കനികാണുവാൻ
ആരുമറിയാതെ സ്വന്തമാക്കാൻ!
ഭക്തവേഷം പൂണ്ടസർപ്പമാണക്കനി
എന്നറിഞ്ഞോടി ഞാനേറെദൂരം.

ഭക്തരെകൊണ്ടു ലോകം മുടിയുമോ?
ആശങ്കയോടെ ഞാൻ നോക്കി ചുറ്റും
ഭക്തവേഷംപൂണ്ട സർപ്പങ്ങളേറെയും
തലപൊക്കിയാടുന്നു ചുറ്റുപാടും!
കാളകൂടത്തേ വെല്ലുന്നവിഷം ചീറ്റു
മുഗ്രസർപ്പങ്ങളെ കണ്ടു ഞാനീയാത്രയിൽ!

ഭക്തിയത്രെമാർഗം! ഭക്തരെന്നു ഭാവം!
പുൽമാലികാട്ടുന്ന ഇടയരെന്നു ഭാവം!
കൊന്നുമുടിക്കുന്നു ലക്ഷ്യംനേടുവാൻ!
നക്കിത്തുടയ്ക്കുന്നു നായ്കളെപ്പോലെ
ഇറ്റിറ്റുവീഴുന്ന രക്തത്തുള്ളികൾ!
നീറുന്നകക്കാമ്പിലെ ചുടുരക്തത്തുള്ളികൾ

എന്തൊരൽഭുതം! വീഴ്ത്തുന്നു കണ്ണുനീർ
തോരാതെപെയ്യുന്നവർഷം കണക്കെ!
വാഴ്ത്തുന്നുലോകമീവിഷസർപ്പങ്ങളെ
വിളക്കു കത്തിക്കുന്നു സന്ധ്യകൾതോറും
പാലാട്ടുമന്ധിക്ക് ഭയഭക്തിയോടെ;
നേരില്ലനെറിയില്ല ലോകംഅറിയാതെ
മൂർച്ചകൂട്ടുന്നീപാമ്പുകൾ പല്ലിന്!

എന്നാവോ മോചനം?
ഈ ക്രൂരഭാവത്തിനെന്നാണോ മോചനം?
നീതികേടെന്നറിഞ്ഞിട്ടുവീണ്ടും
ചൂട്ടുകത്തിക്കുന്നുഞാനന്ധനെ പോലെ!
ഈ ദുഷ്ടഭാവത്തിനെന്നാണോ മോചനം?
ആത്മികനെന്നു സ്വയം ഭാവിച്ചുഞാൻ
അയ്യോ വിഷപാമ്പ് ഞാനും നിശ്ചയം.

വിഷപാമ്പ്



2ND ANNIVERSARY OF DEPARTURE IN PEACE



In loving memory of our Dearest Achen

VERY. REV. V.I. MATHEWS COREPISCOPA

(01-09-1931 - 09-09-2018)

FOUNDER CHAIRMAN, FATHER MATHEWS COLLEGE OF NURSING, BANGLORE

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോ
ഈ ആചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം"

Inserted By

Late Mrs. Achamma Mathews
Late Dr. Rajji Mathews
Dr. Renji Isaac Mathews
Dr. Sherly Isaac
Ms. Susan Isaac
Mr. Mathew Isaac
& Valiyaparambil Manikalam Family

THE MALANKARA SABHA,
CATHOLICATE ARAMANA,
KOTTAYAM-686 004

RNI No. 3076/57,
Registered No. KL/KTM/39/2018-20
License No. KL/CR/KTM/WPP-23/2018-20
Licensed to Post Without Pre-Payment

Published on
10 August/2020

We Pay
Respect and Homage to our
Guru

Late Lamented H.G. Thomas Mar Athanasios

Founder President of

THE TRUST OF THE SOCIETY OF ST. BASIL

on his Second Memorial Feast
on 24/08/2020



Trustees, The Trust of the Society of St. Basil, Baroda
Principal, Staff and Students of :

- M.G.M. School, Halol
- St. Paul's English Medium School, Baroda
- St. Paul's Gujarati Medium School, Baroda
- St. Paul's School, Ankleshwar
- Baselios Public School, Baroda

PRINTED & PUBLISHED BY FR.SHALU LUKOSE FOR AND ON BEHALF OF ORTHODOX SATHYA VISWASA PARIPALANA SAMITHY, CATHOLICATE ARAMANA, DEVALOKAM.P.O., VIA MUTTAMBALAM, KOTTAYAM,KERALA-686004 AND PRINTED AT STERLING PRINT HOUSE (P) LTD., DOOR. NO.49/1849, PONEKKARA, CHERANALOOR ROAD, AIMS PONEKKARA. POST, COCHIN, KERALA-682041 AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004.
EDITOR: FR. ZACHARIAH NINAN ALIAS FR.LIJESH C.RAJ.